# കരയോഗ സൗഹൃദം

*സത്യം പരം ധീമഹീ* Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages - 52

വാല്യം - 17 ലക്കം - 01 ധനു - 1200 ജനുവരി - 2025



**എറണാകുളം കരയോഗത്തിന്റെ 99-ാം മത് സ്ഥാപകദിനത്തോടനുബന്ധിച്ച് വിഘ്നേശ്വരക്ഷേത്രത്തിൽ നടത്തിയ വിശേഷാൽ പൂജകളും തുടർന്ന് 2024-ലെ കരയോഗ കുടുംബസംഗമത്തിൽ നടത്തപ്പെട്ട പരിപാടികളും**












**13-12-2024-ൽ എറണാകുളം കരയോഗം ടി.ഡി.എം ഹാളിൽ നടന്ന നാരായണീയ ദിനാഘോഷം ഉത്ഘാടനം**





## എഡിറ്റോറിയൽ...

# ഇന്ത്യൻ ഭരണഘടന @ 75

ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതത്തിന്റെ ഭരണഘടന അംഗീകരിച്ച് നടപ്പിലാക്കിയിട്ട് 75 വർഷം പൂർത്തിയാകുന്ന ഈ വേളയിൽ ഭരണഘടനാശില്പികളെ ഭക്ത്യാദര പൂർവ്വം സ്മരിച്ചുകൊണ്ട് അതേപ്പറ്റി ഒരു വിചന്തനം നടത്തേണ്ടത് ആവശ്യമാണെന്ന് തോന്നുന്നു. എല്ലാ വിഷയങ്ങളിലേയ്ക്കും കടന്നു ചെല്ലാൻ കഴിയുകയില്ലങ്കിലും പ്രസക്തമായ ചിലതെങ്കിലും ചർച്ച ചെയ്യപ്പെടേണ്ടതാണെന്ന് തോന്നുന്നു.

നമ്മുടെ ഭരണഘടനയുടെ തുടക്കം തന്നെ അശോക സ്തംഭത്തിൽ ആലേഖനം ചെയ്തിട്ടുള്ള "സത്യമേവ ജയതേ" (സത്യം മാത്രം ജയിക്കുന്നു) എന്ന ചിത്രത്തോടെയാണ്. മഹത്തായ നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ തന്നെ അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്.

നമ്മൾ, ഇന്ത്യയിലെ ജനങ്ങൾ, ഇന്ത്യയെ ഒരു പരമാധികാര, സ്ഥിതിസമത്വ, മതനിരപേക്ഷ, ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുന്നതിനും ഇന്ത്യയിലെ എല്ലാ പൗരന്മാർക്കും സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതി, ചിന്ത, ആശയാവിഷ്കാരം, വിശ്വാസം, ഭക്തി, ആരാധന എന്നി കാര്യങ്ങളിലുള്ള സ്വാതന്ത്ര്യം , സ്ഥാനമാനങ്ങൾ, അവസരങ്ങൾ എന്നിവയിലുള്ള സമത്വം എന്നിവ ഉറപ്പ് വരുത്തുന്നതിനും ഓരോ വ്യക്തിയുടെയും അന്തസ്സും, രാഷ്ട്രത്തിന്റെ ഐക്യവും, അഖണ്ഡതയും ഉറപ്പു വരുത്തുന്ന സഹോദര്യഭാവം എല്ലാവരിലും വളർത്തുന്നതിനും ദൃഢനിശ്ചയം ചെയ്തുകൊണ്ട് നമ്മുടെ ഭരണഘടനാസഭയിൽവെച്ച് 1949 നവംബർ 26-ാം തിയതി ഈ ഭരണഘടനയെ അംഗീകരിക്കുകയും നിയമമാക്കുകയും നമുക്കായിത്തന്നെ സമർപ്പിക്കുകയും ചെയ്യുന്നു. ഇതാണ് ആ ആമുഖം. എത്ര മഹത്തായ, ശക്തമായ, ഐശ്വര്യസംപുഷ്ടമായ ഒരു രാജ്യം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോ

വാല്യം 17 ✤ ലക്കം – 1 ✤ ജനുവരി – 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 3 |
| സെക്രട്ടറിയുടെ പംക്തി | 5 |
| ബാലലോകം | 8 |
| വാസ്തു ശാസ്ത്രം | 9 |
| ക്ഷേത്രങ്ങളിലൂടെ | 11 |
| സുഭാഷിതം | 14 |
| പത്ര പ്രവർത്തനം | 15 |
| പഞ്ചസാരയുടെ കയ്പ് | 16 |
| കേരളത്തിന്റെ ശാക്തേയ പാരമ്പര്യം-9 | 19 |
| യാത്രാ വിവരണം | 22 |
| ജീവിതം സാക്ഷി | 24 |
| ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്.... | 27 |
| ചതുരംഗ വീഥി | 30 |
| ഗീതേ, അമൃതവർഷിണി | 34 |
| പശ്ചിഘട്ട മലനിരകളും വയനാട് ദുരന്തവും | 36 |
| ദൃക്ക് ദൃശ്യ വിവേകം | 40 |
| സരോജിനി ദേവി | 44 |
| മാസഫലം | 48 |
| മാട്രിമോണിയൽ. | 49 |



## പത്രാധിപസമിതി

**ആലപ്പാട്ട് മുരളീധരൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

ടെയാണ് നമ്മുടെ ഭരണഘടന തയ്യാറാക്കിയത് എന്നത് അതിന്റെ ആമുഖത്തിൽനിന്നു തന്നെ നമുക്ക് മനസ്സിലാക്കുവാൻ കഴിയും. അന്ന് ലോകത്ത് നിലവിലുണ്ടായിരുന്ന അനേകം രാജ്യങ്ങളിലെ ഭരണഘടനകൾ പരിശോധിച്ച് അവയിൽനിന്ന് നല്ലതായി തോന്നിയിട്ടുള്ളവയെടുത്ത് കൂട്ടിച്ചേർത്താണ് നമ്മുടെ ഭരണഘടന നിർമ്മിക്കപ്പെട്ടത്. അതുകൊണ്ടുതന്നെയാണ് അത് ഏറെ സവിശേഷതകൾ ഉള്ളതായി മാറിയതും. ഭാരതത്തിന്റെ ഭരണഘടന നിർമ്മാണസഭയുടെ ആദ്യയോഗം നടന്നത് 1946 ഡിസംബർ 9–ാം തീയതി ഡോ. സച്ചിതാനന്ദ സിൻഹയുടെ അദ്ധ്യക്ഷതയിലായിരുന്നു. ഡോ. രാജേന്ദ്രപ്രസാദ്, സർദാർ വല്ലഭായി പട്ടേൽ, മാവ്ളങ്കർ, ജവഹർലാൽ നെഹ്റു, ജെ. ബി. കൃപാലിനി, അബ്ദുൾ കലാം ആസാദ്, സി. രാജഗോപാലാചാരി, ശ്യാമ പ്രസാദ് മുഖർജി, ഡോ. എസ്. രാധാകൃഷ്ണൻ, സി. സുബ്രഹ്മണ്യം, ജോൺ മത്തായി, ഷെയ്ക് മുഹമ്മദ് മുൻഷി, കെ. എം. മുൻഷി തുടങ്ങി ഒട്ടേറെ പ്രമുഖരടങ്ങിയ 389 അംഗങ്ങൾ ചേർന്നതായിരുന്നു ഈ സഭ. വിഭജനത്തിനു ശേഷം 299 അംഗങ്ങൾ ആയിരുന്നു ഈ സഭയിലുണ്ടായിരുന്നത്. പട്ടം എ. താണു പിള്ള, ആനി മസ്ക്രീൻ, ആർ. ശങ്കർ, പി. എസ്. നടരാജ പിള്ള, കെ. എ. മുഹമ്മദ്, പി. ടി. ചാക്കോ, പനമ്പള്ളി കെ. മാധവമേനോൻ, പി. കുഞ്ഞി രാമൻ, കെ. ടി. എം. അഹമ്മദ് ഇബ്രാഹിം, ബി. പോ ക്കർ, എം. കെ. മേനോൻ, അബ്ദുൽ സത്താർ ഹാജി, മുഹമ്മദ് ഇസ്മായിൽ സാഹിബ്, ഡോ. ജോൺ മത്തായി, അമ്മു സ്വാമിനാഥൻ, ദാക്ഷായണി വേലായുധൻ എന്നി മലയാളികളും ഈ സഭയിൽ അംഗങ്ങളായിരുന്നു. ഈ സഭ 2 വർഷവും, 11 മാസവും, 18 ദിവസവും എടുത്താണ് നമ്മുടെ ഭരണഘടന രൂപീകരിച്ചത്. 165 ദിവസത്തെ ചർച്ചകൾക്കു ശേഷം 1949 നവംബർ മാസം 26–ാം തിയതി ഭരണഘടനയെ സഭ അംഗീകരിക്കുകയും 1950 ജനുവരി 26–ന് അത് നിലവിൽ വരികയും ചെയ്തു. അങ്ങനെ നമ്മുടെ ഭരണഘടന ഇപ്പോൾ 75 വർഷം പൂർത്തിയാക്കുകയാണ് അതായത് നാം അമൃത കാലത്തിലേക്ക് കടക്കുകയാണ്. ഭരണഘടന ഔപചാരികമായി അംഗീകരിക്കപ്പെട്ട നവംബർ 26–ന് ദേശീയ നിയമദിനമായി അംഗീകരിക്കുമ്പോൾ അത് നടപ്പാക്കിയ ജനുവരി 26 റിപ്പബ്ലിക്ക് ദിനമായും ആചരിക്കപ്പെടുന്നു. സുഗമമായ ഭരണസംവിധാനം ഉറപ്പ് വരുത്തുന്നതിന് വേണ്ടി നിയമ നിർമ്മാണം, സ്വതന്ത്ര ജുഡീഷ്യറി, കാര്യനിർവഹണത്തിനായുള്ള എക്സിക്യൂട്ടീവ് എന്നിങ്ങനെ മൂന്ന് ഭാഗങ്ങളാക്കി ഭരണ സംവിധാനത്തെ നിലനിർത്തിയിരിക്കുന്നത് സ്വതന്ത്ര ജനാധിപത്യ ഭരണം നിലനിൽക്കുവാൻ ഏറെ പ്രയോജനപ്രദമായിട്ടുണ്ട്. എന്നിരുന്നാലും ഭരണഘടനയിലെ കൂട്ടിച്ചേർക്കലുകൾ എല്ലാം നാടിന്റെ നന്മയ്ക്കുവേണ്ടിയായിട്ടാണോ എന്ന് ചോദിച്ചാൽ ചിലതൊക്കെ അല്ല എന്നുതന്നെ പറയേണ്ടിവരും, ആരാധനാ സ്വാതന്ത്ര്യവും, മത സ്വാതന്ത്ര്യവും എല്ലാവർക്കും തുല്യമാണോ? അതുപോലെ സ്വാർത്ഥലാഭത്തിനുവേണ്ടി 1976–ൽ കൊണ്ടുവന്ന അടിയന്തിരാവസ്ഥ, 1954–ൽ 370–ാം വകുപ്പുണ്ടാക്കി കാശ്മീരിന് പ്രത്യേക പദവി നൽകിയത്, ഭരണഘടന നിലവിലുള്ളപ്പോൾ, പല മുസ്ലിം മത രാഷ്ട്രങ്ങളിൽ പോലും ഇല്ലാത്ത വഖഫ് നിയമം–1954, ഇവിടെ നടപ്പാക്കിയതും 1976–ലും, 1995–ലും, 2013–ലും അതിനെ കൂടുതൽ ബലപ്പെടുത്തി സാധാരണ ജനങ്ങൾക്ക് ദ്രോഹമുണ്ടാക്കിയതും ഒക്കെ ഓർക്കേണ്ടതല്ലേ? അതുപോലെ തന്നെ തുല്യത വാഗ്ദാനം ചെയ്യുന്ന ഭരണഘടന നിലവിലുള്ള നമ്മുടെ രാജ്യത്ത് എന്തുകൊണ്ട് ഇതുവരെയും കോമൺ സിവിൽകോഡ് നടപ്പാക്കിയില്ല എന്നുള്ളത് ചിന്തനീയമല്ലേ?

അതുപോലെ വിദ്യാഭ്യാസത്തിനും ജോലിക്കും ജാതി അടിസ്ഥാനത്തിലുള്ള സംവരണം. ഭരണഘടനാ ശിൽപികൾ 10 വർഷത്തേക്ക് നടപ്പാക്കാൻ നിർദ്ദേശിച്ച ഈ സംവിധാനം ഇപ്പോൾ 75 വർഷങ്ങളായിട്ടും വീണ്ടും നീട്ടികൊണ്ടു പോവുകയാണ്. 10 വർഷം കൊണ്ട് ഫലപ്രദമാകേണ്ട ഒരു സംവിധാനം 75 വർഷമായിട്ടും ഫലപ്രദമായിട്ടില്ലെങ്കിൽ അത് ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല എന്നുള്ളത് വ്യക്തമാണ്. കഴിവും മികവുമുള്ളവരെ മാറ്റിനിർത്തിക്കൊണ്ട് ജാതിയുടെ പേരിൽ നടത്തുന്ന ഈ തരം തിരിവ് ഇനി എത്രകാലം തുടരണം– ഈ സംവിധാനമല്ലേ ഇന്ന് ജനങ്ങളെ തമ്മിൽ വേർതിരിക്കുവാൻ ഏറ്റവും കൂടുതൽ കാരണമായിട്ടുള്ളത്. അതുകൊണ്ട് നിയമ നിർമ്മാതാക്കളോട് അഭ്യർത്ഥിക്കുവാനുള്ളത് സംവരണം എന്ന സംവിധാനം തുടരണമെന്നുണ്ടെങ്കിൽ അത് സാമ്പത്തിക അധമത്വം നോക്കിവേണം നൽകാൻ. അപ്പോൾ എല്ലാ ജാതിമതവിഭാഗങ്ങളിലുംപ്പെട്ട പാവപ്പെട്ടവർക്ക് പ്രയോജനമുണ്ടാകും– അതാണ് രാഷ്ട്ര പുരോഗതിക്കുത്തമവും.

**എല്ലാവർക്കും പുതുവത്സര ആശംസകൾ., ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

*പ്രിയ കരയോഗാംഗങ്ങളെ,*

**2025 നവവത്സര ആശംസകൾ.**

എറണാകുളം കരയോഗം നൂറിന്റെ നിറവിൽ ആണ്. കഴിഞ്ഞ ഡിസംബർ 25-ന് സ്ഥാപകദിനാചരണവും കരയോഗ കുടുംബ സംഗമവും വിപുലമായി ആഘോഷിച്ചു. അംഗങ്ങളുടെ സാന്നിദ്ധ്യം കൊണ്ടും അതിലുപരി അംഗങ്ങളും അവരുടെ കുടുംബാഗങ്ങളും പങ്കെടുത്ത കലാപരിപാടികൾ കൊണ്ടും വളരെ ശ്രദ്ധേയമായിരുന്നു ആ ദിനം. പങ്കെടുത്ത എല്ലാ മാന്യ അംഗങ്ങളോടുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

അതിലുപരിയായി എറണാകുളം കരയോഗത്തിന്റെ ശതാബ്ദിക്ക് തുടക്കം കുറിച്ചു. ജനറൽ സെക്രട്ടറി എന്ന നിലയിൽ ശതാബ്ദി ആഘോഷ കമ്മറ്റിയുടെ ഔദ്യോഗികമായ പ്രഖ്യാപനം നടത്തുകയും ഉണ്ടായി. ബഹു. സുപ്രീം കോടതി ജഡ്ജും, എറണാകുളം കരയോഗം അംഗവുമായ ശ്രീമാൻ കെ.സ്. രാധാകൃഷ്ണൻ അവറുകളാണ് ആഘോഷ കമ്മറ്റിയുടെ ചെയർമാൻ. 201 പേർ അടങ്ങുന്ന ആഘോഷകമ്മറ്റിയുടെ പ്രഖ്യാപനം തദവസരത്തിൽ നടത്തുകയും ചെയ്തു. സമൂഹത്തിലെ വിവിധ തുറകളിലേയും, വിവിധ സമുദായ പ്രതിനിധികളെയും, ജാതിമത കക്ഷിരാഷ്ട്രീയ ഭേദമന്യേ ഈ കമ്മറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തിക്കൊണ്ട് "സമഅടുപ്പത്തോടെ - സേവനം ജീവിത സാഫല്യം" എന്ന ആപ്തവാക്യം ഉയർത്തിപിടിച്ചുകൊണ്ട് നമുക്ക് മുന്നോട്ടു പോകാം. ഇനിയും വളരെ അധികദൂരം സഞ്ചരിക്കുവാൻ ഉണ്ട് എന്ന യാഥാർത്ഥ്യം വിസ്മരിക്കാതെ വളരെ ഉണർവോടെയും ഊർജ്ജസ്വലതയോടും ഒത്തൊരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. എന്ന് മാത്രം ഇവിടെ സൂചിപ്പിക്കുന്നു.

ശതാബ്ദി ആഘോഷം ഒരു വർഷം നീണ്ടു നിൽക്കുന്ന പരിപാടികളോടെയാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 2025 ഏപ്രിൽ മുതൽ ഡിസംബർ വരെ എല്ലാ മാസവും 3 ദിവസം വീതം വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു. സാഹിത്യോത്സവം, സംഗീതോത്സവം, നാടകോത്സവം, നൃത്തോത്സവം, കഥകളി ഉത്സവം, നാടൻ കലോത്സവം, ക്ഷേത്രകലോത്സവം, കർക്കിടക മാസത്തിൽ ഒരു മാസം നീണ്ടു നിൽക്കുന്ന ജ്ഞാനയജ്ഞ പ്രഭാഷണ പരമ്പര, എന്നിവ ഉൾപ്പെടെ 65 ദിവസങ്ങളിലായി നീണ്ടു നിൽക്കുന്ന കലാപരിപാടികളാണ് ശതാബ്ദിയുടെ ഭാഗമായി നടത്തുവാൻ ആസുത്രണം ചെയ്തിരിക്കുന്നത്. എല്ലാ അംഗങ്ങളും അവരവരുടെ ഉത്തരവാദിത്തങ്ങൾ പൂർണ്ണമായി നിറവേറ്റി എറണാകുളം കരയോഗത്തിന്റെ ശതാബ്ദി പൂർണ്ണ വിജയമാക്കുവാൻ ഭരണസമതിയൊടൊപ്പം ആത്മാർത്ഥമായി പ്രവർത്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശതാബ്ദിയുടെ വിജയം നിങ്ങളുടെ സഹകരണത്തിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നും ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

ശതാബ്ദി സ്മാരക പദ്ധതികൾ മുൻ ലക്കങ്ങളിൽ സൂചിപ്പിച്ചിട്ടുള്ളതു പോലെ ദ്രുതഗതിയിൽ മുന്നോട്ടു പോകുകയാണ്. നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സ്വാഗതം ചെയ്യുന്നു.

എറണാകുളം കരയോഗം **ഹെറിറ്റേജ് ഗ്രൂപ്പിന്റെ** പ്രതിമാസ പരിപാടി, കേരള കൊങ്കണി സമുദായത്തിന്റെ പാരമ്പര്യത്തെക്കുറിച്ച് **ആർ.എസ്. ഭാസ്കറിന്റെ പ്രഭാഷണം** 2025 ജനുവരി 18-ാം തീയതി ശനിയാഴ്ച വൈകുന്നേരം 4.00 മുതൽ 6.00 മണി വരെ ടി.ഡി.എം. ഹാളിൽ ഉണ്ടായിരിക്കും.

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ, **തിരുവാതിര** ആഘോഷത്തോടനുബ

ഡിച്ച് **മകയിരം നോയമ്പ്**, 2025 ജനുവരി മാസം 11-ാം തീയതി ശനിയാഴ്ച (ധനു -27) മകയിരം നാളിൽ മുൻവർഷത്തെപ്പോലെ വിപുലമായ രീതിയിൽ ടി.ഡി.എം. ഹാളിൽ വൈകുന്നേരം 7.00 മണി മുതൽ ആചരിക്കുന്നു

ജനുവരി 19-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്ക് എറണാകുളം കരയോഗം **സാംസ്ക്കാരിക വേദി**യുടെ ആഭിമുഖ്യത്തിൽ 'അകായിലെ സംഗീതം' പരിപാടിയിൽ **എസ്.പി. ബാലസുബ്രമണ്യത്തിന്റെ** പാട്ടുകൾ ടി.ഡി.എം. ഹാളിൽ നടത്തുന്നു.

**എറണാകുളം കരയോഗവും ബീമും സംയുക്തമായി** സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടി, ജനുവരി 28-ന് ചൊവ്വാഴ്ച വൈകുന്നേരം 6.30-ന് പ്രശസ്ത നാടകകൃത്ത് **കാവാലം നാരായണ പണിക്കരുടെ "കലി" എന്ന നാടകം** ഉണ്ടായിരിക്കുന്നതാണ്.

**എറണാകുളം കരയോഗം** സാഹിതീയോഗം പരിപാടി, **ദി മങ്ക് ആസ്മാൻ** സ്വാമി വിവേകാനന്ദനെ കുറിച്ച് ശങ്കർ എഴുതിയ കൃതിയുടെ ചർച്ച **അവതരണം: രവി കുറ്റിക്കാട്,** ജനുവരി 26 ഞായർ വൈകുന്നേരം 3.30 ന് ടി.ഡി.എം. ഹാളിൽ

കൂടുതൽ സജീവമായ പ്രവർത്തനങ്ങളും ഇടപെടലുകളും നിങ്ങളിൽ നിന്ന് ഉണ്ടാകണമെന്നും കരയോഗത്തിന്റെ പരിപാടികളിൽ നിങ്ങളുടെ സഹകരണവും സാന്നിദ്ധ്യവും ഉറപ്പാക്കണമെന്നും അഭ്യർത്ഥിക്കുന്നു.

**ജനറൽ സെക്രട്ടറി**

**എറണാകുളം കരയോഗം**
**ടി.ഡി.എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2025 ജനുവരി 10 മുതൽ ഫെബ്രുവരി 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 13-01-2025<br>10-02-2025 | തിങ്കൾ | വിമൻസ് ഫോറം | 3.00 p.m - 5.00 p.m. |
| 2. | 15-01-2025<br>22-01-2025<br>29-01-2025<br>05-02-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല.പി.പി | 3.00 p.m - 4.30 p.m. |
| 3. | 16-01-2025<br>23-01-2025<br>30-01-2025<br>06-02-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 p.m. - 6.00 p.m. |
| 4. | 18-01-2025 | ശനി | എറണാകുളം കരയോഗം ഹെറിറ്റേജ് ഗ്രൂപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന കേരള കൊങ്കണി സമുദായത്തിന്റെ പാരമ്പര്യത്തെക്കുറിച്ച് **ആർ.എസ്. ഭാസ്കറിന്റെ പ്രഭാഷണം** | 4.00 p.m. - 6.00 p.m. |
| 5. | 19-01-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി **അകായിലെ സംഗീതം** എസ്.പി ബാലസുബ്രഹ്മണ്യത്തിന്റെ പാട്ടുകൾ (Solos and duets) | 4.00 p.m |
| 6. | 26-01-2025 | ഞായർ | സാഹിതീ യോഗം പരിപാടി: **ദി മങ്ക് ആസ് മാൻ** സ്വാമി വിവേകാനന്ദനെ കുറിച്ച് ശങ്കർ എഴുതിയ കൃതിയുടെ ചർച്ച , **അവതരണം: രവി കുറ്റിക്കാട്** | 3.30 p.m |
| 7. | 28-01-2025 | ചൊവ്വ | ബീം - നാടകം - പ്രശസ്ത നാടകകൃത്ത് പരേതനായ കാവാലം നാരായണപ്പണിക്കരുടെ **'KALI' (കലി)** | 6.30 p.m. |

ERNAKULAM KARAYOGAM CENTENARY 1925-2025

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നില നിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്ക് (അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ) 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നല്കി അംഗത്വം നല്കുവാൻ തീരുമാനം എടുത്തിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✷ ✷ ✷

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

### കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടേയോ ജോയിൻ ചെയ്യാവുന്നതുമാണ്.

☞ **8281588833**

OPEN THIS LINK TO JOIN MY WHATSAPP GROUP:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

ജനറൽ സെക്രട്ടറി
എറണാകുളം കരയോഗം



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## മൂന്ന് കഥകൾ

പ്രിയപ്പെട്ട കൂട്ടുകാരേ,

പുതുവർഷം വരവായി. ഓർത്തുവെയ്ക്കാൻ ചിലതാണ് ഈ ലക്കം, ബാലലോകം പങ്കുവെയ്ക്കുന്നത്.

റപ്പായിയും റാഫേലും അയൽക്കാരായിരുന്നു. ഒരാൾ കൊതിയനും, മറ്റെയാൾ കുശുമ്പനും ആയിരുന്നു. രണ്ടുപേർക്കും ദൈവത്തോട് പ്രാർത്ഥിച്ച് വരം വാങ്ങാനൊരാഗ്രഹം.

രണ്ടുപേരും മുട്ടിപ്പായി പ്രാർത്ഥിച്ചു. ദൈവം അവർക്ക് മുന്നിലെത്തി.

'എന്തെ രണ്ടുപേരും ചേർന്നൊരു പ്രാർത്ഥന?'– ദൈവം ചോദിച്ചു.

'ദൈവമേ, ഞങ്ങൾക്ക് വരം വേണം.'

'വരമോ? എന്ത് വരം? ചോദിച്ചോളൂ. പക്ഷേ ഒരു കാര്യം; ഒരാൾ ചോദിക്കുന്നതിന്റെ ഇരട്ടി മറ്റേയാൾക്ക് ലഭിക്കും.' രണ്ടുപേരും സമ്മതിച്ചു.

കൊതിയൻ ചോദിച്ചു –

'നിറയെ ധനമുള്ള ഒരു വസതി വേണം എനിക്ക്.'

ദൈവം അത് അനുവദിച്ചു. അയൽക്കാരന് നിറയെ ധനമുള്ള രണ്ടു വസതികൾ കിട്ടി.

കൊതിയന്റെ ആഹ്ലാദം അതോടെ നഷ്ടമായി.

വരം ചോദിക്കാൻ ദൈവം കുശുമ്പനോട് പറഞ്ഞു.

'തന്റെ ഒരു കണ്ണ് പൊട്ടിപോകണമെന്നായിരുന്നു അയാൾ ചോദിച്ചത്.'

ഇതിന്റെ ഉദ്ദേശ്യം മനസ്സിലായികാണുമല്ലൊ, കൊച്ചു കൂട്ടുകാർക്ക്.?

പ്രാർത്ഥിക്കുന്നതിൽ നമ്മളിൽ പലരും ഇങ്ങനെയല്ലേ? ആലോചിച്ചുനോക്കൂ.

മകൻ ഓരോ കളവുചെയ്യുമ്പോഴും അമ്മ മകനെ പ്രോൽസാഹിപ്പിച്ചുകൊണ്ടിരുന്നു.

'ഇന്ന് ഇത്രയും എന്റെ മകൻ കൊണ്ടുവന്നോ? എവിടുന്നാ ഈ സ്വർണ്ണവും പണവുമൊക്കെ..?'

'ഒരു ധനികന്റെ വീടായിരുന്നു ഇന്നത്തെ ലക്ഷ്യം. വീട്ടുകാർ സ്വരൂപിച്ചുവെച്ചതത്രയും ഞാനടിച്ചുമാറ്റി.'

കുറ്റകൃത്യങ്ങളിൽനിന്ന് മകനെ പിൻതിരിപ്പിക്കാതെ, അവൻ ചെയ്യുന്നതെല്ലാം നല്ലതെന്ന് അമ്മ അവനെ പ്രോത്സാഹിപ്പിച്ചു.

സാഹസികമായ പല കുറ്റകൃത്യങ്ങളിലേക്കും വളർന്ന അവൻ, അധികം വൈകാതെ പോലീസിന്റെ പിടിയിലായി.

കുറ്റം കഠിനമായതിനാൽ അവന് വധശിക്ഷ തന്നെ ലഭിച്ചു. ശിക്ഷ നടപ്പാക്കും മുൻപ് അവൻ തന്റെയൊരാഗ്രഹം അധികാരികളെ അറിയിച്ചു.

'എനിക്ക് എന്റെ അമ്മയെ ഒന്നുകാണണം.'

അമ്മ വന്നു.

'അമ്മയുടെ ചെവിയിൽ ഒരുസ്വകര്യം പറയാനുണ്ടെനിക്ക്.' – അവൻ പറഞ്ഞു.


അമ്മ അടുത്തുചെന്നു. ചെവി അവനോടടുപ്പിച്ചു. അമ്മയുടെ ചെവി ആ മകൻ കടിച്ചുപറിച്ചു. കണ്ടുനിന്നവർ ഞെട്ടിപ്പോയി.

'ഇത്ര ക്രൂരനോ ഇവൻ?'

ബഹുമാനപ്പെട്ട കോടതിയുടെ മുന്നിൽ മകൻ വികാരാധീനനായി പറഞ്ഞു.

'കുഞ്ഞുന്നാൾ മുതൽ ഞാൻ ചെയ്തുവന്ന കുറ്റകൃത്യങ്ങൾ അമ്മ പ്രോൽസാഹിപ്പിക്കുകയായിരുന്നു. ഞാൻ ചെയ്യുന്നത് തെറ്റാണെന്നു പറഞ്ഞ്

( ശേഷം 10-ാം പേജിൽ)




# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദ്ഗദ്ധൻ – 9447032434

കഴിഞ്ഞ ആഴ്ച പോയ ഒരു വീട്ടിൽ അവരുടെ പ്രശ്നം വീട്ടിൽ നല്ല വരവുണ്ടെങ്കിലും എന്നും അനാവശ്യചെലവുകൾ വരുന്നു. ആർക്കും മനഃസമാധാനമില്ല. വീട് പരിശോധിച്ചപ്പോൾ അടുക്കള കിഴക്കു തെക്കാണ്. കിഴക്കോട്ട് നല്ല ജനലുള്ളതുകൊണ്ട് യാതൊരു തടസ്സവുമില്ലാതെ ഉദയം അടുക്കളയിലേക്ക് വരുന്നു. Stove, Sink, Miry, Oven എല്ലാം തന്നെ ശരിയായ സ്ഥാനത്താണ് ഇരിക്കുന്നത്. വീടിന്റെ ഹൃദയമായ അടുക്കളക്ക് യാതൊരു കുഴപ്പവും കാണാനില്ല. കിടപ്പുമുറികൾ പരിശോധിച്ചപ്പോൾ പടിഞ്ഞാറു ഭാഗത്ത് തെക്കും, വടക്കും ആയി താഴെയും, മുകളിലും രണ്ടു മുറികൾ വീതമുണ്ട്. പടിഞ്ഞാറ് തെക്കുള്ള Bed Room - ന് തെക്കോട്ടും, പടിഞ്ഞാറോട്ടും ജനലുണ്ട്. പടിഞ്ഞാറ് വടക്കുള്ള കിടപ്പുമുറിക്ക് പടിഞ്ഞാറും, വടക്കും ജനലുകളുണ്ട്. എല്ലാ കിടപ്പുമുറികളിൽക്കൂടിയും തെക്കുപടിഞ്ഞാറൻ കാറ്റ് കടന്നു പോകുന്നുണ്ട്. പോക്കുവെയിൽ (Evening Sun) എല്ലാ Bed Room - ലും കിട്ടുന്നുണ്ട്. മുകളിലേക്കുള്ള Stair Case തുടങ്ങുന്നത് കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ്. അതും നല്ലതാണ്.

വീടിന്റെ മുഖം വടക്കോട്ടാണ്. ഗേറ്റ് വടക്കു പടിഞ്ഞാറും. വീട് നിൽക്കുന്ന പറമ്പിനെക്കാൾ വടക്കുവശത്തെ റോഡ് താഴ്ന്നിരിക്കുന്നു. വീടിനു ചുറ്റുമുള്ള ഒഴിഞ്ഞ സ്ഥലം തെക്കും, പടിഞ്ഞാറുമാണ് കൂടുതലുള്ളത്. പറമ്പ് തെക്കോട്ടു പോകുന്തോറും താഴത്തേക്ക് താഴ്ന്നാണ് പോകുന്നത്. കിണറ് വീടിന്റെ തെക്കു പടിഞ്ഞാറാണ്. വീടിന്റെ കിഴക്കുവശത്തെ മുറി തെക്കോട്ട് തള്ളി നിൽക്കുന്നു. വീടിന്റെ തറ ഉയരം ഭൂനിരപ്പിൽ നിന്നും വടക്കുവശം 30 cm - ഉം, തെക്കുവശം 60 cm - ഉം ആണ്. വടക്കും, തെക്കും ഒരേ ഉയരം ആക്കുന്നതിന് വേണ്ടി വടക്കുനിന്നും മണ്ണ് തെക്കോട്ട് മാറ്റുകയോ, തെക്കുവശം മണ്ണിട്ട് പോക്കുകയൊ ചെയ്ത് ഒരേ ഉയരമാക്കണം. വീടിനും കിണറിനുമിടക്ക് ചെറിയ മതിൽ കെട്ടി (C to D) മുറ്റം തിരിക്കണം. തെക്കുവശം താഴ്ന്ന് കിടക്കുന്നതുകൊണ്ട് കിണറിനു തെക്കുവശം കുട്ടി മതിൽ കെട്ടി (A to B) അവിടെ മണ്ണിട്ട് പൊക്കണം. ഈ രണ്ടു കെട്ടിനും ഇടയിലുള്ള സ്ഥലമാണ് തെക്കേ പറമ്പ്. വീടിന്റെ തെക്കുവശത്തുള്ള പറമ്പ് ഒരിക്കലും താഴ്ന്ന് കിടക്കരുത്. ഉയർന്നു തന്നെ ഇരിക്കണം. വീടിന്റെ കിഴക്കുള്ളതിനെക്കാൾ കൂടുതൽ പടിഞ്ഞാറെ മുറ്റമുള്ളതുകൊണ്ട് വീടിന്റെ തെക്കു പടിഞ്ഞാറ് വീടിന്റെ മദ്ധ്യം വരെ വീടിനു സമാന്തരമായി Boundary ഇടണം (E to F) എവിടെയായാലും വാസ്തു നോക്കി വീട് പണിഞ്ഞതുകൊണ്ട് യാതൊരു ഗുണവും കിട്ടുകയില്ല. പറമ്പിനും ആദ്യം വാസ്തു ദോഷം മാറ്റണം. ഓരോ മുറിക്കും വാസ്തു നോക്കണം.



(8-ാം പേജിന്റെ തുടർച്ച...)

എന്നെ ഗുണദോഷിച്ച് നന്നാക്കാൻ ശ്രമിക്കാതെ എന്റെ അമ്മ എന്നെ വലിയൊരു കള്ളനും, കുറ്റവാളിയുമാക്കി. എന്റെ അമ്മയ്ക്കുള്ള ശിക്ഷയാണ് ഞാൻ കൊടുത്തത്.'

കേട്ടുനിന്നവർ അവന്റെ അഭിപ്രായം ശരിവെച്ചു.

ഉയരത്തിൽ വട്ടമിട്ടു പറക്കുകയായിരുന്നു പരുന്ത് പെട്ടെന്ന് ഒരസ്ത്രം എവിടെനിന്നോ വന്നു അതിന്റെമേൽ തറച്ചു. വേദനയോടെ, പിടഞ്ഞുകൊണ്ട് രക്തം വാർന്ന് അസ്ത്രത്തോടുകൂടി അത് നിലംപതിച്ചു.

നിലത്തുവന്നുവീണ പരുന്ത് അസ്ത്രത്തിലേക്ക് ഒന്ന് നോക്കി. അസ്ത്രത്തിന്റെ വേഗത കൂട്ടാൻവച്ചിരുന്ന തൂവൽ തന്റെ തന്നെ വർഗ്ഗത്തിൽപ്പെട്ട പക്ഷിയുടേതാണെന്നു കണ്ട അത് നിലവിളിച്ചുപോയി.

– 'ഹാ, കഷ്ടം!'

നിങ്ങൾ വായിച്ച മുന്ന് കഥകളും കൂട്ടുകാർക്ക് ചിന്തിക്കാനും വിലയിരുത്താനും വേണ്ടിയുള്ളതാണ്. മകനെ കുറ്റവാളിയാക്കിയ കഥ അമ്മമാരും ശ്രദ്ധിക്കണം എന്നൊരപേക്ഷയുണ്ട്. ചെയ്യരുതാത്തത് ചെയ്യരുതെന്ന് വിലക്കേണ്ടത് പ്രധാനമാണ്. മുന്ന് കഥകളുടെയും സാരം അത്ര അപ്രധാനമല്ല. മക്കൾ ഉൾക്കൊള്ളേണ്ടതുതന്നെയാണ്.

പുതുവർഷത്തിനെ സഹർഷം സ്വാഗതമരുളിക്കൊണ്ടും, ഏവർക്കും നവവത്സരാശംസകൾ നേർന്നുകൊണ്ടും നിറുത്തട്ടെ. 'പുതുവർഷം നിങ്ങളിൽ നന്മയും മേന്മയും വർഷിക്കട്ടെ.' ■

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2024 ഡിസംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | ശാരദ ജഗദിഷ്, ശരണ്യ, ചിറ്റൂർ റോഡ്, കൊച്ചി | 1,00,000 |
| 2 | സുജാത നായർ, മുല്ലോത്ത്, 3- C, Skyline Legacy Apts, കൊച്ചി | 15,000 |
| 3 | രഘുനന്ദനൻ, KRWA 57, PPN നഗർ, കൊച്ചി | 6019 |
| 4 | ഉണ്ണികൃഷ്ണൻ സി, ലക്ഷ്മി, 39/4911 A, കരിമ്പറ്റ റോഡ്, കൊച്ചി | 5000 |
| 5 | സതി രാജശേഖർ , 2-B, Grandiose, രവിപുരം, കൊച്ചി | 5000 |
| **എൻഡോവ്മെന്റ് സംഭാവന നൽകിയവർ** | | |
| 1 | ശോഭ മേനോൻ. കെ, 28/2975 A, എലഞ്ഞേരിൽ റോഡ്, കടവന്ത്ര, കൊച്ചി | 1,00,000 |
| 2 | ഉണ്ണികൃഷ്ണൻ, വൈശാഖം, മാടക്കാപ്പിള്ളിൽ, ചിറ്റൂർ റോഡ്, കൊച്ചി | 14,100 |
| 3 | വേണു മോഹൻ, അശ്വതി, കോയിത്തറ റോഡ്, പനമ്പള്ളി നഗർ, കൊച്ചി | 10,000 |
| 4 | മനോജ് കുമാർ പി. ആർ, നൂപുരം, കരിപ്പായി റോഡ്, കളമശ്ശേരി, കൊച്ചി | 5000 |

## 2024 ഡിസംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**ഡോ. ഗോപകുമാർ (L/1184 )**
നന്ദനം, ഇന്ദ്രപ്രസ്ഥ ലെയ്ൻ,
ചെറുപറമ്പത്ത് റോഡ്, കടവന്ത്ര, കൊച്ചി



**വിജയലക്ഷ്മി ശിവദാസ് (L/0530)**
ആലപ്പാട്ട് ഹൗസ്
രവിപുരം, കൊച്ചി



**പദ്മ കുമാരി എസ്. മേനോൻ (L/3268)**
തപസ്യ, കളത്തിൽവേലായുധൻ നായർ റോഡ്,
എം . ജി റോഡ്, കൊച്ചി

ക്ഷേത്രങ്ങളിലൂടെ


# അഹോബിലം നരസിംഹ മൂർത്തിക്ഷേത്രങ്ങൾ

ഇന്ദിരാഭായി - 8078552892

(തുടർച്ച.....)

അടുത്തത് ലോവർ അഹോബിലക്ഷേത്രങ്ങളാണ്. ഇവിടെ പ്രത്യേകം സജ്ജീകരിച്ച ജീപ്പുകളിലും, കാൽനടയായും സഞ്ചരിച്ചാണ് ലോവർ അഹോബില ക്ഷേത്രങ്ങളിലെത്തേണ്ടത്. വനത്തിനുള്ളിൽ 24 കിലോമീറ്റർ ദൂരത്തിൽ സഞ്ചരിച്ചാലാണ് ഈ ക്ഷേത്രത്തിലെത്തുക. ആദ്യക്ഷേത്രം യോഗനന്ദനരസിംഹ ക്ഷേത്രമാണ്. ശബരിമല ധർമ്മശാസ്താവ് യോഗാസനത്തിലിരിക്കുന്നതുപോലെ യോഗാസനത്തിലിരിക്കുന്ന നരസിംഹരൂപമാണിവിടെ. മറ്റെവിടെയും കാണാത്തരൂപമാണ്. പ്രഹ്ലാദനെ യോഗ അഭ്യസിപ്പിക്കുന്ന നരസിംഹമൂർത്തിയാണിത്. യോഗ അഭ്യസിക്കുന്ന പ്രഹ്ലാദനെയും ഇവിടെക്കാണാം . ഈ ക്ഷേത്രത്തിന്റെ ഗ്രഹാധിപൻ ശനിയാണ്. ഈ ക്ഷേത്രത്തിനടുത്തായി ഒരു നവഗ്രഹക്ഷേത്രവുമുണ്ട്. ക്ഷേത്രത്തിലേക്കുള്ള വഴിയിൽ മലമുകളിൽ ക്ഷേത്രത്തിലെ ജോലികൾ ചെയ്യുന്നവർ താമസിക്കുന്ന വീടുകൾ കാണാം. അവിടെ വീടിനുചുറ്റും പുലിയുടെയും മറ്റും പൊയ്മുഖങ്ങൾ ഉണ്ടാക്കിവെച്ചിരിക്കുന്നത് കാണാം. മുള കെട്ടിയുണ്ടാക്കിയ വീടുകളാണ്. കുന്നിന് മുകളിൽ മൃഗങ്ങൾക്ക് എത്താൻ പറ്റാത്തത്ര കിഴക്കാംതൂക്കായ സ്ഥലത്താണ് ഈ മുളവീടുകൾ.

അടുത്ത് ഛത്രവടനരസിംഹക്ഷേത്രമാണ്. നരസിംഹാവതാരസമയത്ത് ക്രോധാകുലനായ ഭഗവാന്റെ അടുത്തേക്ക് പോകുവാൻ ദേവന്മാർക്കുപോലും ഭയം മൂലം സാധിച്ചില്ല. ക്രോധം ശമിപ്പിക്കുവാനായി ദേവന്മാർ ഹാഹാ, ഹുഹു എന്നീ ഗന്ധർവന്മാരെ അയച്ചു. ഭയം മൂലം അടുത്തേക്കുചെല്ലുവാൻ അവരും മടിച്ചു. അവർ ഭഗവവാൻ ഒരു വടവൃക്ഷച്ചുവട്ടിലിരിക്കുന്നതുക്കണ്ട് പരിസരത്തുകൂടി പാട്ടുകൾ പാടി ആടിപ്പാടി നടന്നു. പതിയെ ഭഗവാൻ അവരെ ശ്രദ്ധിച്ചു തുടങ്ങി, അവരുടെ പാട്ടുകളും. ക്രമേണ നരസിംഹത്തിന്റെ ക്രോധം ശമിച്ചു, ഗന്ധർവന്മാരുടെ ആട്ടവും, പാട്ടും ആസ്വദിക്കാനും തുടങ്ങി. കുട പിടിച്ചപോലെ നിൽക്കുന്ന വടവൃക്ഷച്ചുവട്ടിൽ പാട്ടുകൾ ആസ്വദിച്ച് ചിരിക്കുന്ന നരസിംഹമാണ് ഛത്രവടനരസിംഹം. തുടയിൽ താളംപ്പിടിച്ച് പ്രഹ്ലാദന് സംഗീതം പഠിപ്പിച്ചുകൊടുക്കുന്നു എന്ന് സങ്കൽപ്പം. സംഗീത പ്രേമികളും സംഗീത വിദ്യാർത്ഥികളും അനുഗ്രഹം തേടി ഇവിടെയെത്താറുണ്ട്. ആദ്യമായാണ് ചിരിക്കുന്ന നരസിംഹരൂപം കാണുന്നത്. ഇത് നരസിംഹത്തിന്റെ ഒരു അത്യപൂർവ്വ ഭാവം തന്നെയാണ്. ഛത്രവടനരസിംഹ ക്ഷേത്രാധിപൻ കേതു ഗ്രഹമാണ്.



പാവനനരസിംഹക്ഷേത്രം

അടുത്തത് പാവനനരസിംഹക്ഷേത്രമാണ്. അഹോബില നരസിംഹമൂർത്തിഭാവങ്ങളിൽ ഏറ്റവും ശാന്തസ്വരൂപനായ ഭഗവാനാണിവിടെ കുടികൊള്ളുന്നത്. ക്രോധനരസിംഹരൂപം കണ്ട് ലക്ഷ്മിദേവി ഭയന്നോടി. ചെഞ്ചു എന്ന ആദിവാസികളുടെകൂടെക്കൂടിയെന്നും ആദിവാസിഗോ

ത്രത്തിൽ കഴിഞ്ഞുവന്നു എന്നും ഐതീഹ്യം. പിന്നീട് ആദിവാസിയായ ചെഞ്ചുലക്ഷ്മിയെ ഭഗവാൻ വിവാഹം കഴിച്ചത് ഇവിടെ വെച്ചാണ്. ചെഞ്ചുലക്ഷ്മി സമേതനായ ശാന്തനരസിംഹമാണ് പാവനനരസിംഹം. ആദിവാസികൾ ഇന്നും അവരുടെ വിവാഹം ഈ ക്ഷേത്രത്തിൽ വെച്ചു നടത്തുന്നു. ക്ഷേത്രാങ്കണത്തിൽവെച്ചുതന്നെ ഭക്ഷണം പാകംചെയ്തു ഭക്ഷിക്കുകയും, ആ ദിവസം ക്ഷേത്രത്തിൽത്തന്നെ കഴിയുകയും, പിറ്റേന്ന് ഭഗവാനെ തൊഴുതശ്ശേഷം മടങ്ങുകയും ചെയ്യുന്ന പതിവ് ഇന്നും തുടരുന്നു. മറ്റു നരസിംഹക്ഷേത്രങ്ങളിൽ നിന്നും വളരെ അകലെയായി ഉൾവനത്തിലാണ് ഈ ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഈ ക്ഷേത്രത്തിന്റെ ഗ്രഹാധിപൻ ബുധനാണ്.

അടുത്തത് ഭാർഗ്ഗവനരസിംഹക്ഷേത്രമാണ്. വനത്തിലൂടെ ജീപ്പിൽ യാത്രചെയ്ത്, പിന്നീട് കാൽനടയായി കുറേദൂരം നടന്ന്, 150 പടികൾ കയറി മലമുകളിലെ ഈ ക്ഷേത്രത്തിലെത്താം. ഹിരണ്യകശിപുവിനെ വധിച്ചസമയത്തെ അതെ ക്രോധഭാവത്തിൽ തനിക്കുദർശനം ലഭിക്കുവാൻ വേണ്ടി ഭാർഗ്ഗവ രാമൻ ഭഗവാനെ തപസ്സു ചെയ്തു. പരശുരാമന് ദർശനം ലഭിച്ച അതെ രൂപഭാവത്തെയാണ് ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നത്. വലിയ മീശയും വെച്ച് ഗാംഭീര്യത്തോടുകൂടിയിരിക്കുന്ന നരസിംഹരൂപം. ഇവിടെമാത്രമാണ് മീശയുള്ള നരസിംഹരൂപം കാണപ്പെടുന്നത്. ഈ ക്ഷേത്രത്തിന്റെ ഗ്രഹാധിപൻ സൂര്യനാണ്. എല്ലാ ഗ്രഹങ്ങൾക്കും ശക്തി പകർന്നുനൽകിയതും ഇവിടെ നിന്നാണെന്നു വിശ്വസിക്കുന്നു. ഈ ക്ഷേത്രത്തിലെ തീർത്ഥക്കുളത്തിലെ ജലം ഒരിക്കലും വറ്റാറില്ല. ഇത് അക്ഷയതീർത്ഥം എന്നാണറിയപ്പെടുന്നത്.


അടുത്തത് കാരാഞ്ച നരസിംഹക്ഷേത്രമാണ്. അപ്പർ അഹോബിലത്തിനും, ലോവർ അഹോബിലത്തിനുമിടയിൽ, ചുറ്റിലുമുള്ള മലനിരകളുടെ താഴ്‌വാരത്ത് ഒരു വൃക്ഷച്ചുവട്ടിൽ കുടികൊള്ളുന്ന നരസിംഹരൂപം, അതാണ് കാരാഞ്ചനരസിംഹം കാരാഞ്ച വൃക്ഷച്ചുവട്ടിലിരുന്ന് ഹനുമാൻ ശ്രീരാമനെ തപസ്സു ചെയ്യുമ്പോൾ നരസിംഹം മുന്നിലെത്തി. ഹനുമാൻ ഈ രൂപം കണ്ടു അത്ഭുതപ്പെട്ടു എങ്കിലും ഗൗനിച്ചില്ല. കാരണം ഈ രൂപം ആരുമായിക്കൊള്ളട്ടെ ഞാൻ എന്റെ ഹൃദയത്തിൽ ശ്രീരാമസ്വാമിക്കു മാത്രമേ ഇടം നൽകുകയുള്ളൂ മറ്റാർക്കും സ്ഥാനമില്ല എന്നായി ഹനുമാൻ. അതും ഞാൻ തന്നെയാണ് രണ്ടും രണ്ടു പ്രതിരൂപങ്ങൾ മാത്രമാണ് എന്ന് നരസിംഹം അരുളി ചെയ്തിട്ടും ഹനുമാൻ വിശ്വസിച്ചില്ല . ഒടുവിൽ നരസിംഹസ്വാമി ശംഖുചക്ര ധാരിയായി അമ്പും വില്ലും ധരിച്ച് ഹനുമാന് ദർശനം നൽകി. ഹനുമാൻ നരസിംഹ സ്വാമിയെ വന്ദിച്ചു. ഹനുമാന് അമ്പുംവില്ലും, ശംഖും , ചക്രവും ധരിച്ച് ദർശനം നൽകിയ രൂപഭാവ ചൈതന്യമാണ് കാരാഞ്ച വൃക്ഷച്ചുവട്ടിലെ കാരാഞ്ച നരസിംഹസ്വാമി. കപിലദേവൻ ഇവിടെ തപസ്സനുഷ്ഠിച്ചിരുന്നു. ബ്രഹ്മശാപത്താൽ തനിക്കു നഷ്ടപ്പെട്ട അറിവും, ജ്ഞാനവും കപിലദേവൻ ഇവിടെയിരുന്ന് തപസ്സു ചെയ്താണ് തിരികെ നേടിയത് എന്നും വിശ്വസിക്കുന്നു. ഹനുമാൻസ്വാമി ഇവിടെ പച്ച നിറമണിഞ്ഞാണ് കാണപ്പെടുന്നത്. മലയടിവാരത്തിൽ സമനിരപ്പായ സ്ഥലത്തുള്ള ഈ ക്ഷേത്രം മറ്റു നരസിംഹക്ഷേത്രങ്ങളിൽനിന്നും വ്യത്യസ്തമായാണ് കാണപ്പെടുന്നത്. മാരുതേയന്റെ തപസ്സിന്റെ ഒരു ശാന്തത ഇവിടെ തങ്ങിനിൽക്കുന്നു. ഇവിടെ ചുറ്റിലും നിറയെ കാരാഞ്ച മരങ്ങളും കാണാം. ഈ ക്ഷേത്രത്തിന്റെ ഗ്രഹാധിപൻ ചന്ദ്രനാണ്.

അഹോബില ക്ഷേത്രദർശന യാത്രയിൽ കുടിവെള്ളം പോലും കൂടെ കൊണ്ടുപോകണം വനത്തിനുള്ളിലായതിനാൽ ഒന്നും ലഭ്യമല്ല. സാധാരണയായി കാണുന്ന പക്ഷികളെ പോലും ഇവിടെ കാണാറില്ല. സാഹസിക യാത്രയാണെങ്കിലും ദർശനം പൂർത്തിയാകുമ്പോൾ മനസ്സിൽ സന്തോഷവും, ഭക്തിയും മാത്രമാകും, അത് ഭഗവാന്റെ അനുഗ്രഹം തന്നെയാണ്.

ക്ഷേത്രമില്ലാത്ത ഒരു പവിത്ര സ്ഥാനവും ഈ

യാത്രയിൽ കാണാം. അതാണ് പ്രഹ്ലാദവാടി. പാറയുടെ മുകളിൽ പരിപാവനമായ ഒരു സ്ഥാനം. ഇവിടെയിരുന്നാണ് പ്രഹ്ലാദൻ തന്റെ സഹപാഠികൾക്ക് ഹരിയുടെ മാഹാത്മ്യം പറഞ്ഞു കൊടുത്തത് എന്നാണ് വിശ്വാസം. ഇവിടെ ഭഗവത് പാദങ്ങളും വിഗ്രഹങ്ങളും കാണാം. ഹിരണ്യായ നമഃ അല്ല നാരായണായ നമഃ എന്നുച്ചരിക്കാൻ സഹപാഠികളെ പഠിപ്പിച്ച പ്രഹ്ലാദന് ഭഗവാൻ തന്നെ രക്ഷകനായി പ്രഹ്ലാദവാടി ഇന്ന് ഒരു പുണ്യസ്ഥാനമായി മാറി. തൂണിലും, തുരുമ്പിലും നിറഞ്ഞു നിൽക്കുന്ന നാരായണൻ അഹോബിലത്തിൽ തന്റെ ശക്തി പ്രകടമാക്കി, പ്രഹ്ളാദനെന്ന ഭക്തനെ അനുഗ്രഹിച്ചു. നമുക്കും ഭഗവാന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

അല്പം സാഹസികയാത്രയായിരുന്നുവെങ്കിലും വാടകയ്ക്കെടുത്ത മുളവടിയെ ഊന്നു വടിയാക്കി, അതിന്റെ സഹായത്താൽ കാൽനടയായി മലയും, തോടും, പാറകളും താണ്ടി ഭഗവവനെ കണ്ടു തൊഴുതതിന്റെ ആത്മസംതൃപ്തിയാണ് ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുന്നത്. ശബരിമലയിലേതുപോലെ




ഇവിടെ നടപ്പാതകളൊന്നുമില്ല എങ്കിലും ഇവിടെയും ഡോളി സൗകര്യം ലഭ്യമാണ്. ഭഗവൽ ഭക്തരായ ഓരോരുത്തരും മനസ്സിരുത്തി ഭഗവാനെ പ്രാർത്ഥിച്ചാൽ, ഭഗവാന്റെ അനുഗ്രഹത്താൽ ഏവർക്കും അഹോബില ദർശനം സാദ്ധ്യമാകും. ഭക്തന്റെ വാക്കിനെ സത്യമാക്കുവാൻ ക്ഷിപ്രാവതാരമെടുത്ത നരസിംഹ ഭഗവാന്റെ ഭക്തവാത്സല്യം, അത് നരസിംഹാവതാര പ്രത്യേകതയാണ്. ഭക്ത മനസ്സിൽ വാത്സല്യവും, ദുഷ്ട മനസ്സിൽ ഭയവും ജനിപ്പിക്കുന്ന ഭഗവാൻ ഏവരേയും രക്ഷിക്കുമാറാകട്ടെ.

***ഭക്തവാണിയെ സത്യമാക്കിയ സത്യമൂർത്തി ജനാർദ്ദന***
***ദുഃഖ സഞ്ചയംനീക്കിടുന്ന നൃ സിംഹരൂപ നമോസ്തുതേ.***

■

# അനുമോദനം



1-12-24-ൽ ബോംബെയിൽ വച്ച് നടന്ന **2024-ലെ ഫിലിം ഫെയർ** അവാർഡിൽ ഏറ്റവും നല്ല **ഷോർട്ട് ഫിലിം ഡയറക്ടർ** ആയി തെരഞ്ഞെടുക്കപ്പെട്ട ശ്രീ. **ആർ. ജയരാജ്.** ഇദ്ദേഹം ഒരു പരസ്യചിത്ര സംവിധായകൻ (ഹോം ബ്രൂ ഫിലിംസ്) കൂടിയാണ്.

കരയോഗം മെമ്പറായ (L/2551) കടവന്ത്ര കുരിക്കുന്നേൽ കെ. എസ്. രാജേന്ദ്രബാബുവിന്റെയും ശ്രീമതി. രമാദേവിയുടെയും മകനാണ് ആർ. ജയരാജ്. ജയരാജിന് എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

ആഘാതം നേരിട്ടാൽ അതിൽ തുങ്ങി നിഷ്ക്രിയരും നിരാശരുമായി ഏകാന്തതയിലേയ്ക്ക് വലിയും. സർഗ്ഗാത്മകമായ വഴികളേറെയുണ്ടെങ്കിലും, ആ പിടിമുറുക്കത്തിൽ നിന്നും വിട്ടുമാറാൻ പ്രയാസപ്പെടും. എന്നാൽ മറ്റുള്ളവർക്ക് പ്രകാശവും പ്രചോദനവുമാകാൻ ഈ അവസരം വിനിയോഗിക്കുന്നത് എത്ര മഹത്തരം.

അമേരിക്കയിൽ 'World Trade Centre' ദുരന്തത്തിൽ തന്റെ ഏകമകനെ നഷ്ടപ്പെട്ട ഒരമ്മയുടെ അനുഭവം നമ്മെ ഒത്തിരി ചിന്തിപ്പിക്കുന്നു. 'എല്ലാം നശിച്ചു, വിശ്വാസം, ആശ എല്ലാം, എല്ലാം എന്ന് വിലപിച്ചിരുന്ന അമ്മ പെട്ടെന്ന് ഒരു സുഹൃത്തിന്റെ കത്ത് വായിച്ചപ്പോൾ മാനസാന്തരപ്പെട്ടു'. ഒരു പട്ടാള കേസിലെ ആവശ്യം അറിയിച്ചുകൊണ്ടുള്ള ഒരു കത്ത് വരുത്തിയ മാറ്റം വിസ്മയാവഹം. സർവ്വം നശിച്ചു, മരണമേയുള്ളു ആശ്രയമെന്നു കരുതിയ അമ്മ സടകുടഞ്ഞെണീറ്റു. മകന്റെ ഓർമ്മ നിലനിർത്താനുള്ള സംരഭത്തെക്കുറിച്ച് ചിന്തിച്ചു. ഒരു പാട് കാര്യങ്ങൾ എനിക്ക് ചെയ്യാനുണ്ട് എന്ന ബോധം ഉടലെടുത്തു.

അഫ്ഗാനിസ്ഥാനിൽ ഒരു സ്കൂൾ സ്ഥാപിച്ചു. 'സൗജന്യ വിദ്യാഭ്യാസം' അതായിരുന്നു അവരുടെ ആശയം 'Peter Memorial Foundation' രൂപികരിച്ചു. സ്കൂൾ പെട്ടെന്ന് പ്രവർത്തനമാരംഭിച്ചു. അത് നൽകിയ ആനന്ദം വിലമതിക്കാനാകാത്തതാണ്. ആ അമ്മ 'മകനെ' ആ കുട്ടികളിൽ കണ്ട് ആനന്ദ നിർവൃതിയടഞ്ഞു.

മാതാവ് ഓരോ തവണയും സ്കൂൾ സന്ദർശിക്കുമ്പോൾ പുത്തനുണർവും അനുഭൂതിയുമായി. അവർ പുതിയൊരു വ്യക്തിയായി. ആഘാതം അവർ ആനന്ദമാക്കി മാറ്റിയില്ലേ. അദ്ധ്യാപകരും, വിദ്യാർത്ഥികളും കൃതജ്ഞതാനിർഭരരായി ആ അമ്മയെ നമിച്ചു. ആ സാഹസകൃത്യം നിറവേറ്റാൻ ധാരാളം കടമ്പകൾ കടക്കേണ്ടിയിരുന്നു. പക്ഷേ ലക്ഷ്യസാഫല്യം മാത്രമായിരുന്നു ആ അമ്മയുടെ മനസ്സുമുഴുവനും. ആ കർമ്മം നിറവേറ്റാൻ അവർ എടുത്ത പ്രയത്നം അത് വിസ്മരിക്കാനാവില്ല. എന്നാൽ അവരുടെ ദുഃഖം തുടച്ചുമാറ്റാൻ ധാരാളം കുട്ടികളെയാണ് ഒരു മകന്റെ സ്ഥാനത്ത് ലഭിച്ചത്. അവർ ഒരു കാൻസർ രോഗിയായിരുന്നുവെന്നതുപോലും മറക്കാൻ ഈ സംരംഭം സഹായിച്ചു. ചികിത്സയെക്കാൾ പ്രാധാന്യം തന്റെ കർമ്മ മണ്ഡലമാണെന്ന് ധരിച്ചു.

കുട്ടികൾക്കും മാതാപിതാക്കൾക്കും അവർ കാട്ടിയ വഴി വെളിച്ചം വീശി. നിരാശയും പേറി ദുഃഖിതയായി ശേഷജീവിതം നയിച്ചിരുന്നെങ്കിൽ നഷ്ടവും, പരാജയവുമല്ലേ ലഭിക്കു?. സർഗ്ഗാത്മക ക്രിയ എത്ര ജീവിതങ്ങൾക്ക് തിരിതെളിച്ചു.

നന്മയുടെ പാതയിൽ സഞ്ചരിച്ചാൽ ദൈവം എപ്പോഴും തുണയേകും. ഒരു നഷ്ടം മറ്റൊരു വൻലാഭത്തിനാണെന്ന തിരിച്ചറിവാണാവശ്യം. ശുഭാപ്തി വിശ്വാസത്തോടെ പ്രവർത്തന നിരതരാകാൻ എല്ലാവർക്കും കഴിയുമാറാകട്ടെ. ■

ഗാന്ധി സൂക്തം

# പത്ര പ്രവർത്തനം

കച്ചവട ചിന്തയില്ലാതെ ജനസേവനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പത്രാധിപർ ഏതു നിമിഷവും വംശനാശം നേരിടാൻ തയ്യാറായിരിക്കണം എന്ന് പലരും കരുതുന്നു. എല്ലാ പത്രങ്ങളും ഈ നിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നുള്ളത് വ്യക്തമാണല്ലോ. പൊതുസേവനം ലക്ഷ്യമാക്കി സർക്കാരിന്റേ പ്രവർത്തനങ്ങളിലോ ജനങ്ങളുടെ ഇടയിലോ അഥവാ രണ്ടിലുമോ പരിഷ്കൃതാശയങ്ങൾ വേണമെന്ന് വാദിക്കുന്ന പത്രങ്ങൾക്കാണിത് ബാധകം. സർക്കാരിന് ഇഷ്ടപ്പെടാത്ത വാർത്ത പ്രസിദ്ധീകരിച്ചു കഴിഞ്ഞ സ്ഥിതിക്ക് ഒരു പത്രാധിപരെന്താണ് ചെയ്യേണ്ടത്? ക്ഷമായാചനം ചെയ്യണോ? വേണ്ട. പ്രസിദ്ധീകരിച്ചു കഴിഞ്ഞ സ്ഥിതിക്ക് അതിന്റെ പൂർണ്ണ ഉത്തരവാദിത്വം പത്രാധിപർക്കാണെന്നുള്ള വസ്തുത അയാൾ ധരിക്കണം.

ഇവിടെ ഒരു പ്രധാന പ്രശ്നം ഉദിക്കുന്നു. നാം സ്വീകരിച്ച ആശയം ശരിയാണെന്ന് കരുതുക. പ്രകോപനപരമായ ഒരു ലേഖനം മനഃപൂർവ്വമല്ലാതെയാണെങ്കിൽ കൂടി പ്രസിദ്ധീകരിച്ചുപോയെന്നും അതിന് ക്ഷമായാചനം നടത്തിയില്ലെന്നും കരുതുക. എങ്കിൽ ആ പത്രസ്ഥാപനം അടച്ചു പൂട്ടേണ്ടതുണ്ടോ? ജനസേവനം നിറുത്തിവയ്ക്കേണ്ടതുണ്ടോ? മനഃപൂർവ്വമല്ലാതെ ചെയ്ത കുറ്റത്തിന് ശിക്ഷ പാടില്ല. എന്നാൽ മനഃപൂർവ്വം പ്രകോപനപരമായ രചനകൾ പ്രസിദ്ധീകരിച്ചു കുഴപ്പത്തിൽ ചാടുന്ന പ്രസിദ്ധീകരണങ്ങൾ അടച്ചുപൂട്ടുന്നത് ജനസേവനമാകുന്നു. അവിടെ സ്ഥാപനം പിടിച്ചെടുത്തുവെന്നോ , സ്വത്തു കണ്ടുകെട്ടിയെന്നോ, നിസ്വനായെന്നോ ഉള്ള പരാതിക്ക് പ്രാബല്യമില്ല. എന്തായാലും ജനസേവനത്തിന് ഒരുങ്ങുന്ന ഒരു പത്രാധിപർ മരണം പോലും സ്വീകരിക്കാൻ ഒരുങ്ങിയിരിക്കണം ....

ഒരുദാഹരണം. സർക്കാരിന്റെ അനീതി മൂലം പാവപ്പെട്ട ആളുകൾ കൊള്ളയടിക്കപ്പെട്ടു എന്ന് കരുതുക. അധാർമ്മിക നിയമത്തിനെതിരെ അണിനിരക്കാൻ ഒരു പത്രം ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. അത് കുറ്റമായി വ്യാഖ്യാനിച്ച്, മാപ്പു പറഞ്ഞില്ലെങ്കിൽ മുതൽ കണ്ടുകെട്ടുമെന്ന് പറഞ്ഞ് സർക്കാർ ഭീഷണിപ്പെടുത്തുന്നു. ഇവിടെ പത്രക്കാരൻ ക്ഷമ പറയേണ്ടതുണ്ടോ? ഉത്തരം പഴയതുതന്നെ. മുതൽ കണ്ടുകെട്ടട്ടെ. അഥവാ പ്രസിദ്ധീകരണം നിലയ്ക്കട്ടെ. എന്തായാലും ക്ഷമായാചനത്തിന്റെ ആവശ്യമില്ല. പത്രാധിപർ ക്ഷമായാചനം ചെയ്താൽ ജനങ്ങളിൽ അത് വിപരീത ഫലമാണ് ഉണ്ടാക്കുക. വീടുകൾക്ക് തീ പിടിക്കുമ്പോൾ സുരക്ഷിത കേന്ദ്രങ്ങളിൽനിന്ന് വികാരനിർഭരമായി അർത്ഥമില്ലാതെ പ്രസംഗിക്കുകയാണയാളെന്നു ജനം മനസ്സിലാക്കും. അയാൾ കുഴപ്പത്തിൽ അകപ്പെടുമ്പോൾ അത് കീഴടങ്ങലായി ജനം പറയും. അതേ രീതിയിൽ തന്നെ അവരും പെരുമാറി വിധിക്കു തലകുനിക്കും. അതിനാൽ ഈ അവസരത്തിൽ പത്രം നിറുത്തുന്നത് തന്നെയാവും ഏറ്റവും നല്ല സേവനം. ■

(മഹാത്മാഗാന്ധിയുടെ സമ്പൂർണ കൃതികൾ)

# പഞ്ചസാരയുടെ കയ്പ്

യൂ. എസ്. രവീന്ദ്രൻ – 9496120978

നമ്മൾ എല്ലാവരും മധുരം എന്ന രുചിക്ക് അടിമപ്പെട്ടവരാണ് അതിനാൽ പഞ്ചസാരയോട് ഏറെ പ്രിയമുള്ളവരാണ്. എന്നാൽ കയ്പേറിയ ജീവിതത്തിലേക്കാണ് പഞ്ചസാരയുടെ സൗന്ദര്യവും, മധുരവും നയിക്കുന്നതെന്ന് വൈകിയേ പലരും മനസിലാക്കുന്നുള്ളു. നമുക്കെല്ലാവർക്കും അറിയാം നമ്മൾ ദിവസവും കഴിക്കുന്ന ചായയിലും, കാപ്പിയിലും, കേക്കിലുമെല്ലാം പഞ്ചസാര അടങ്ങിയിരിക്കുന്നു എന്ന്. എന്നാൽ ശുദ്ധമായ പശുവിൻ പാലിന് പകരം ഉപയോഗിക്കുന്ന പാൽപ്പൊടിയിലും, ഓർഡർ ചെയ്തു പാർസൽ വരുത്തുന്ന ഫ്രൈഡ് ചിക്കനിലുമെല്ലാം സുന്ദരിയായ ഈ വിഷം ഒളിഞ്ഞിരിക്കുന്നുണ്ടെന്ന് എത്രപേർക്കറിയാം? 'എല്ലാവരും ഒരു ദിവസം മൂന്ന് പ്രാവശ്യം ഭക്ഷണം കഴിക്കുന്നതിലൂടെ ശരീരത്തിനാവശ്യമായ അളവിൽ എന്ന് വിശ്വസിക്കുന്ന പഞ്ചസാര അകത്താക്കുന്നു. എന്നാൽ ഇത് തികച്ചും നിരുപദ്രവകരമായ പ്രവർത്തിയല്ല. പഞ്ചസാരയുടെ കൂടുതൽ അളവ് അകത്തു ചെന്നാൽ ദീർഘകാലാടിസ്ഥാനത്തിലുള്ള രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്' ഹാർവാഡ് സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിലെ ന്യൂട്രിഷ്യൻ ഫ്രാങ്ക് ഹു പറയുന്നു.

'എന്നാൽ കൂടുതൽ മധുരം കഴിക്കുന്നത് ദോഷമാണെന്നു മനസ്സിലാക്കി മധുരം കുറവുള്ള പൊരിച്ച ഭക്ഷണ ക്രമവും, ഡയറ്റ് സോഡയും ഭക്ഷണ ശീലമാക്കിയാലും പ്രശ്ന പരിഹാരമാകുന്നില്ല. മറിച്ച് പുതിയ പ്രശ്നങ്ങൾ സൃഷ്ടിക്കലാകും.'

1990–കൾക്ക് ശേഷം അസ്പാർട്ടേയ്ൻ (Aspartane) എന്ന കൃത്രിമ മധുരമാണ് പഞ്ചസാരക്കു പകരം ലഘുപാനീയങ്ങളിലും പ്രഭാത ഭക്ഷണത്തിനുള്ള ധാന്യ വർഗ്ഗങ്ങളിലും, ലസ്സി ഉണ്ടാക്കുമ്പോൾ തൈരിലും ഉപയോഗിച്ച് വന്നത്. ഇത് പഞ്ചസാരയേക്കാൾ 200 ഇരട്ടി മധുരം നൽകുന്ന പദാർത്ഥമാണ് ഈ പദാർത്ഥം 'ഇക്വൽ', 'ന്യൂട്രാ സ്വീറ്റ്', 'കാൻഡെറൽ' എന്നി വിവിധ ബ്രാൻഡ് പേരുകളിൽ ലഭ്യമാണ്. എന്നാൽ Aspartane ഉപയോഗിച്ചുള്ള പരീക്ഷണങ്ങളിൽ ഇത് കിഡ്നിക്ക് ദോഷകരമാണെന്ന് കണ്ടെത്തി. കൂടാതെ ഇത് ഉപയോഗിക്കുന്നവർക്ക് ഇതിൽ അടങ്ങിയിരിക്കുന്ന ഫിനെലാലാനയിൽ (Phynylalanine) തലച്ചോറിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു എന്നും തലവേദന, ഉറക്കം തൂങ്ങൽ, ഭാവവ്യത്യാസങ്ങൾ ശരീരപ്രവർത്തന മാന്ദ്യത എന്നിവക്ക് കാരണമാകുന്നു എന്നും കണ്ടെത്തിയിട്ടുണ്ട്. ഇത് ദീർഘകാലം ഉപയോഗിച്ചാൽ തലച്ചോറിൽ കാൻസർ ഉണ്ടാകാനുള്ള സാദ്ധ്യത ഉണ്ടത്രേ. ആയതിനാൽ, ഈ കൃത്രിമ മധുരത്തെ World Health Organisation മനുഷ്യോപയോഗത്തിന് യോജിച്ചതല്ല എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

**പഞ്ചസാരയിൽ പ്രശ്നം.**

മധുരം ലഭിക്കുവാൻ എന്താണ് മാർഗ്ഗം? മധുരത്തിനോടുള്ള ചങ്ങാത്തത്തെപ്പറ്റി പുനർ ചിന്തനം ചെയ്യേണ്ടതുണ്ട്. ആപ്പിളിലോ, മധുരക്കിഴങ്ങിലോ, ഒരു ഗ്ലാസ് പാലിലോ ഉള്ള മധുരമല്ല പ്രശ്നം. കുപ്പിയിൽ കിട്ടുന്ന ലഘു പാനീയങ്ങളിലും, ബേക്കറികളിൽ നിന്നു കിട്ടുന്ന ബൺ, കേക്ക്, എപ്പോഴെങ്കിലും കുടിക്കുന്ന ചായയിലും, കാപ്പിയിലും ഇടുന്ന ഒന്നോ രണ്ടോ ടീസ്പൂൺ പഞ്ചസാര എന്നിവയിലെല്ലാം ഉള്ള മധുരത്തിൽ ആരോഗ്യത്തിന്റെ കയ്പ് പതിയിരിക്കുന്നു. പഞ്ചസാര ചേർത്ത ഭക്ഷണം കഴിക്കുമ്പോഴും, ലഘുപാനീയങ്ങൾ കുടിക്കുമ്പോഴെല്ലാം നമ്മുടെ ഉമിനീർ അതിനെ

ഗ്ലൂക്കോസാക്കി രക്തത്തിൽ അലിഞ്ഞു ചേരാൻ സഹായിക്കുന്നു. രക്തത്തിലെ പഞ്ചസാരയുടെ അളവ് പെട്ടെന്ന് വർദ്ധിക്കുന്നു. തൽഫലമായി അത് ദഹിപ്പിക്കുന്നതിന് പാൻക്രിയാസ് ഗ്രന്ഥി കൂടുതൽ ഇൻസുലിൻ പുറത്തുവിടുന്നു എന്നാൽ മധുരമുള്ള മുന്തിരിയോ, ബെറികളോ മറ്റോ ആണെങ്കിൽ അതിൽ അടങ്ങിയിരിക്കുന്ന നാരുകളും (ഫൈബർ) മറ്റു പോഷകങ്ങളും ചേർന്ന് പഞ്ചസാരയുടെ അംശം ദഹിപ്പിക്കാൻ വേണ്ട സമയം വർദ്ധിപ്പിക്കുന്നു. രക്തത്തിൽ പഞ്ചസാരയുടെ അളവ് സാവധാനം മാത്രമേ വർദ്ധിക്കുന്നുള്ളു. രക്തത്തിൽ പഞ്ചസാരയുടെ അളവ് വർദ്ധിച്ചാൽ ചിലർക്ക് പെട്ടെന്ന് അതിന്റെ അനന്തരഫലം അനുഭവപ്പെട്ടേക്കാം . തലവേദന, മാന്ദ്യം എന്നിവയിൽ തുടങ്ങി ദീർഘകാല രോഗങ്ങൾക്കടിമപ്പെടാനും സാദ്ധ്യതയുണ്ട്. പഞ്ചസാര കൂടുതൽ ഉപയോഗിക്കുന്നവർക്ക് പ്രതികൂല ആരോഗ്യാവസ്ഥകൾ ഉണ്ടാകാമെന്നും, അവർക്കു ഹൃദ്രോഗ സാദ്ധ്യതകൾ കൂടുതലാണെന്നും കൊളമ്പിയ യൂണിവേഴ്സിറ്റിയിലെ ഇർവിൻ മെഡിക്കൽ സെന്റർ കാർഡിയോളജി വിഭാഗം അസ്സിസ്റ്റന്റ് പ്രൊഫസർ ബ്രൂക്ക് അഗർവാൾ അഭിപ്രായപ്പെടുന്നു. 'രക്തക്കുഴലുകളിൽ നീര് വന്നേക്കാം, തൻമൂലം രക്ത ചംക്രമണം മന്ദഗതിയിലായേക്കും അത് ഹൃദയത്തെയും ബാധിച്ചേക്കും 'ശരീര ഭാരം കൂടുകയും പൊണ്ണത്തടിയുണ്ടാകുകയും ചെയ്യാം ഫാറ്റിലിവർ എന്ന രോഗം ഉണ്ടായേക്കാം ദന്തരോഗങ്ങൾക്കടിമപ്പെട്ടേക്കാം ചില കാൻസർ രോഗങ്ങൾ വരെ ഉണ്ടായേക്കാം.

അടുത്തിടെ പ്രസിദ്ധികരിച്ച ഒരു ബ്രിട്ടീഷ് മെഡിക്കൽ ജേർണലിൽ പഞ്ചസാര ഉപയോഗിക്കുന്നതുകൊണ്ടുണ്ടാകുന്ന 45-തരം വിവിധ രോഗങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ടെന്ന് പറയുന്നു, ആസ്ത്മയും വിഷാദരോഗവുമടക്കം.

ദൈനംദിന ഭക്ഷണരീതികളിൽ 10 ശതമാനം വരെ പഞ്ചസാര കുറയ്ക്കുന്നതിനുള്ള ഒരു മാർഗ്ഗ നിർദ്ദേശം അമേരിക്കയിൽ പുറത്തിറങ്ങിയുട്ടുണ്ട്. അമേരിക്കയിൽ ഹാർട്ട് അസോസിയേഷൻ സ്ത്രികൾ കൂടിയത് 25-ഗ്രാം വരെയും പുരുഷന്മാർ 38-ഗ്രാം വരെയും മാത്രമേ പഞ്ചസാര ഉപയോഗിക്കാവു എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതായതു ഒരു ചോക്ലേറ്റ് + ഒരു കപ്പ് കൊഴുപ്പില്ലാത്ത തൈര്.

'ഭക്ഷണ പദാർത്ഥ പാക്കറ്റുകളുടെ പുറത്ത് അച്ചടിച്ചിട്ടുള്ള പോഷകമൂല്യ വിവരങ്ങൾ പലർക്കും വായിച്ചു മനസ്സിലാക്കാൻ അറിഞ്ഞുകൂടാ' Sugarless എന്ന പുസ്തകത്തിന്റെ രചയിതാവ് ന്യൂറോസയൻസ് പ്രൊഫസർ നിക്കോൾ അവേന പറയുന്നു. പഞ്ചസാരയ്ക്ക് അടിമപ്പെട്ടവർ മദ്യത്തിന് അടിമപ്പെട്ടവരെപോലെയാണ് ഏതെല്ലാം ഭക്ഷണ പദാര്ഥങ്ങളിലൂടെയാണ് പഞ്ചസാര ശരീരത്തിൽ എത്തിച്ചേരുന്നതെന്നു പലർക്കും അറിഞ്ഞുകൂടാ. അവരോട് അത് പറഞ്ഞു മനസ്സിലാക്കിയാലും എവിടെ നിന്ന് തുടങ്ങണമെന്ന് പലർക്കും അറിഞ്ഞുകൂടാ.

**പകരക്കാർ പരിഹാരമല്ല.**

അധികം മധുരം ശരീരത്തിനകത്തേക്ക് എത്തുന്നത് ഒഴിവാക്കാൻ ചിലർ പകരക്കാർ എന്ന് പറയുന്ന പ്രകൃതി മധുരങ്ങളിലേക്ക് തിരിഞ്ഞിട്ടുണ്ട്. മേപ്പിൾ മരത്തിൽനിന്നുണ്ടാക്കുന്ന സിറപ്പ്, ശർക്കര, ചക്കര, തേൻ എന്നിവയ്ക്കും ആരോഗ്യപ്രദമായ ഭക്ഷണമാണെന്ന പരിവേഷം ഉണ്ട്. എന്നാൽ ഇവയ്ക്കും പഞ്ചസാരയേക്കാൾ മേന്മ അവകാശപ്പെടാനില്ല. ഇവയിൽ വിറ്റാമിനുകളും, ധാതുക്കളും ഉണ്ടെന്നുള്ളത് ശരിതന്നെ. എന്നാൽ ഇവയുടെ ഉപയോഗവും പരിമിതപ്പെടുത്തേണ്ടതുണ്ട്.

തടി കുറയ്ക്കാൻ പഞ്ചസാര ഒഴിവാക്കി, കൃത്രിമ മധുരങ്ങൾ നിർദ്ദേശിക്കാറുണ്ട്. എന്നാൽ, ഈ ചികിത്സാരീതി ഇപ്പോൾ പഠനത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ദീർഘകാലാടിസ്ഥാനത്തിൽ ഈ ചികിത്സാരീതി ഫലപ്രദമല്ലെന്ന് ലോകാരോഗ്യസംഘടനക്ക് ബോധ്യം വന്നിട്ടുണ്ട്. അതിനാൽ, ഈ ചികിത്സാരീതി തുടരേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്

കൃത്രിമ മധുരങ്ങൾ ഉപയോഗിക്കുന്നവർ കൂടുതൽ ഭക്ഷണപ്രിയരായി തീരുന്നുണ്ടത്രേ .

പ്രമേഹരോഗമുള്ളവർ ഭക്ഷണക്രമത്തിൽ ആവശ്യമെങ്കിൽ മാത്രം കൃത്രിമ മധുരം ഉൾപ്പെടുത്താറുണ്ട്. ശരീര ഭാരം 1 കിലോഗ്രാമിന് 50 മില്ലിഗ്രാം കൃത്രിമമധുരം എന്ന തോതിൽ പരിമിതപ്പെടുത്തി ഉപയോഗിക്കണം. 70 കിലോഗ്രാം തൂക്കമുള്ള ഒരാൾക്ക് 17 കാനുകളിൽ താഴെ (17 ltr.) മാത്രമേ ഡയറ്റ് സോഡാ കഴിക്കുവാൻ പാടുള്ളു. സുക്രലോസ് എന്ന കൃത്രിമമധുരം ഒരു പ്രശ്നക്കാരനാണ്. ഇതടങ്ങിയ ഭക്ഷണമോ, പാനീയമോ കഴിക്കുന്നത് ഉയർന്ന രക്ത സമ്മർദ്ദനത്തിനും, ഹൃദയ സംബന്ധമായ അസുഖങ്ങൾക്കും കാരണമാകുമത്രേ. ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം രോഗങ്ങൾ സുക്രലോസ് എന്ന കൃത്രിമമധുരം ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുമെന്ന് പറയാൻ കഴിഞ്ഞിട്ടില്ല. കൃത്രിമ മധുരം പല്ലുകളെ എളുപ്പത്തിൽ ബാധിക്കുന്നു. നമ്മുടെ രുചി സങ്കൽപ്പം മധുരമുണ്ടെങ്കിലേ ഭക്ഷണം പൂർണ്ണമാകൂ. എന്ന മിഥ്യാധാരണയിൽ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നു. ഇത് പ്രശ്നങ്ങളിലേക്ക് നയിക്കുന്നു.

**എന്തുകൊണ്ട് നാം ആഗ്രഹിക്കുന്നതിനേക്കാൾ കൂടുതൽ മധുരം കഴിക്കുന്നു?.**

'ഇതിന് നല്ല സ്വാദുണ്ട് നല്ല മധുരം' പലപ്പോഴും ഭക്ഷണത്തെപ്പറ്റിയുള്ള ഇത്തരം കമന്റുകൾ ഉണ്ടാകാറുണ്ട്. മധുരിക്കുന്നത് എന്തെന്നാൽ അതിൽ കൃത്രിമ മധുരമുണ്ട് എന്നതിനാലാണ് എന്നാൽ മധുരിക്കാത്തതിലും, കൃത്രിമ മധുരം ഒളിഞ്ഞു കിടപ്പുണ്ട്. ഒരു കോഫി ഷോപ്പിലോ, റെസ്റ്റോറന്റിലോ പോയി ഭക്ഷണം കഴിക്കുമ്പോൾ, ഭക്ഷണത്തിനു രുചി കൂട്ടുവാനായി പല തരത്തിലുള്ള കൃത്രിമ മധുരങ്ങൾ, സൂ ക്രോസ്, ബ്രൗൺറൈസ് സിറപ്പ്, ഹൈഫ്രകോററസ് കോൺസിറപ്പ് തുടങ്ങിയവ ചേർക്കപ്പെട്ട ഭക്ഷണമായിരിക്കും ലഭിക്കുക. ഭക്ഷണത്തിന് നിറവും മണവും കിട്ടാൻ ചേർക്കുന്ന പൊടികളുടെ രുചി വ്യത്യാസം അറിയാതിരിക്കാൻ കൃത്രിമ മധുരം ചേർക്കാറുണ്ട്. ദീർഘകാലം കേടുകൂടാതെ സൂക്ഷിക്കാൻ ഭക്ഷണ പദാർത്ഥങ്ങളുടെ പകിട്ട് വർദ്ധിപ്പിക്കാൻ, പീനട്ട് ബട്ടർ, ഹാംബർഗർ, ബൺ തുടങ്ങിയവയിൽ കൃത്രിമ മധുരം ചേർക്കാറുണ്ട്.

**കൃത്രിമ മധുരങ്ങൾക്ക് വില കൂട്ടിയാൽ നമ്മൾ കുറച്ചല്ലേ കഴിക്കുകയുള്ളു?**

പഞ്ചസാര ഒളിഞ്ഞിരിക്കുന്ന മറ്റൊരിടമാണ് ലഘു ശീതള പാനീയങ്ങൾ, ജൂസുകൾ, സോഡകൾ തുടങ്ങിയവ. കൃത്രിമ മധുരം അടങ്ങിയ പാനീയങ്ങളാണ് അമേരിക്കയിൽ അധികം പേരും കഴിക്കുന്നത്. ലോകത്തിലെ 40-ഓളം രാജ്യങ്ങൾ മധുര പാനീയങ്ങൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. ഫിൻലാൻഡ്, ഫ്രാൻസ് അടക്കം. പഞ്ചസാര ചേർന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഉപയോഗം കുറച്ചുകൊണ്ടുവരാനാണ് അങ്ങനെ ചെയ്തിട്ടുള്ളത്. ഇതിന്റെ ഫലം കണ്ടുതുടങ്ങിയിട്ടുണ്ട്. അമേരിക്കയിലെ ജമാ ഹെൽത്ത് ഫോർമാറ്റിന്റെ ഒരു പഠനത്തിൽ സോഡാ ടാക്സ് നടപ്പാക്കിയ ശേഷം കൊളറാഡോ, ഓക്ലാന്റ്, കാലിഫോർണിയ, ഫിലഡാൽഫിയ, സാൻഫ്രാൻസിസ്കോ, സിയാറ്റിൽ ബൌൾസർ എന്നി പട്ടണങ്ങളിൽ പഞ്ചസാര ചേർത്ത പാനീയങ്ങളുടെ ഉപയോഗം 33 ശതമാനത്തോളം കുറഞ്ഞതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അമേരിക്കയിൽ അക്കാദമി ഓഫ് പീഡിയാട്രിക്സ്, അമേരിക്കൻ ഹാർട്ട് അസോസിയേഷൻ, ലോകാരോഗ്യ സംഘടന തുടങ്ങിയ ഏജൻസികൾ ദേശിയ തലത്തിൽ സോഡാ ടാക്സ് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട് . എന്നാൽ അമേരിക്കൻ ബീവറേജസ് അസോസിയേഷൻ ഇതിനെ എതിർത്തിട്ടുണ്ട്. ഈ മേഖലയിലെ ചില വിദഗ്ദർ പറയുന്നത് പഞ്ചസാര ചേർത്ത എല്ലാ വിഭവങ്ങൾക്കും ഉയർന്ന നികുതി ചുമത്തണമെന്നും പഞ്ചസാരയുടെ അമിതോപയോഗത്തിന്റ അനന്തര ദൂഷ്യ ഫലങ്ങളെ പറ്റി

(ശേഷം 35-ാം പേജിൽ)

# കേരളത്തിന്റെ ശാക്തേയ പാരമ്പര്യം.9

എം.ആർ.എസ് മേനോൻ - 9037126220

(തുടർച്ച.....)

കേരളത്തിലെ പതിനൊന്ന് ശാക്തേയ കാവുകളിൽ ഏറ്റവും പ്രധാന പ്പെട്ട മാടായിക്കാവിനെപ്പറ്റി നാം കഴിഞ്ഞ അദ്ധ്യായത്തിൽ കണ്ടു.

**മന്നംപുറത്ത്കാവ് - നീലേശ്വരം**

ഉത്തരമലബാറിലെ പ്രധാന പ്പെട്ട മറ്റൊരു ശാക്തേയ കാവായ നീലേശ്വരത്തെ മന്നംപുറത്ത് കാവ് മാടായിക്കാവുമായി ബന്ധപ്പെട്ട ഒന്നാണ്. നീലേശ്വരത്തിന്റെ അധിപനായിരുന്ന മന്നൻ എന്ന ഒരു ദുഷ്ടനായ നാട്ടു പ്രമാണിയുണ്ടായിരുന്നു.



മന്നംപുറത്ത്കാവ്

ആ നാട്ടിൽ ആർക്കും തോൽപ്പിക്കാൻ സാധിക്കാത്ത വിധം അയാൾ ശക്തനായിരുന്നു. ജനങ്ങൾ പൊറുതിമുട്ടി മാടായിക്കാവിലമ്മയെ ശരണം പ്രാപിച്ചു. അമ്മ തന്റെ ചൈതന്യം ശാന്തിക്കാരനിലൂടെ വെളിപ്പെടുത്തി പ്രജകളെ രക്ഷിച്ച് കൊള്ളാമെന്ന് ഏറ്റു. നീലേശ്വരത്തെത്തിയ ശാന്തിക്കാരൻ മന്നനോട് ദുഷ്പ്രവൃത്തികളിൽ നിന്ന് പിന്മാറാൻ ആവശ്യപ്പെട്ടെങ്കിലും അയാൾ അതിന് തയ്യാറായില്ല. ദേവി തന്റെ ശക്തി കൊണ്ട് അയാളെ നിർവ്വീര്യനാക്കി. അതോടെ അയാൾ അവശനും, ശക്തിഹീനനുമായിത്തീർന്നു. അയാളെ നാട്ടിൽ നിന്ന് പുറത്താക്കാനായിരുന്നു ദേവിയുടെ നിശ്ചയം. തന്നെ നാടുകടത്തല്ലേയെന്ന് ദേവിയോട് മന്നൻ ദയനീയമായി അഭ്യർത്ഥിച്ചതുകൊണ്ട്, തന്റെ സങ്കേതത്തിന് പുറത്ത് കഴിഞ്ഞു കൊള്ളാൻ ദേവി അനുവദിച്ചു. നീലേശ്വരം തളിയിൽ ശിവക്ഷേത്രത്തിന് പുറത്ത് വളരെ വലിയൊരു കാവുണ്ടായിരുന്നു. ഏതാണ്ട് ഒരു വനത്തിന്റെ പ്രതീതി ഈ കാവിന് ഉണ്ടായിരുന്നു. അവിടെ ഒരു ക്ഷേത്രം പണിത് ദേവിയെ കുടിയിരുത്തി. ക്ഷേത്ര മതിൽക്കെട്ടിന് പുറത്തായി മന്നനും സ്ഥാനം നൽകി. മന്നൻപുറത്ത് കാവ് എന്നും, ദേവിയെ മന്നൻപുറത്ത് കാവിലമ്മ എന്നും അറിയപ്പെട്ടു തുടങ്ങി. ദേവിയുടെ ചൈതന്യത്തെപ്പറ്റി അറിഞ്ഞ് ദൂരദേശങ്ങളിൽ നിന്നും ഭക്തജനങ്ങൾ എത്തിത്തുടങ്ങിയതോടെ ക്ഷേത്രം പ്രസിദ്ധമായിത്തീർന്നു. ദാരികവധത്തിന് തയ്യാറെടുക്കുന്ന ഭാവത്തിലാണ് ദേവിയുടെ പ്രതിഷ്ഠ. മാടായിക്കാവിലെപ്പോലെ ശാക്തേയ വിധി പ്രകാരം പിടാരർ വിഭാഗത്തിൽപ്പെട്ട ബ്രാഹ്മണരാണ് ഇവിടെ പൂജ നടത്തുന്നത്. കുരുമുളക് നിവേദ്യം ഇവിടുത്തെ പ്രത്യേകതയാണ്. ദുഷ്പ്രചരണങ്ങളാൽ അപമാനിതരാവുന്നവർക്ക് അതിന് പരിഹാരമാണ് ഈ പൂജ. ക്ഷേത്രമുറ്റത്തായി സത്യക്കൽ എന്നൊരു സ്ഥാനമുണ്ട്. മുൻകാലങ്ങളിൽ സത്യം തെളിയിക്കാനുള്ള ഒരു സ്ഥാനമായിരുന്നു അത്. ഇവിടെ നിന്ന് അസത്യം പറയാൻ ആരും ധൈര്യം കാണിച്ചിരുന്നില്ല ശുചീന്ദ്രത്തെ കൈമുക്ക്, ചെങ്ങന്നൂരെ വിഷപരീക്ഷ എന്നിവക്ക് തുല്യമായ ഒരു ആചാരമാണിത്. ക്ഷേത്രക്കുളത്തിൽ കുളിച്ച് ഈറനോടെ വന്ന് വേണം സത്യക്കല്ലിൽ കയറി നിന്ന് പ്രതിജ്ഞ ചെയ്യാൻ.

ചിങ്ങത്തിൽ പുത്തരി, വൃശ്ചികപ്പാട്ട്, മകരപ്പാട്ട്, പൂരം, കലശം എന്നിവയാണ് വിശേഷങ്ങൾ. വൃശ്ചികത്തിൽ കാർത്തികയാണ് ദേവിയുടെ തിരുനാൾ. മൂന്ന് ദിവസം തോറ്റം പാട്ട്, അവസാന ദിവസം വാളെഴുന്നള്ളത്ത്, അപ്പം നിവേദ്യം എന്നിവയാണ് ആ സമയത്തെ ചടങ്ങുകൾ. മകര സംക്രമം മുതൽ 8 ദിവസമാണ് മക


ERNAKULAM KARAYOGAM CENTENARY 1925-2025 സേവനം ജീവിതസാഫല്യം

രപ്പാട്ട്, രാവിലെ നാഗത്തോറ്റവും ഉച്ച കഴിഞ്ഞ് ദാരികവധം തോറ്റവുമാണ് പതിവ്. ഒമ്പതാം ദിവസം കളത്തിലരി പൂജ. നിത്യവും വാളെഴുന്നള്ളത്തും പതിവുണ്ട്. ഉത്തരമലബാറിലെ ദേവീക്ഷേതങ്ങളിലെ പ്രധാന ഒരു ആഘോഷമായ പൂരം മന്നംപുറത്ത് കാവിലും ഉത്സവമാണ്. മീനത്തിൽ കാർത്തിക മുതൽ പൂ രം വരെയാണ് ആഘോഷം. രാത്രി അലങ്കാരങ്ങളോടും കുട, ആലവട്ടം, വെഞ്ചാമരം, പന്തങ്ങൾ എന്നിവയോടും ദേവിയെ പുറത്തേക്ക് എഴുന്നള്ളിക്കും. പൂജാരിയായ പിടാടരുടെ ശിരസ്സിലാണ് തിടമ്പ് എഴുന്നള്ളിക്കുന്നത്. പൂരം നാളിൽ നഗര പ്രദിക്ഷണം നടത്തി നിലേശ്വരം ശിവക്ഷേത്രത്തിലെത്തിയ ശേഷം അടുത്തുള്ള കൈതേത്താട്ട് ചിറയിൽ ആറാട്ട് (പൂരക്കുളി ) നടക്കും.

ഇടവത്തിലെ കലശമാണ് മന്നം പുറത്ത് കാവിലെ ഏറ്റവും വലിയ ആഘോഷം. തെയ്യം, കലശം വരവ്, കാഴ്ച വരവ് എന്നിവയാണ് കലശ ഉത്സവത്തിന്റെ ചടങ്ങുകൾ. തെക്കും വടക്കുമുള്ള തീയ്യ സമുദായത്തിലെ കളരി നാഥന്മാരുടെ സാന്നിദ്ധ്യത്തിൽ കോലം കെട്ടേണ്ടവർ മടിയം കൂലോം ക്ഷേത്രത്തിലെ കലശനാളിലാണ് ഭഗവതിയുടെ മുന്നിൽ തോറ്റം പാടിക്കൊണ്ട് പ്രാർത്ഥന നടത്തുന്നത്. തുടർന്ന് നീലേശ്വരം തമ്പുരാന്റെ കോവിലകത്ത് പോയി കലശത്തിന് ദിവസം കുറിക്കും. കവുങ്ങിൻ പൂക്കുല, ചെത്തി തുടങ്ങിയവകൊണ്ട് അലങ്കരിച്ച കലശകുംഭങ്ങളിൽ മദ്യമായിരിക്കും. ഭഗവതി, പടിഞ്ഞാറ്റെ ഭഗവതി, ക്ഷേത്രപാലൻ, കൈക്കോളൻ തുടങ്ങിയവയാണ് കെട്ടിയാടുന്ന തെയ്യങ്ങൾ. തെയ്യങ്ങളുടെ മുടി ഉയർന്ന ശേഷം തെക്കും വടക്കും ഉള്ള കളരികളിൽ നിന്ന് തീയ്യ സമുദായത്തിന്റെ കലശങ്ങൾ എത്തും. ആ സമയത്ത് മുക്കുവ സമുദായത്തിൽ പെട്ടവർ അപ്പോൾ പിടിച്ച മത്സ്യങ്ങളെ തണ്ടിലേറ്റി കാഴ്ച വരവുമായി എത്തും. ജനലക്ഷങ്ങളാണ് ഈ സമയത്ത് ക്ഷേത്രത്തിൽ എത്തിച്ചേരുന്നത്. ബ്രാഹ്മണർ, തെയ്യമ്പാടി നമ്പ്യാർ, അമ്പലവാസികൾ, നായർ, തീയ്യൻ, മുക്കുവൻ തുടങ്ങി എല്ലാ സമുദായങ്ങളും ഒന്നിച്ച് ചേർന്നാലേ ഈ കാവുകളിലെ ഉത്സവം പൂർത്തിയാവൂ. ഇവിടുത്തെ തന്ത്രം മയ്യിൽ വാഴുന്നവരാണ്. ശിവൊള്ളി ബ്രാഹ്മണർക്ക് മയ്യിൽ ദേശത്തിന്റെ ആധിപത്യം നൽകിയതിനാൽ മയ്യിൽ വാഴുന്നവരായി. എല്ലാ ജാതികളും ക്ഷേത്രത്തിലെ ചടങ്ങുകളുമായി ബന്ധപ്പെട്ടതിനാൽ, ജാതീയമായ ഉച്ചനീചത്വങ്ങൾ ഉത്തര മലബാറിൽ വളരെ കുറച്ചേ അനുഭവപ്പെട്ടിരുന്നുള്ളു. ഉയർന്നതെന്നും, താഴ്ന്നതെന്നും വ്യത്യാസമില്ലാതെ എല്ലാ സമുദായങ്ങളും ഒന്നിച്ചാലേ ഉത്തര മലബാറിലെ കാവുകളിലെ അടിയന്തിരങ്ങൾ പൂർത്തിയാവൂ

## മാമാനിക്കുന്ന് മഹാദേവീക്ഷേത്രം
## ഇരിക്കൂർ (കണ്ണൂർ ജില്ല)

മഹർഷിമാർ തപസ്സ് ചെയ്ത സ്ഥലമായ മാമുനിക്കുന്നാണ് മാമാനിക്കുന്നായി മാറിയത്. മഹിഷാസുരനെ നിഗ്രഹിച്ച ശേഷം ഭദ്രകാളിയെ മുനിമാർ കുടിയിരുത്തിയ സ്ഥലമാണ് മാമാനിക്കുന്ന്.



മാമാനിക്കുന്ന് മഹാദേവീ ക്ഷേത്രം

മഹിഷാസുരവധത്തിന് ശേഷവും കാളിയുടെ കോപം ഒടുങ്ങായ്കയാൽ, പരമേശ്വരൻ ഒരു കൊച്ചു കുഞ്ഞായി ദേവിയുടെ മുന്നിൽ വന്നു നിന്നു. കുഞ്ഞിനെ കണ്ട് വാത്സല്യം കൊണ്ട് ദേവി കുഞ്ഞിന് മുല കൊടുത്തു. കുഞ്ഞ് മുലപ്പാലിലൂടെ ക്രോധവും പാനം ചെയ്തതോടെ ദേവി ശാന്തയായി. ഇവിടെ ശിവൻ ക്ഷേത്രപാലനായി ദേവിയുടെ മുന്നിൽത്തന്നെയുണ്ട്. വനവാസകാലത്ത് ശ്രീരാമൻ മാമാനിക്കുന്നിൽ താമസിക്കുമ്പോൾ ദശരഥന്റെ ചരമവൃത്താന്തവുമായി ഭരതൻ എത്തുന്നത് ഇവിടെ വച്ചാണ് എന്ന് ഒരു വിശ്വാസം കൂടിയുണ്ട്. പക്ഷേ, അത് രാമായണ മഹാഭാരത കഥകളെ പ്രാദേശികമായി ബന്ധപ്പെടുത്തുന്ന നിരവധി വിശ്വാസങ്ങളിൽ ഒന്നു മാത്രമായി കാണാം.

മലമുകളിൽ രാമമ്പള്ളി തീർത്ഥം എന്ന ജലാശയവും ഉണ്ട്.

ശത്രുക്കൾ ചെയ്യുന്ന ആഭിചാരം, വശ്യം, മാരണം തുടങ്ങിയ ദോഷങ്ങൾ തീർക്കാൻ നടത്തുന്ന മറിസ്തംഭനം നീക്കൽ ഇവിടുത്തെ പ്രധാന വഴിപാടാണ്. വിവാഹം, ജോലി എന്നിവയുടെ സ്തംഭനം നീക്കാനും ഇവിടെ ചടങ്ങുകൾ ഉണ്ട്. എന്നും അന്നദാനമാണ് ഇവിടുത്തെ മറ്റൊരു സവിശേഷത. ദേവിയുടെ അന്ന പ്രസാദം ഔഷധമായിട്ടാണ് ഭക്തന്മാർ കരുതുന്നത്. സമുദ്രമണലും, ഗണപതിഹോമത്തിന്റെ ഭസ്മവും ചേർത്തതാണ് ഇവിടുത്തെ പ്രസാദം. ചൊവ്വ, വെള്ളി ദിവസങ്ങളിൽ വലിയ തിരക്കാണ് ഇവിടെ അനുഭവപ്പെടുന്നത്. താഴേ നിന്ന് 18 പടികൾ കയറി വേണം ഇവിടെ എത്താൻ.

മറ്റ് ശാക്തേയ ക്ഷേത്രങ്ങളിലെപ്പോലെ മധു, മാംസങ്ങൾ നിവേദിക്കുന്നതിനാൽ പിടാരർമാരാണ് പൂജ. ക്ഷേത്രത്തിലെ തന്ത്രി കാട്ടുമാടമാണ്. ഉത്തരമലബാറിലെ നാടുവാഴികളായിരുന്ന കല്ല്യാട്ട് എശ്മാനന്മാരുടെതായിരുന്നു ഈ ക്ഷേത്രം.

**കളരിവാതുക്കൽ ഭഗവതി**

കണ്ണൂർ ജില്ലയിൽ വളപട്ടണത്താണ് കളരി വാതിൽക്കൽ ഭഗവതി ക്ഷേത്രം. 'എല്ലാ ഭഗവതിയോടും കളി പറയാം കളരിവാതുക്കൽ ഭഗവതിയോട് കളി പറഞ്ഞു കൂടാ' എന്ന ഉത്തരമലബാറിലെ ഒരു ചൊല്ല്തന്നെ ഭഗവതിയുടെ ഉഗ്രതയെ കാണിക്കുന്നു. മഹിഷാസുര വധം കഴിഞ്ഞയുടൻ ഉള്ള ഉഗ്രഭാവത്തിലാണ് ദേവിയുടെ പ്രതിഷ്ഠ. ദേവിയുടെ തൃക്കണ്ണുകളിൽ നിന്ന് സദാ പ്രസരിക്കുന്ന



കളരിവാതുക്കൽ ഭഗവതി ക്ഷേത്രം

ക്രോധാഗ്നിയുടെ കാഠിന്യം കുറക്കാനാണ് പരശുരാമൻ ദേവിക്ക് അഭിമുഖമായി ശിവനെ പ്രതിഷ്ഠിച്ചത് എന്ന് കരുതുന്നു, ശിവൻ കിഴക്കോട്ടും ഭദ്രകാളി പടിഞ്ഞാട്ടുമാണ് ദർശനം. മാതൃശാലയിൽ സപ്തമാതൃക്കളുടെയും വീരഭദ്രന്റെയും, ഗണപതിയുടെയും വിഗ്രഹങ്ങൾ ഉണ്ട്. ദേവിയുടെ പ്രധാന വിഗ്രഹം കടുശർക്കര യോഗത്താൽ നിർമ്മിച്ചിരിക്കുന്നതിനാൽ, പൂജ, അഭിഷേകം എന്നിവയ്ക്കായി ഒരു അർച്ചനാബിംബം വേറെയുണ്ട്. അസുര വധം കഴിഞ്ഞ് ക്രുദ്ധയും, ക്ഷീണിതയുമായ ദേവിയെ പ്രീതിപ്പെടുത്താൻ മദ്യവും, മാംസവും കൊണ്ട് പൂജ നടത്തി എന്നാണ് വിശ്വാസം ഘോരമായ വനാന്തരീക്ഷം സൃഷ്ടിക്കുന്ന കാടിന്റെ നടുവിലാണ് ക്ഷേത്രം ക്ഷേത്രത്തിൽ എത്തുമ്പോൾത്തന്നെ ഭയാനകമായ അന്തരീക്ഷം അനുഭവപ്പെടും. അരയാൽ മരത്തിൽ ആയിരക്കണക്കിന് വവ്വാലുകൾ തലകീഴായി കിടക്കുന്നത് കാണാം. നാലമ്പലത്തിന്റെ വടക്ക് ഭാഗത്ത് പഞ്ചമൂർത്തികളെ പ്രതിഷ്ഠിച്ചിട്ടുള്ളതിനാൽ, നാലമ്പലം വലം വക്കാൻ പാടില്ല. കോഴിയേയും, ആടിനേയും ബലി കൊടുത്തിരുന്നത് വടക്ക് ഭാഗത്തായതാകാം ഇതിന് കാരണം. കോലത്ത് നാട്ടിൽ കൈമുക്കി സത്യപ്രതിജ്ഞ ചെയ്തിരുന്ന സ്ഥലമായിരുന്നു കളരി വാതിൽക്കൽ. ആയിരം നായന്മാർക്ക് കളരിയായിരുന്ന പ്രസിദ്ധമായ കളരിയുടെ വാതിൽക്കലാണ് കളരി വാതുക്കൽ ആയത്. ഈ കളരിയുടെ പരദേവതയാണ് ഇവിടുത്തെ ഭഗവതി. ഈ ക്ഷേത്രത്തിന് വടക്കു പുറത്ത് കോലത്തിരി രാജാവായ വളഭൻ നിർമ്മിച്ച കോട്ടയിരുന്ന സ്ഥലമാണ് വളപട്ടണം ആയി മാറിയത്.

ഉത്തരമലബാറിലെ മറ്റ് ദേവീക്ഷേത്രങ്ങളെപ്പോലെ മീനത്തിലെ കാർത്തിക മുതൽ പൂരം വരെയുള്ള പൂരോത്സവം ഇവിടെയും വിശേഷമാണ്. തിടമ്പെഴുന്നള്ളിപ്പാണ് ഉത്തരമലബാറിലെ പല ക്ഷേത്രങ്ങളിലെപ്പോലെ ഇവിടെയും പതിവ്. ആനയ്ക്ക് പകരം ബ്രാഹ്മണരുടെ ശിരസ്സിലാണ് തിടമ്പേറ്റുന്നത് മേളത്തിനനുസരിച്ച് തിടമ്പേറ്റു

( ശേഷം 47–ാം പേജിൽ)

യാത്രാ വിവരണം

# കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളിലൂടെ ...

ഭവാനി . കെ – 9895071101

(തുടർച്ച...)

ബുഡാപെസ്റ്റിലെ ഹോട്ടലിൽ നിന്നും ചെക്ക് ഔട്ട് ചെയ്ത്, സ്ലോവോക്കിയയുടെ തലസ്ഥാനമായ പ്രേഗിലേയ്ക്ക് ബ്രാറ്റിസ്ലാവ വഴി യാത്ര തിരിച്ചു. ബ്രാറ്റിസ്ലാവയാണ് സ്ലോവോക്കിയയുടെ രാഷ്ട്രീയവും, സാമ്പത്തീകവും, സാംസ്കാരികവുമായ കേന്ദ്രം. അവരുടെ പാർലമെന്റ് മന്ദിരവും പ്രസിഡണ്ടിന്റെ കൊട്ടാരവും പുറത്തുനിന്ന് ദർശിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. വളരെ വേഗത്തിൽ അവിടെയുള്ള കാഴ്ചകൾ കണ്ട ശേഷം, ഞങ്ങൾ പ്രേഗിലേയ്ക്ക് തിരിച്ചു. അന്ന് വൈകിട്ടോടുകൂടി അവിടെ എത്തിച്ചേർന്ന ഞങ്ങൾ, രാത്രി Ramada Airport Prague-ൽ താമസിച്ചു. ഈ നീണ്ട റോഡ് യാത്രക്കിടയിൽ ഞങ്ങൾക്കറിയാൻ കഴിഞ്ഞത് യൂറോപ്പിലെ ആളുകൾ സാധാരണയായി വാങ്ങുന്നത് ഹരിതാഭയാർന്ന ചെടികളും, മരങ്ങളും കൂടുതലുള്ള സ്ഥലങ്ങളിലെ വീടുകളാണെന്നാണ്. പഴയ പ്രായമായ മരങ്ങൾ കൂടുതലുണ്ടെങ്കിൽ ആ ഏരിയ്ക്ക് വില കൂടുതലാണ്. മരങ്ങൾ ഇല്ലാത്തിടത്ത് മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി അവിടുത്തെ ഗവൺമെന്റ് തന്നെ മരങ്ങൾ വെച്ച് പിടിപ്പിക്കുകയും പച്ചപ്പ് നിലനിർത്താറുമുണ്ട് .

പിറ്റേദിവസം പതിവുപോലെ ഞങ്ങൾ രാവിലെ തന്നെ പ്രേഗിലെ മറ്റൊരു നഗരം കാണാനായി യാത്ര തിരിച്ചു. അവിടെ എല്ലായിടത്തുമുള്ളതുപോലെ തന്നെ ഈ നഗരത്തിലും വലിയ വാഹനങ്ങൾക്ക് പ്രവേശനമില്ലാത്തതിനാൽ നഗരത്തിന് പുറത്തുള്ള ഒരു സ്ഥലത്ത് ബസ്സിൽ നിന്ന് ഇറങ്ങേണ്ടി വന്നു. പ്രേഗ് അവരുടെ സാംസ്കാരിക ജീവിതത്തിന് ഏറെ പ്രശസ്തമാണെന്നും ലോക പ്രശസ്ത സംഗീത സംവിധായകൻ മൊസാർട്ട് ജീവിച്ചിരുന്നതും, അദ്ദേഹത്തിന്റെ ആദ്യ സിംഫണി അരങ്ങേറിയതും ഈ നഗരത്തിൽ തന്നെ ആയിരുന്നെന്ന് ഞങ്ങളുടെ ഗൈഡ് പറഞ്ഞുതന്നു. പ്രേഗിലേ അതിമനോഹരമായ വാസ്തു ശില്പങ്ങൾ ആരുടേയും മനം കവരുന്നതായിരുന്നു. പ്രേഗിനെ പല ഭാഗങ്ങളായി തിരിച്ചിട്ടുണ്ട്. അവിടുത്തെ പഴയ ടൗൺഹാളിലുള്ള അലാറം ക്ലോക്ക്(Astronomical Clock) കാണേണ്ടതുതന്നെയാണ്. 500 വർഷങ്ങളിൽ കൂടുതൽ പഴക്കമുള്ള ഈ ക്ലോക്ക് 24 മണിക്കൂറും സമയം കാണിക്കുന്നതിനോടൊപ്പം ശൂന്യാകാശത്ത് സൂര്യന്റെയും, ചന്ദ്രന്റെയും, നക്ഷത്രങ്ങളുടെയും യഥാർത്ഥ സ്ഥാനങ്ങളും വ്യക്തമായി കാണിക്കുന്നുണ്ട്. ലോകത്തെ ഏറ്റവും പ്രശസ്തമായ അലാറം ക്ലോക്കുകളിൽ മൂന്നാം സ്ഥാനം ഈ ക്ലോക്കിനാണ്. 12.00 മണി ആയപ്പോൾ ക്ലോക്ക് അടിക്കുന്നതും അതിലെ അക്കങ്ങൾ നൃത്തം ചെയ്തുകൊണ്ട് മുന്നോട്ട് നീങ്ങുന്നതും കണ്ടു. ഇതിലെ ചലിക്കുന്ന അക്കങ്ങൾ ക്രിസ്തു ശിഷ്യന്മാരായ 12 അപ്പോസ്തലന്മാരുടെ രൂപങ്ങളാണ്. ഇത് രാവിലെ 8.00 മണി മുതൽ രാത്രി 11.00 മണിവരെ ഓരോ മണിക്കൂറിടവിട്ടും നമുക്ക് കാണുവാൻ കഴിയും. ഈ അത്ഭുത കാഴ്ച കാണുന്നതിനുവേണ്ടി ഒരു വലിയ ജനക്കൂട്ടം ഏറെ അച്ചടക്കത്തോടുകൂടി തന്നെ അവിടെ തടിച്ചുകൂടിയിട്ടുണ്ടായിരുന്നു. ഇവിടെയും ജനങ്ങളെ നിയന്ത്രിക്കുന്നതിനു വേണ്ടി ഒരു പോലീസുകാരനെപ്പോലും ഞങ്ങൾക്ക് കാണുവാൻ കഴിഞ്ഞില്ല . എന്നിട്ടും ജനം എത്ര അച്ചടക്കത്തോടുകൂടി തന്നെയാണ് പെരുമാറിയതെന്നതിൽ അത്ഭുതം തോന്നുന്നു. അവരുടെ ഈ അച്ചടക്കത്തോടെയുള്ള സാംസ്കാരിക ജീവിതരീതിയെ ആർക്കും പ്രശംസിക്കാതിരിക്കാൻ കഴിയില്ല . ഈ അത്ഭുതകരമായ കാഴ്ചകൾക്കുശേഷം അവിടുത്തെ ഒരു ലോക്കൽ ട്രെയിനിൽ വെറുതെ ഒരു രസത്തിനായി ഞങ്ങൾ യാത്ര ചെയ്തു. ഇത്

എറണാകുളത്തെ സിറ്റി ബസിലെ യാത്രയെയാണ് ഓർമ്മപ്പെടുത്തിയത്. ഇതാണ് അവരുടെ ചെലവ് കുറഞ്ഞ പൊതുഗതാഗത രീതിയും. അപ്പോഴേക്കും രാത്രിയായിരുന്നു. ഞങ്ങൾ ഹോട്ടലിലേക്ക് മടങ്ങി.

അടുത്ത ദിവസം രാവിലെ തന്നെ ഞങ്ങൾ ഹോട്ടലിൽനിന്നും ചെക്ക് ഔട്ട് ചെയ്ത് ഓസ്ട്രിയയുടെ തലസ്ഥാനമായ വിയന്നയിലേക്കുള്ള 5 മണിക്കൂർ നീണ്ട റോഡ് യാത്ര ആരംഭിച്ചു. ഞങ്ങളുടെ പ്രഭാത ഭക്ഷണം അവിടെയുള്ള ഒരു സാധാരണ റെസ്റ്റോറന്റിൽ നിന്നുമായിരുന്നു. അത് വളരെ സ്വാദിഷ്ഠവുമായിരുന്നു. മദ്ധ്യാഹ്നത്തിന് ശേഷമാണ് ഞങ്ങൾ വിയന്നയിലെത്തിച്ചേർന്നതെങ്കിലും, അന്ന് തന്നെ ഞങ്ങൾ ആ നഗരക്കാഴ്ചകളും, മാർക്കറ്റും, പാർക്കും എല്ലാം സന്ദർശിച്ചു. .മൊസാർട്ട്, ബീഥോവൻ തുടങ്ങിയ അതിപ്രശസ്തരായ സംഗീതജ്ഞരുടെ നാടായതുകൊണ്ട് വിയന്നയെ സംഗീത നഗരമെന്നും വിളിക്കപ്പെടുന്നുണ്ട്. ലോകനിലവാരം പിടിച്ചു പറ്റിയിട്ടുള്ള മേന്മയേറിയ ചോക്ലേറ്റ്സ് നിർമ്മിക്കുന്ന അനേകം ചെറിയ ചെറിയ ഫാക്ടറികളും അവിടെയുണ്ട്. വിയന്നയിലെ പ്രസിദ്ധമായ Sachertorte എന്ന ചോക്ലേറ്റ് കേക്ക് അതിനുവേണ്ടി മാത്രമുള്ള പ്രത്യേക ഔട്ട്ലെറ്റിൽ നിന്ന് ഞങ്ങളിൽ മിക്കവരും വാങ്ങുകയുണ്ടായി. ചോക്ലേറ്റ് പ്രേമികൾക്ക് ഏറെ പ്രിയ സ്ഥലമാണ് വിയന്ന. അങ്ങനെ ഞങ്ങളുടെ യാത്ര അവസാന ഘട്ടത്തിലേയ്ക്ക് അടുത്തതിനാൽ, ഷോപ്പിങ്ങിന്റെ തിരക്കിലായി ഞങ്ങളിൽ പലരും. സായാഹ്നത്തിൽ സിറ്റിയുടെ പുറത്തുള്ള Pannonia Tower Hotel-ൽ ചേക്കേറി.

യാത്രയുടെ അവസാന ദിവസമായ ഇന്ന് രാവിലെ പ്രഭാത ഭക്ഷണത്തിനു ശേഷം ഞങ്ങൾ വിയന്ന Air Port-ലേക്ക് യാത്ര തിരിച്ചു. അങ്ങനെ കിഴക്കൻ യൂറോപ്പിന് Good Bye പറയുകയാണ്. ഹൊളിഡേ ഡിസ്ക്കവറീസ് ഒരുക്കിയ ഈ മനോഹര യാത്രയുടെ മധുര സ്മരണകളുമായി ഞങ്ങൾ നാട്ടിലേയ്ക്കുള്ള വിമാനത്തിൽ ഇടം പിടിച്ചു.

അന്ന്, മേയ് 6–ന് കൊച്ചിയിൽ, പിറന്ന മണ്ണിൽ കാലുകുത്തിയപ്പോൾ ഉണ്ടായ സന്തോഷം വിവരണാതീതമാണ്. ഒരു ചൊല്ലുണ്ടല്ലോ. കിഴക്കോ പടിഞ്ഞാറോ എവിടെയുമാകട്ടെ വീടാണ് നമുക്ക് പ്രിയമെന്ന് അത് വാസ്തവമാണ്. ഞങ്ങൾ ടൂർ അംഗങ്ങൾ' എറണാകുളം കരയോഗത്തിന്റെ അടുത്ത വിനോദ യാത്രാവേളയിൽ വീണ്ടും കാണാമെന്ന് പറഞ്ഞ് പരസ്പരം അഭിവാദ്യം ചെയ്ത് സ്വഗ്രഹങ്ങളിലേയ്ക്ക് യാത്രയായി. ■

# അനുമോദനം



ബയോടെക്നോളജിയിൽ **Bangalore REVA University** -യിൽ നിന്നും **ഡോക്ടർ ഓഫ് ഫിലോസഫി (Phd)** നേടിയ **രേണുക രവിനാഥ്.**

കരയോഗം മെമ്പറായ (L/3558) കടവന്ത്ര 'രേവതി' യിൽ രവിനാഥിന്റെയും (Rtd. Deputy Director, Integrated Fisheries Project) ശ്രീമതി. നിർമ്മല രവിനാഥിന്റെയും (Rtd. Bank Manager) മകളാണ്. ഭർത്താവ് മധു ഗോപിനാഥ്, പുഴങ്കര (Electronic Engineer). **രേണുക രവിനാഥിന്** എറണാകുളം കരയോഗത്തിന്റെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

# ജീവിതം സാക്ഷി

എം . കെ. ചന്ദ്രശേഖരൻ

അപ്രതീക്ഷിതമായിരുന്നു അവളുടെ ഭാഗത്തുനിന്നുള്ള ആ ചോദ്യം: "എന്റെ കാലശേഷം എങ്ങനെയാ നമ്മൾ കഴിയാൻ പോണെ?"

"വയറുവേദനയുണ്ട്. അഹമ്മദ് ഡോക്ടറെ കാണണം" എന്ന് പറഞ്ഞ് വെളുപ്പിനെ ഡോക്ടറെ വീട്ടിൽ പോയികണ്ട്, പിന്നെ ഫാർമസിയിൽ നിന്ന് മരുന്ന് വാങ്ങി വന്നതിനുശേഷമാണീ ചോദ്യം.

"എന്താ ഇപ്പോഴീ ചോദ്യം ചോദിക്കാൻ കാരണം?"

അല്പനേരം അയാളുടെ നേരേ നോക്കി, പിന്നെന്തോ ആലോചന - എഴുന്നേൽക്കാൻ നേരം പറഞ്ഞതിത്രമാത്രം. "എല്ലാം എറണാകുളത്തപ്പൻ നോക്കിക്കോളും."

ഇവിടെ വരുന്നതിനുമുന്നേ 36 കൊല്ലക്കാലം എറണാകുളത്തായിരുന്നു, താമസം. എങ്ങനെയും ആഴ്ചയിലൊരു ദിവസം എറണാകുളം ശിവക്ഷേത്രത്തിൽ പോകുമായിരുന്നു. ഇപ്പോൾ ആലുവായിൽ വന്നിട്ട് 15 വർഷമാവുന്നു. എങ്കിലും എറണാകുളത്തപ്പനെ മറന്നിട്ടില്ല.

അടുക്കളയിൽ കയറി ഭക്ഷണമൊക്കെ തയ്യാറാക്കി പിന്നെ ഒരു ചായയുമായി മുന്നിൽ വന്ന് പഴയ ചോദ്യം വീണ്ടുമാവർത്തിച്ചു. "അല്ലാ, ഞാൻ ചോദിക്കുവാ - എന്റെ കാലശേഷം നമ്മളെങ്ങനെയാണ് കഴിയുകാ? മക്കളാണേൽ ആരും അടുത്തില്ല. അപ്പുറമുള്ള ചേച്ചിയും അനിയത്തിയും എന്തെങ്കിലും വയ്യാണ്ടായാൽ ഓടിവരുമെന്ന് വിചാരിക്കാം. പക്ഷേ കൂടെക്കൂടെ അവരെ ബുദ്ധിമുട്ടിക്കാൻ പറ്റ്വോ?" വായിച്ചുകൊണ്ടിരുന്ന പേപ്പർ മടക്കി ടീപ്പോയിലേയ്ക്ക് വലിച്ചെറിഞ്ഞ് അയാളെഴുന്നേറ്റു.

ഇതിപ്പോൾ ഇന്ന് രണ്ടാമത്തെ പ്രാവശ്യമാണീ ചോദ്യം. അയാൾക്ക് പ്രായം 83 കഴിഞ്ഞു. ഭാര്യയ്ക്ക് ഈ ഒക്ടോബറിൽ 76 ഉം. പ്രായംകൊണ്ട് നോക്കുവാണേൽ ആദ്യം പോവേണ്ടത് അയാളാണ്. എന്നിട്ടാണ് ഒരു വയറുവേദനയുടെ പേരിൽ ഡോക്ടറെ കണ്ട് മടങ്ങി വന്നിട്ടുള്ള അവളുടെയീ ചോദ്യം.

കാര്യമായ അസുഖം രണ്ടുപേർക്കുമില്ല, എറണാകുളത്തായിരുന്നപ്പോൾ രണ്ട് വാഹനാപകടങ്ങളിൽപെട്ട് കുറെനാൾ ഹോസ്പിറ്റലിൽ കിടക്കേണ്ടിവന്നതൊഴിച്ചാൽ അയാളെ സംബന്ധിച്ചിടത്തോളം ആശുപത്രിയുടെ അന്തരീക്ഷം അന്യമാണ്. ഇപ്പോൾ ഭാര്യയ്ക്ക് വേണ്ടിയാണ് കൂടെക്കൂടെ ഡോക്ടറെ കാണാൻ പോവുന്നത്. അവളുടെ ഇപ്പോഴത്തെ ഈ അവസ്ഥയ്ക്ക് കാരണം അടുക്കും ചിട്ടയുമില്ലാത്ത ജീവിത രീതിയാണെന്നാണ് അയാളുടെ പക്ഷം. കൂടെക്കൂടെയുള്ള ചായകുടി. ഒരു ദിവസം 12-15 ചായ കുടിക്കും. ടി.വി.യുടെ മുന്നിലിരിക്കുവാണെങ്കിൽ ചായയുടെ എണ്ണം കൂടും. ഉച്ചയ്ക്ക് ഊണ് കഴിഞ്ഞാൽ - അത് പേരിനു മാത്രമുള്ള ചടങ്ങ് - വീണ്ടും ഒരു ചായ. ഇതൊക്കെ അയാൾ പറയുമ്പോൾ ശുണ്ഠിയെടുക്കും.

"അല്ല, ഇപ്പോൾ നമ്മളായോ ഡോക്ടർ? ഞാൻ പറഞ്ഞുവരണ അതൊന്നുമല്ല. നമുക്ക് രണ്ടുപേർക്കും പെൻഷനില്ല. ഇവിടെ വന്നതിനുശേഷം എറണാകുളത്തെ വീട് വാടകയ്ക്ക് കൊടുത്തത് കൊണ്ടാണ് ഇങ്ങനെയെങ്കിലും കഴിയണെ. കഴിഞ്ഞ വെള്ളപ്പൊക്കകാലത്തിനുശേഷം കുറെ നാളത്തേയ്ക്ക് വാടകയില്ലായിരുന്നു. വീടിനകത്ത് കയറിയ വെള്ളവും വരാന്തയിലെ ചെളിയും തൂത്ത് കഴുകിത്തുടച്ച് കൊടുത്തിട്ടും അവർക്ക് വീടു വേണ്ട എന്ന നി

ലയായിരുന്നു. പിന്നെ ഒരു പ്രകാരത്തിൽ സമ്മതിപ്പിക്കുകയായിരുന്നു. അപ്പോഴോ? വാടക മുമ്പ് കിട്ടുന്നതിനേക്കാൾ കുറവ്. അതും റഗുലറല്ല. എത്രനാൾ ഇങ്ങനെ കഴിയാൻ പറ്റും?"

പറഞ്ഞുവരുന്നത് എന്തിനെപ്പറ്റിയാണെന്ന് വ്യക്തമായി. അയാൾ ജോലി രാജിവെച്ച് പിരിഞ്ഞപ്പോൾ കിട്ടിയ ഗ്രാറ്റുവിറ്റിയും പി.എഫ്. തുകയും ചേർത്താണ് വീട് വാങ്ങിയത്. വീടു വാങ്ങൽചടങ്ങും പുരവാസലും കഴിഞ്ഞതോടെ പിന്നെന്ത് കയ്യിൽ?

എറണാകുളത്തായിരുന്നപ്പോൾ ഒരു പത്രത്തിന്റെ എഡിറ്റോറിയൽ സ്റ്റാഫായി കയറിപ്പറ്റിയതിനാൽ അന്നങ്ങനെയൊക്കെയങ്ങ് കഴിഞ്ഞു. ആലുവായിലേയ്ക്ക് വന്നതോടെ ആ ജോലി ഉപേക്ഷിക്കേിവന്നു.

ഇപ്പോൾ താമസിക്കുന്നത് ആലുവായിൽ പുഴയോരത്ത് നിന്ന് ഉദ്ദേശം 300 അടി ഉള്ളിലോട്ട് മാറി, മെയിൻറോഡിനോട് ചേർന്ന് മകൻ പണിത വീട്ടിൽ. തറവാട് ഭൂമി വീതം വെച്ചപ്പോൾ കിട്ടിയ സ്ഥലത്ത് പണിത വീടാണ്. ജോലിയുടെ ഭാഗമായി കുറെനാൾ മകന് അമേരിക്കയിലായിരുന്നു ജോലി. അതുകൊണ്ടാണ് ഇതൊക്കെ സാധിച്ചത്. ഇപ്പോഴവൻ ചെന്നൈയിലാണ് വീടിന്റെ കറന്റ് ചാർജ്ജും, വാട്ടർ ചാർജ്ജും, കെട്ടിട നികുതിയുമെല്ലാം അവൻ ചെന്നൈയിലിരുന്ന് ഓൺലൈനിലൂടെ അടയ്ക്കുന്നു. ഇനിയും എന്തെങ്കിലും അത്യാവശ്യമുങ്കിൽ അവനെ അറിയിച്ചാൽ മതിയെന്നാണ് പറയുന്നത്.

"ഇനിയും എല്ലാ ഭാരവും അവന്റെ തലയിലോട്ട് കെട്ടിവയ്ക്കണോന്നാണ് അവളുടെ ചോദ്യം. അവനവിടെ കുടുംബവുമായിക്കഴിയുന്നു. ഇനിയും ഇങ്ങിനെ ബുദ്ധിമുട്ടിക്കണോ?"

മക്കൾ രണ്ടുപേരുടെയും പഠിത്തം കഴിഞ്ഞ് ജോലിയിൽ കയറി, പിന്നെ വിവാഹിതരായി പോയതോടെ ആരും വീട്ടിലില്ലാത്ത അവസ്ഥ. മകൾ അവളുടെ ഭർത്താവിന്റെ ജോലി സ്ഥലമായ ഗുജറാത്തിൽ, മകൻ ചെന്നൈയിൽ. ഇപ്പോഴീ വീട്ടിൽ ഞങ്ങൾ രണ്ടുപേർ മാത്രം.

ഭാര്യയുടെ ജോലി കഴിഞ്ഞതോടെ കാര്യങ്ങളെല്ലാം വീണ്ടും കൈവിട്ടുപോകുന്നു. എറണാകുളത്തെ വീട്ടുവാടകകൊണ്ട്മാത്രം എങ്ങനെ മുന്നോട്ട് പോവാനാവും? അതും വാടക സ്ഥിരമായി ലഭിക്കാത്ത അവസ്ഥയിൽ.

കുറെയൊക്കെ എഴുതുന്ന സ്വഭാവം അയാൾക്ക് പണ്ടു മുതലേ ഉള്ളതുകൊണ്ട് അത്ര മോശമല്ലാത്ത വരുമാനം പലപ്പോഴും കിട്ടിയിരുന്നു. പക്ഷേ, കോവിഡിനുശേഷം അയാളുടെ രചനകൾ വന്നുകൊണ്ടിരുന്ന പ്രസിദ്ധീകരണങ്ങൾ ചിലതൊക്കെ നിന്നുപോയിരിക്കുന്നു. ഇപ്പോഴുള്ള പ്രസിദ്ധീകരണങ്ങളിൽനിന്നുള്ള വരുമാനം കിട്ടാൻ താമസമേറെ. പ്രസിദ്ധീകരിക്കപ്പെട്ട സൃഷ്ടികൾ പുസ്തക രൂപത്തിലാക്കാൻ ഏറെ നാൾ ക്യൂ നിൽക്കേണ്ട അവസ്ഥ. അല്ലെങ്കിൽ സ്വന്തം നിലയ്ക്ക് പുസ്തകമിറക്കാനുള്ള മാർഗ്ഗം നോക്കണം.

ഏറെനാളായി നിർത്തിവച്ചിരുന്ന ഷെയർമാർക്കറ്റ് ബിസിനസ്സിൽ പ്രവേശിക്കാൻ കഴിഞ്ഞുവെന്നതാണ് ഭാര്യയുടെ ഇപ്പോഴത്തെ ഏക ആശ്വാസം. ലഭിക്കുന്ന വരുമാനത്തിന് പരിധിയുണ്ട്. എങ്കിലും മക്കളെ ആശ്രയിക്കേണ്ട എന്ന നിലപാടായിരുന്നു.

എറണാകുളത്തായിരുന്നപ്പോൾ പല ചാനലുകൾക്ക് വേണ്ടിയും വാരികകൾക്കുവേണ്ടിയും പിന്നെ ചില പത്രങ്ങളുടെ ഞായറാഴ്ച പതിപ്പുകൾക്കുവേണ്ടിയും രാഷ്ട്രീയ-സാംസ്കാരിക തലപ്പത്തുള്ളവരെ ഇന്റർവ്യൂ ചെയ്യാനുള്ള അവസരം ഉണ്ടായിട്ടുണ്ട് പക്ഷേ അതുമൂലം ഉള്ള ക്രിയേറ്റിവിറ്റി നഷ്ടപ്പെടുന്ന അവസ്ഥയാണ് വന്നുചേർന്നത്. ആലുവായിലേക്ക് വന്നതിനു ശേഷമാണ് എന്തെങ്കിലും എഴുതാനായുള്ളു.

"എന്തിനിങ്ങനെ എഴുതിക്കൂട്ടുന്നു? എന്തെങ്കിലും കാര്യസാദ്ധ്യത്തിന് പ്രയോജനമുണ്ടോ? ഈ വീട്ടിൽ എന്തെങ്കിലും പുറംപണി ചെയ്യേതുണ്ടെങ്കിൽ കാശ് ഞാൻ തന്നെ കൊടുക്കണം."

അവളുടെ കുറ്റപ്പെടുത്തലിൽ ന്യായമുണ്ട്. ജോലിയിൽനിന്ന് പിരിഞ്ഞതിനുശേഷം ഷെയർ

മാർക്കറ്റിൽ സജീവമായതുകൊണ്ട് എന്തെങ്കിലും വരുമാനം കിട്ടുന്നുണ്ട്. സർഗ്ഗാത്മകത കൊണ്ടു നടക്കുന്ന അയാൾക്കോ?

“എനിക്കേതായാലും ഡോക്ടറെ കാണുന്നതിനും അത്യാവശ്യം മരുന്നു മേടിക്കുന്നതിനും ഇതൊക്കെക്കൊണ്ട് സാധിക്കുന്നുണ്ട് നമുക്കോ?”

“എനിക്കെന്തിനാണ് ഡോക്ടറെ കാണുന്നത്? മുമ്പ് എറണാകുളത്തുവച്ചുണ്ടായ രണ്ട് വാഹനാപകടങ്ങളിൽപ്പെട്ട് കുറെനാൾ ഹോസ്പിറ്റലിൽ കിടക്കേണ്ടി വന്നതൊഴിച്ചാൽ പിന്നീടൊരിക്കലും ഹോസ്പിറ്റലിൽ കയറേണ്ടിവന്നിട്ടില്ല. അന്ന് ബാങ്കിലുണ്ടായിരുന്ന തുകകൊണ്ടും വാടകയിനത്തിൽ കുറെ അഡ്വാൻസ് കിട്ടിയതുകൊണ്ടും കാര്യമായ ബുദ്ധിമുട്ടുണ്ടായില്ല. ഇപ്പോഴേതായാലും പറയത്തക്ക അസുഖങ്ങളില്ല.”

അവൾ പ്രതികരിക്കാതിരുന്നത് അപ്പറഞ്ഞതിൽ കുറെ സത്യമുള്ളതുകൊണ്ടാണ്. അവൾ ഡോക്ടറെ കാണാൻ പോകുമ്പോൾ കുടെ പോവുന്നു. സ്വന്തം ആവശ്യത്തിന് പോവുന്നില്ല.

പക്ഷേ, അയാളുടെ വീമ്പു പറച്ചിലിന് അധികദിവസത്തെ അയുസ്സുണ്ടായില്ല. കുളിമുറിയിൽനിന്ന് പുറത്തേയ്ക്ക് കടന്ന സമയം - പെട്ടെന്നെന്നോണം ഉണ്ടായ തലചുറ്റൽ. നിന്ന നിൽപിൽ വീഴുകയായിരുന്നു. പിന്നെ കണ്ണു തുറന്നത് ടൗണിലെ ഹോസ്പിറ്റലിൽ. കട്ടിലിന്റെ തലയ്ക്കൽ ഡ്രിപ്പ് സ്റ്റാൻഡിൽ നിന്നും തൂക്കിയിട്ടിരിക്കുന്ന കുപ്പിയിൽനിന്ന് ദേഹത്തിലേയ്ക്ക് പിടിപ്പിച്ചരിക്കുന്ന ട്യൂബുവഴി ഒഴുകുന്ന വെള്ളം.

“എന്താണുണ്ടായത്?” തല ചെരിക്കാൻ തുടങ്ങിയപ്പോൾ പിൻവശത്ത് വേദന.

“അനങ്ങണ്ട, തലയുടെ പിന്നിൽ നെടുനീളത്തിലാണ് മുറിവ്. സ്റ്റിച്ചിട്ടിരിക്കുവാ.” “ഇതെങ്ങനെ”എന്ന് ചോദിക്കേണ്ടിവന്നില്ല. കാലത്ത് കുളി കഴിഞ്ഞ് വരേണ്ടയാളെ കാണാതായപ്പോൾ ഒന്നു രണ്ട് പ്രാവശ്യം വിളിച്ചു. കാപ്പികുടിക്കേണ്ട സമയമായിട്ടും കാണാഞ്ഞപ്പോഴാണ് മുറിയിലോട്ട് ചെന്നത്. ബാത്ത് റൂമിലും ബെഡ്റൂമിലുമായിട്ടാണ് കെടപ്പ്, അനക്കമില്ലാതെ. വിളിയും ബഹളവും കേട്ട് ചേച്ചിയും മകളും അവളുടെ ഭർത്താവും ഓടിവന്നു. അവരുടെ കാറിൽ നേരെ ഇങ്ങോട്ട് പോരികയായിരുന്നു. തലയുടെ പിറകിൽ ചോര കട്ടപിടിച്ചുകിടപ്പുണ്ടായിരുന്നു. ആ ഭാഗത്തെ മുടിയല്പം വെട്ടിമാറ്റിയാണ് സ്റ്റിച്ചിട്ടതും ഡ്രസ്സ് ചെയ്തതും. രാത്രിയാവുന്നതിനുമുന്നേ തന്നെ പോരാൻ പറ്റി. സോഡിയത്തിന്റെ കുറവായിരുന്നു.

വീട്ടിൽ വന്ന് ഒരാഴ്ചയോളം കിടപ്പായിരുന്നു. പിന്നീട് ഒരിക്കൽകൂടി ഹോസ്പിറ്റലിൽ പോയി. സ്റ്റിച്ചെടുത്ത് പോരാൻ നേരം ഡോക്ടർ പറഞ്ഞു. “നടക്കുമ്പോൾ സൂക്ഷിക്കണം. ഒരാഴ്ചകൂടി റെസ്റ്റെടുക്കണം. തന്ന മരുന്നുകളൊക്കെ കഴിച്ചാൽ മതി. എല്ലാം നോർമലായിക്കോളും.”

(ശേഷം 43-ാം പേജിൽ)


## 31-ാം ചരമവാർഷികം

**21. 01. 2025**



**മേലങ്ങത്ത് ഗോവിന്ദൻകുട്ടി മേനോൻ**

**‘മേലങ്ങത്ത്’**

**ആലപ്പാട്ട് റോഡ്, രവിപുരം, കൊച്ചി-682016**

*സപ്ത കുടുംബാംഗങ്ങൾ*

# ബുദ്ധിയിൽ നിന്നും നിർമ്മിത ബുദ്ധിയിലേയ്ക്ക്... (4)

സി. രാമചന്ദ്രൻ - 9995820684

തുടർച്ച....

**അഹം ബ്രെയിനാസ്മി**

മനസ്സ് എന്ന് നാം പലപ്പോഴും പറയാറുണ്ട്. മനസ്സിന് ശരീരത്തിൽ നിന്ന് വേറിട്ട അസ്തിത്വമുണ്ടെന്നും പറയാറുണ്ട്. മനസ്സിന്റെ തന്നെ ഉയർന്ന സങ്കൽപ്പമാണ് ആത്മാവ്. എന്നാൽ മനസ്സ്, ആത്മാവ് എന്നിവയെല്ലാം മസ്തിഷ്കത്തിന്റെ പ്രവർത്തനങ്ങളുടെ ആകത്തുകയാണ്. മനസ്സും, ആത്മാവും നെഞ്ചിൻകൂട്ടിനകത്തല്ല തലയോട്ടിക്കകത്താണ്. വിഭാവനചെയ്യാനുള്ള മനുഷ്യ മസ്തിഷ്കത്തിന്റെ അതുല്യമായ വൈഭവമാണ് വേറിട്ടൊരാത്മാവുണ്ടെന്ന തോന്നലിലേയക്ക് മനുഷ്യനെ എത്തിച്ചത്. തന്നിൽ നിന്ന് അകന്നു നിന്ന് തന്നെത്തന്നെ നോക്കുവാനും, ഭുമിയിൽ നിന്നകന്നുനിന്ന് ഭൂമിയെ കാണുവാനും, സൗരയൂഥത്തിൽ നിന്നകന്നുനിന്ന് സൗരയൂഥത്തെ നോക്കിക്കാണുവാനും അനേക സൗരയൂഥങ്ങളുടങ്ങിയ ഗാലക്സിയെ ഭാവനയിൽ കാണുവാനും മനുഷ്യനെ അവന്റെ മസ്തിഷ്കത്തിന്റെ വിഭാവനശേഷി സഹായിക്കുന്നു.

മനുഷ്യനൊഴിച്ചുള്ള ജൈവജന്തുജാതികൾക്കെല്ലാം നൈസർഗ്ഗികവാസനകളാണുള്ളത്. മനുഷ്യ മസ്തിഷ്കത്തിന്റേതുപോലുള്ള സങ്കീർണതകളവയ്ക്കില്ല, അതുകൊണ്ടാണ് അവയുടെ ജീവിതങ്ങൾ പരിഷ്കരിക്കപ്പെടാതെ തുടരുന്നത്. മനുഷ്യന് വാസസ്ഥലമുണ്ടാകുന്നതിന് മുൻപ് മരക്കൊമ്പുകളിലും ഗുഹകളിലും ജീവിക്കുമ്പോൾ പക്ഷികൾക്കും, തേനീച്ചകൾക്കും, ഉറുമ്പുകൾക്കും മറ്റും അതുണ്ടായിരുന്നു. എന്നാൽ പക്ഷികളും, തേനീച്ചകളും, ഉറുമ്പുകളും സഹസ്രാബ്ദങ്ങൾക്കുശേഷവും പഴയപടി തുടരുമ്പോൾ മനുഷ്യന്റേതിന് സമാനതകളില്ല. മനുഷ്യൻ പരിശീലിപ്പിക്കുമ്പോഴാണ് ചില വളർത്തു ജന്തുക്കൾ ബുദ്ധിയുടെ ലക്ഷണങ്ങൾ കാണിക്കുന്നത്. മൃഗങ്ങളെയും പരിശീലിപ്പിക്കാനേ കഴിയു; പഠിപ്പിക്കാനാവില്ല. തത്തമ്മ പൂച്ച എന്ന് പറയുന്നത് ആവർത്തിച്ച് പരിശീലിപ്പിക്കുമ്പോഴാണ്. മിറർ ന്യൂറോണുകളുടെ ആദിമരൂപപരിണാമം അതിന്റെ മസ്തിഷ്കത്തിൽ രൂപം കൊള്ളുന്നതുകൊണ്ടാണതിനത് സാധ്യമാകുന്നത്. പക്ഷിക്ക് ഭാഷ അറിയുമായിരുന്നെങ്കിൽ വേടന്മാർ പട്ടിണി കിടന്നേനെ.

തലച്ചോറുൾപ്പെടെയുള്ള മനുഷ്യശരീരം ദ്രവ്യ ജൈവ കോശങ്ങളുടെ സമുച്ചയമാണ്. അവയവങ്ങൾക്ക് പലതിനും സ്വതന്ത്രമായി നിലനിൽക്കാനാവും. അതുകൊണ്ടാണ് അവയവമാറ്റങ്ങൾ സാധ്യമാകുന്നത്. മസ്തിഷ്കമിരിക്കുന്ന ഭാഗമായതിനാലാണ് തല മാറ്റിവെക്കാനാവാത്തത്. നാം നമ്മുടെ മസ്തിഷ്കമാണ്-അഹം ബ്രയിനാസ്മി. മനസ്സ് എന്നത് അറിവിൽ നിന്നുണ്ടാകുന്നതും, അതിനെക്കുറിച്ചെല്ലാമുണ്ടാകുന്ന ബോധവുമാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ നാം ചെലുത്തുവാൻ ശ്രമിക്കുന്ന വൈഭവവും ഇതിനോടുസമാനമാണ്.

മരണശേഷം ശരീരത്തിലുൾപ്പെട്ട ദ്രവ്യങ്ങൾ വിഘടിച്ച് അതിന്റെ ഉറവിടമായ പ്രപഞ്ചത്തിലേക്ക് തിരിച്ച് പോകുന്നു. “മനുഷ്യാ നീ ദ്രവ്യമാകുന്നു”, ദ്രവ്യമായി തിരിച്ചു പോകുന്നു. എന്നാൽ തിരിച്ചുപോകാത്ത ഒന്നുണ്ട് -അത് ആർജ്ജിച്ച അറിവാണ്. തലമുറകൾ കടന്നു പോകുന്ന അറിവ്. ഈട്ടം കൂടി ഭീമാകാരമായി വരുന്ന അറിവ്. മനുഷ്യനെ അനന്യനാക്കുന്നതുമതാണ്. പ്രപഞ്ചത്തിൽ നിന്നുവേറിട്ട എന്തോ ആണ് മനുഷ്യൻ എന്ന മിഥ്യാധാരണയുണ്ടാക്കുവാനും

അത് കാരണമായി. തലമുറകളിലൂടെ ആർജ്ജിച്ചെടുത്ത അറിവുകളാണ് ഭാവിയെ കരുപ്പിടിപ്പിക്കാൻ മനുഷ്യന് സഹായകമാകുന്നത്. ജീവിതത്തിന്റെ അർത്ഥവും അർത്ഥമില്ലായ്മയും കണ്ടെത്തുവാൻ ശ്രമിക്കുന്നത് മനുഷ്യനാണ്, മനുഷ്യൻ മാത്രമാണ്, മനുഷ്യ മസ്തിഷ്കമാണ്.

ശരീരഘടനാപരമായി മനുഷ്യൻ ആൾക്കുരങ്ങുതന്നെയാണ്. നിവർന്നുനില്ക്കാനാവുന്നു എന്ന വ്യത്യാസമേയുള്ളൂ. ചിമ്പൻസിയുടെയും മനുഷ്യന്റെയും DNA യുടെ 99 ശതമാനവും സമാനമാണ്. ഒരു ശതമാനത്തിനു മാത്രമേ മാറ്റമുള്ളൂ. ആൾക്കുരങ്ങുകൾ വനാന്തരങ്ങളിൽ ചിന്താ പ്രാരാബ്ധങ്ങളില്ലാതെ കഴിയുമ്പോൾ മനുഷ്യൻ ഭാഷ സൃഷ്ടിക്കുന്നു, എഴുതുന്നു, അറിവിനായി ഉഴറുന്നു, അക്ഷരങ്ങളിൽനിന്ന് അക്കങ്ങളിലേക്ക് കടക്കുന്നു, സ്വന്തം ഉള്ളറകളന്വേഷിക്കുന്നു, പ്രപഞ്ചത്തിന്റെ ഉള്ളറകളിലേയ്ക്ക് ഊളിയിടുന്നു.

മസ്തിഷ്കത്തെക്കുറിച്ച് ഒരു ലേഖനപരമ്പര ഈ ലേഖകൻ തന്നെ കരയോഗ സൗഹൃദത്തിൽ പ്രസിദ്ധികരിച്ചിരുന്നു. കഴിയുമെങ്കിൽ പഴയ കോപ്പികളിൽ നിന്ന് അത് തപ്പിപ്പിടിച്ചാൽ നന്ന്. പതിനായിരം കോടി നാഡീകോശങ്ങൾകൊണ്ടാണ് മസ്തിഷ്കത്തിന്റെ നിർമ്മാണം. കെട്ടുപിണഞ്ഞുകിടക്കുന്ന സാങ്കേതിക പദവിവരണങ്ങൾ തല്ക്കാലം ഇല്ല.

ഒരിടത്ത് സ്ഥിരമായി നിൽക്കുന്ന സസ്യങ്ങൾക്ക് നാഡീകോശവ്യവസ്ഥയുടെയോ മസ്തിഷ്കത്തിന്റെയോ ആവശ്യമില്ല. എന്നാൽ ജന്തുക്കളുടെ സ്ഥിതിയതല്ല. ഭക്ഷണം തേടണം, ഭക്ഷണമാകാതെ നോക്കണം, അപകടങ്ങളിൽനിന്ന് ഒഴിയണം-അങ്ങനെ മസ്തിഷ്കം പരിണാമപരമായ ആവശ്യങ്ങളാണ് നിർവഹിക്കുന്നത്. സങ്കീർണത ഏറ്റവും കൂടുതലുള്ളത് സസ്തനികളിലും, അതിന്റെ പാരമ്യം മനുഷ്യനിലുമാണ്.

മസ്തിഷ്ക പ്രക്രിയ പ്രകടമാകുന്ന പഴക്കമുള്ള ജന്തു 'എഗ്നാത്ത' എന്ന താടിയില്ലാത്തതും നട്ടെല്ലുള്ളതുമായ മത്സ്യമാണ് . ഇവയ്ക്കു അൻപതുകോടിവർഷം പഴക്കമുണ്ട്. നട്ടെല്ലികളുടെ ഉയർന്നരൂപമായ സസ്തനികൾക്ക് ഇരുപതുകോടി വർഷം പഴക്കമേയുള്ളു. മനുഷ്യ പൂർവ്വികന് 40 ലക്ഷം വർഷങ്ങളുടെ ചരിത്രത്തുടക്കമേയുള്ളു എങ്കിലും മനുഷ്യന്റെ മസ്തിഷ്ക പരിണാമം മത്സ്യത്തിൽ തുടങ്ങിയ അൻപതുകോടി വർഷങ്ങളുടേതാണ്.

മസ്തിഷ്കത്തിന്റെ സെറിബ്രൽ അർത്ഥഗോളങ്ങൾ സസ്തനികളിൽ വികസിക്കുന്നുണ്ടെങ്കിലും അവയെ തമ്മിൽ ബന്ധിപ്പിക്കുന്ന കോർപ്പസ് കലോസം ഉയർന്ന ജീവി വിഭാഗങ്ങളിലേക്കുവരുമ്പോഴേ ഉണ്ടാകുന്നുള്ളൂ. ശരീര ഭാരവും, മസ്തിഷ്ക ഭാരവും തമ്മിലുള്ള അനുപാതമനുസരിച്ചാണ് കഴിവും, പ്രാപ്തിയും. താരതമ്യം താഴെ പട്ടികയിൽ കാണാം:

| ജീവി | ഭാരം (കിലോ) | മസ്തിഷ്ക ഭാരം(കിലോ) | ശതമാനം |
|---|---|---|---|
| നീലത്തിമിംഗലം | 60000 | 6 | 0.01 |
| ആന | 6000 | 6 | 0.1 |
| സിംഹം | 200 | 0.2 | 0.1 |
| മനുഷ്യൻ | 70 | 1.3 | 1.9 |

മനുഷ്യപൂർവ്വികനായ ഹോമോഇറക്ടസ്സിന്റെ ശരീരഭാരം മനുഷ്യന്റേതിനോട് തുല്യമായിരുന്നെങ്കിലും, തലച്ചോറിന്റെ ഭാരം പകുതിപോലുമില്ലായിരുന്നു. മനുഷ്യശരീരം ഉപയോഗിക്കുന്ന മൊത്തം ഊർജ്ജത്തിന്റെ ഇരുപത് ശതമാനവും വിനിയോഗിക്കുന്നത് രണ്ടു ശതമാനം മാത്രമുള്ള മസ്തിഷ്കമാണ്.

മത്സ്യക്കുഞ്ഞിനെ നീന്തൽ പഠിപ്പിക്കേണ്ടതില്ല. എന്നാൽ മനുഷ്യനെ അത് പ്രത്യേകം പഠിപ്പിക്കണം. പശു പ്രസവിച്ച് കുട്ടിയുടെ ശരീരത്തിൽനിന്ന് ദ്രാവകം ഇറ്റുവീണുകൊണ്ടിരിക്കുമ്പോൾത്തന്നെ അതു നില്ക്കാനും, നടക്കാനും, ഓടാനും തുടങ്ങും. എന്നാൽ മനുഷ്യനെ സംബന്ധിച്ച് അത് മാസങ്ങളും വർഷങ്ങളുമെടുക്കും. മസ്തിഷ്കത്തിന് വളർച്ചയെത്തുവാൻ അനവധി വർഷങ്ങൾ തന്നെവേണം. മനുഷ്യന് മനുഷ്യത്വം നൽകുന്നത് വികാസം പ്രാപി

ച്ച ദർപ്പണ നാഡീകോശങ്ങളാണ് (Mirror Neurons). മനുഷ്യ മസ്തിഷ്കത്തിന്റെ കൂട്ടായ്മ കളിൽ നിന്നാണ് സംസ്കാരമുണ്ടാകുന്നത്. ഭാഷയും അനുകരണവുമാണ് വിജ്ഞാന വിനി മയത്തിന്റെയും, സാംസ്കാരിക വിനിമയത്തി ന്റെയും മാധ്യമങ്ങൾ. മറ്റൊരാളുടെ വീക്ഷണവു മായി താദാത്മ്യം പ്രാപിക്കാൻ മനുഷ്യനാകും. മറ്റൊരാളുടെ വീക്ഷണമെന്തായിരിക്കുമെന്ന് വി ഭാവന ചെയ്യുവാനും മനുഷ്യനാകും. സ്വതന്ത്ര ചിന്തയുടെ വളർച്ചയും തളർച്ചയും ഇതിനോ ടനുബന്ധിച്ചാണ് കലയുടെ ശാസ്ത്രവും, ശാ സ്ത്രത്തിന്റെ കലയും ഇവിടെ തുടങ്ങുന്നു.

മനുഷ്യന്റെ സ്വനപേടകം ശബ്ദവിന്യാ സങ്ങൾക്ക് പ്രാപ്തമാകുംവിധം വികസിച്ചത് അരലക്ഷം വർഷങ്ങൾക്ക് മുമ്പ് മാത്രമാണ് മസ്തിഷ്കത്തിന് ഭാരമുണ്ടായിരുന്നെങ്കിലും ചി ന്തയിൽ വിപ്ലവമുണ്ടായത് അതിനു ശേഷമാണ്. ഭാക്ഷയുടെ ഉത്പത്തി എന്ന വിപ്ലവകരമായ വൈജ്ഞാനിക വ്യതിയാനം അവിടെ ഉണ്ടാ കുകയാണ്. സ്വര വിന്യാസങ്ങൾക്കനുസരിച്ച് മസ്തിഷ്കം പ്രവർത്തന നിരതമാകുമ്പോഴേ ഭാഷ സാധ്യമാകൂ-സംഗീതം സാധ്യമാകൂ. മസ്തി ഷ്കം അതിന്റെ തന്നെ സോഫ്റ്റ്‌വെയറുകൾ നിർമ്മിക്കുന്നതിൽ നിരതമായി. വേട്ടയാടാനും, ഇടിക്കാനും, പൊടിക്കാനും, വേവിക്കുവാനും മറ്റുമുള്ള യാന്ത്രികോപകരണങ്ങൾ മാത്രമല്ല, സാമൂഹ്യമായ കൂട്ടുജീവിതത്തെ സഹായിക്കുന്ന ഗോത്ര നിർമ്മിതി, മത നിർമ്മിതി, ദൈവ നിർമ്മിതി തുടങ്ങിയ സാമൂഹ്യനിർമ്മിതികളുടെ സൃഷ്ടികളും ഇവിടെ തുടങ്ങുന്നു. അതിലെല്ലാം യുക്തിയുടെ വൈഭവമുണ്ട്. ഇതെല്ലാംതന്നെ മനുഷ്യ സമൂ ഹത്തിന്റെ അതിജീവനത്തിന് സഹായകമായി.

(തുടരും...)

# തിരുവാതിര ആഘോഷം

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ, തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് മകയിരം നോയമ്പ്, 2025 ജനുവരി മാസം 11-ാം തീയതി ശനിയാഴ്ച (ധനു-27) മകയിരം നാളിൽ മുൻവർഷത്തെപ്പോലെ വിപുലമായ രീതിയിൽ ടി.ഡി.എം. ഹാളിൽ വൈകുന്നേരം 7.00 മണി മുതൽ ആചരിക്കുന്നു.

ഏവർക്കും സ്വാഗതം

**ജനറൽ സെക്രട്ടറി**

**മിനിക്കഥ**

ഉണ്ണി വാരിയത്ത് - 9867179480

# 'ദോഷം'

കണ്ടതും കേട്ടതുമെല്ലാം അവൾ എല്ലാവരോടും പറഞ്ഞുനടക്കും. അറിയുന്നതെല്ലാം പറയാനുള്ളതല്ലെന്ന് അവൾക്കു തോന്നിയില്ല. അതായിരുന്നു അവളുടെ ദൗർബ്ബല്യം.

കൂടാതെ, പറയുന്നതെല്ലാം അറിയുന്നതാകണമെന്നും അവൾക്ക് നിർബ്ബന്ധമില്ലായിരുന്നു. അതായിരുന്നു അവളുടെ കാപട്യം.

ദൗർബ്ബല്യമായാലും കാപട്യമായാലും അത് ദോഷം ചെയ്യുമല്ലോ!

ജീവിതാനുഭവങ്ങൾ

# ചതുരംഗ വീഥി

ഹരിഹരനന്ദനൻ - 99625 83139

(തുടർച്ച.....)

**സ്ഥലം, കാലം, സംഭവം പിന്നെ ഭാഗ്യം**

ഏതൊരു കാര്യത്തെയും സ്ഥലത്തിന്റെയും, കാലത്തിന്റെയും കൂടെ ചേർത്താണ് വിവരിക്കേണ്ടതെന്നുള്ളത് ഞങ്ങൾ പത്രപ്രവർത്തകരുടെ ഒരു അലിഖിത നിയമമാണ്. അതായത്, ഒരു സംഭവം നടക്കുമ്പോൾ അത് നടന്ന വർഷം, മാസം തുടങ്ങിയ വിവരങ്ങൾ കാലത്തിനോട് അതിനെ ബന്ധിക്കുന്നു; അത് പോലെ സ്ഥലം അതിനു ഒരു ശാഖ കൂടി കൊടുക്കുന്നു. ആര്, എന്തിന്, എങ്ങിനെ, എന്തുകൊണ്ട് എന്നത് കൂടിയാവുമ്പോൾ അഞ്ചു ഡബ്ലിയൂകളും ഒരു എച്ചും ചേരുന്നു. ഞാൻ ഇതിന്റെ കൂടെ ഭാഗ്യം എന്ന ഒരേഴാം സ്വർഗം കൂടി ചെസ്സിൽ എന്റെ അനുഭവ പുസ്തകത്തിൽ എങ്ങിനെ വന്നു ചേർന്നിരുന്നു എന്നതിലേക്കാണ് നോക്കുന്നത്.

1984 ലോക ചെസ്സ് ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു. രണ്ടു സോവിയറ്റ് പടയാളികൾ ലോക ചെസ്സ് കിരീടത്തിനു വേണ്ടി പോരാടുന്നു എന്നത് വലിയ വാർത്തയല്ല. കാരണം സോവിയറ്റ് യൂണിയന്റെ ചെസ്സ് മേധാവിത്തം ഇത്തരം സോവിയറ്റ് സോവിയറ്റ് മത്സരങ്ങൾക്ക് മുൻപും സാക്ഷ്യം വഹിച്ചിട്ടുണ്ട്. എന്നാൽ ഇത്തവണത്തെ പ്രത്യേകത അതിലൊരാൾ സോവിയറ്റ് ഭരണകൂടത്തിന്റെ ഇഷ്ട തോഴനാണ് എന്നതാണ്. അനാട്ടോളി കാർപ്പോവ് നിലവിലുള്ള ചാമ്പ്യൻ മാത്രമല്ല, സോവിയറ്റ് യൂണിയന് ലോകത്തിന്റെ മുൻപിൽ നിർത്താവുന്ന ശക്തിയുടെ പ്രതീകമാണ്. ഒരു കണക്കിന് അവർക്കു ഇത്തരം മേധാവിത്ത പ്രതീകങ്ങൾ ആവശ്യമായിരുന്നു. എതിരാളിയോ, പ്രായം കുറഞ്ഞ അർദ്ധ ജൂത പാതി സോവിയറ്റ് രക്തമുള്ള ഗാരി കാസ്പറോവും. രണ്ടു പേരും സോവിയറ്റ് കളിക്കാരാണെങ്കിലും ക്രെംലിനു ഒരൽപം ഇഷ്ടക്കൂടുതൽ മൂന്നു തവണ തുടർച്ചയായി ജേതാവായ അനട്ടോളിയോടായിരുന്നു. അത് പ്രകടമായത് ആ മത്സരം മാസങ്ങളോളം നീണ്ടു നിന്ന് ചെസ്സിന്റെ ഭരണഘടനയെതന്നെ മാറ്റിമറിക്കുന്ന നീക്കങ്ങൾ സൃഷ്ടിച്ചു എന്നതാണ്. അതുവരെ നിലനിന്ന മത്സര നിയമങ്ങളിൽ പ്രധാനമായത് ആദ്യം ആര് ആറു കളികൾ ജയിക്കുന്നുവോ, അയാളായിരിക്കും ലോക ചാമ്പ്യൻ എന്നതാണ്. അതിൽ സമനിലകൾ കണക്കിലെടുക്കില്ല എന്നതും ഉണ്ടായിരുന്നു. സാധാരണ ഗതിയിൽ ഇരുപതു, ഇരുപത്തിരണ്ടു കളികളിൽ മത്സരം അവസാനിക്കുകയാണ് പതിവ്. പക്ഷെ മോസ്കൊയിൽ നടന്ന ഈ മത്സരത്തിൽ ആദ്യം അഞ്ചു ഒന്ന് എന്ന ലീഡ് നേടിയ കാർപ്പോവ് പിന്നെ സമനിലകളിലേക്ക് നീങ്ങുകയും സമയം അങ്ങിനെ കുറെ പോവുകയും ചെയ്തു. ആഴ്ചകളും, മാസങ്ങളും ആയപ്പോൾ ലോകം മുഴുവൻ ഈ മത്സരം ശ്രദ്ധിക്കുവാൻ തുടങ്ങി. കാരണം, അത് വരെ കണക്കിലെടുക്കാത്ത ഒരു സാധ്യതയാണ് അവിടെ നടന്നത്. സമനിലകൾക്കിടയിൽ, രണ്ടു കളികൾ കൂടി കാസ്പറോവ് ജയിച്ചതോടെ അഞ്ചു മാസങ്ങൾ കഴിഞ്ഞു പോയിരുന്നു നാൽപ്പതു സമനിലകളും, അങ്ങിനെ നാല്പത്തെട്ടു കളികളിൽ നിന്ന ആ മത്സരത്തിൽ കാർപ്പോവിന്റെ ആരോഗ്യനിലയിൽ ആശങ്കപ്പെട്ട ലോക ഫെഡറേഷൻ, ആ മത്സരം അവിടെ ഉപേക്ഷിക്കുകയും പിന്നീട് ഇരുപത്തിനാല് കളികളുള്ള ഒരു മത്സരം നടത്താൻ തീരുമാനിക്കുകയുമായിരുന്നു. പിന്നീട് ആ ഇരുപത്തിനാലു ഒരു നിയമമായി മാറുകയും, കാലക്രമേണ ഇപ്പോൾ ഇന്ത്യയുടെ ഗുകേഷ് സിംഗപ്പൂരിൽ കളിച്ച പതിനാല് കളികളിൽ

എത്തുകയും ചെയ്തു.

കാസ്പറോവിന്റെ മാരത്തോൺ മത്സര സമയത്താണ് വിശ്വനാഥൻ ആനന്ദ് എന്ന പതിനഞ്ചുകാരൻ ഇന്ത്യൻ ചെസ്സ് ചക്രവാളത്തിൽ ഉദിച്ചുയരുന്നത്. ഇംഗ്ലണ്ടിലെ ലോയ്ഡ്സ് ബാങ്ക് ടൂർണമെന്റിലും മറ്റും തന്റെ അപാര വേഗത കൊണ്ട് ഗ്രാൻഡ്മാസ്റ്റർമാരെ വിസ്മയിപ്പിച്ച ആനന്ദ് അടുത്ത രണ്ടു വർഷം കൊണ്ട് ഇന്ത്യയുടെ ആദ്യത്തെ ഗ്രാൻഡ്മാസ്റ്റർ ആവുന്നു.മാത്രമല്ല, തന്റെ റേറ്റിംഗ് വളർച്ച കൊണ്ട് കാസ്പറോവിനും, കാർപ്പോവിനും ഒപ്പം പ്രധാന ടൂർണമെന്റുകളിൽ കളിക്കാനുള്ള ക്ഷണം കിട്ടുകയും ചെയ്യുന്നു. 1990 – ൽ ഈ വലിയ രണ്ടു 'കെ' കളെയും ഓരോ തവണ തോൽപ്പിക്കുകയും ചെയ്തതോടെ, ഈ പയ്യൻ തന്റെ ഡബ്ലിയൂകളും എച്ചുകളും പൂരിപ്പിക്കാനുള്ള സംരംഭം ആരംഭിക്കുകയും ആയി.

തൊണ്ണൂറുകളുടെ തുടക്കത്തോടെ സോവിയറ്റ് യൂണിയനും, യുഗോസ്ലാവിയയും പല പല രാജ്യങ്ങളായി വിഭജിക്കപ്പെടുകയും ചെയ്തതോടെ ചെസ്സിലും സുപ്രധാനമായ മാറ്റങ്ങൾ വന്നു. ഒരു ഭീമാകാരനായ സർപ്പത്തിന് പകരം പല തലയുള്ള പാമ്പുകൾ വരുന്നത് പോലെ, മിക്കവാറും ഓരോ രാജ്യങ്ങളും തങ്ങളുടെ ചെസ്സ് പ്രഭാവം തെളിയിക്കാൻ തുടങ്ങി. അതേ സമയം കാസ്പറോവ് ലോക സംഘടനയോടുള്ള തന്റെ യുദ്ധം തുടങ്ങിക്കഴിയുകയും ചെയ്തിരുന്നു. സോവിയറ്റ് യൂണിയൻ പഴയ പോലെ ചെസ്സ് കളിക്കാരെ സഹായിച്ചു കൊണ്ടിരുന്ന സമ്പ്രദായവും മാറിക്കഴിഞ്ഞിരുന്നു. കുറെ മികച്ച കളിക്കാരെല്ലാം അമേരിക്കയിലേക്ക് ചേക്കേറാൻ തുടങ്ങി. സോവിയറ്റ് യൂണിയന്റെ ഇഷ്ട സന്തതിയായ റഷ്യ മാത്രം ലോക മേധാവിത്വം തുടർന്നു. പക്ഷെ, ആർമേനിയയും, ഉസ്ബെക്കിസ്ഥാനും ശക്തരായി നിൽക്കുന്നുണ്ടായിരുന്നു. എന്നാൽ, അത് സോവിയറ്റ് സംസ്കാരത്തിന്റെ അവസാന നാളുകളുടെ ഫലങ്ങൾ അനുഭവിക്കുന്നതുപോലെയായിരുന്നു. അതായത്, പിതാമഹന്മാർ സ്വരൂപിച്ചു വെച്ച സമ്പത്ത് സുഖലോലുപരായ ഒന്നു രണ്ടു തലമുറകൾ ധൂർത്തടിച്ചു തീർക്കുന്നത് പോലെ. പക്ഷെ, ഈ സാഹചര്യത്തിൽ നമുക്ക് ഈ പിന്മുറക്കാരെ കുറ്റം പറയാൻ വയ്യ, കാരണം സോവിയറ്റ് വ്യവസ്ഥിതിയുടെ തന്നെ അടിത്തറ ഇളകുന്ന രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മാറ്റങ്ങളാണ് അവിടെ നടന്നത്.

കാസ്പറോവ് പിന്നീട് സ്വന്തം പ്രയത്നത്താൽ ഒരു സമാന്തര ചെസ്സ് ശൃംഖല സൃഷ്ടിക്കുകയും, സ്പോൺസർമാരെ കണ്ടുപിടിച്ച് ഔദ്യോഗിക സംഘടനക്ക് തന്നെ ഭീഷണിയുയർത്തുകയും ചെയ്തു. അതിന്റെ ഒരു പരിണിത ഫലമാണ് നാം 1995–ൽ ന്യൂയോർകിൽ കണ്ട കാസ്പറോവ്–ആനന്ദ് പ്രൊഫഷണൽ ചെസ്സ് അസോസിയേഷൻ ഫൈനൽ. അത് ചെസ്സ് ചരിത്രത്തിലെ വലിയൊരു സംഭവമായിരുന്നു. സ്ഥലം, കാലം, വ്യക്തികൾ, എങ്ങിനെ നടന്നു, എവിടെ എന്നൊക്കെ ഒരു സ്വിസ് വാച്ച് പോലെ ഇഴുകിച്ചേർന്നു ലോക ശ്രദ്ധ പിടിച്ചുപറ്റിയ ഒരു സംരംഭം. വേൾഡ് ട്രേഡ് സെന്ററിന്റെ നൂറ്റി എട്ടാം നിലയിൽ, അതായത് ഏറ്റവും മുകളിലെ നിലയിൽ അവർ കൊട്ടി ഘോഷിച്ചിരുന്ന ഒബ്സർവേഷൻ ഡെക്കിൽ നാൽപ്പതു ദിവസം നീണ്ട ഒരു ചരിത്ര നാഴികക്കല്ലായിരുന്നു ആ മത്സരം. താഴത്തെ നിലയിൽ നിന്നും അവിടേക്കു മാത്രമുള്ള ഒരു പ്രത്യേക ലിഫ്റ്റ് വെറും ഒന്നര മിനിറ്റ് കൊണ്ടാണ് നൂറ്റി എട്ടാം നിലയിലേക്ക് എത്തുന്നത്. ഏതാണ്ട് ഇരുപത്തിഞ്ച്, മുപ്പത് പേർക്ക് കയറാവുന്ന ലിഫ്റ്റ് നമ്മുടെ ഒരു ഫാസ്റ്റ് പാസ്സഞ്ചർ ബസ്സിന്റെ വേഗതയിൽ അതായത് മണിക്കൂറിൽ അറുപതു കിലോമീറ്റർ എന്ന ഉദ്ദേശ വേഗതയിൽ ഒന്നര കിലോമീറ്റർ മുകളിലേക്ക് പായുകയോ, പറക്കുകയോ ചെയ്യുന്ന അനുഭവം.

സാധാരണ ഗതിയിൽ ഒരു സന്ദർശകന് പത്തു ഡോളർ വച്ച് ടിക്കറ്റ് എടുക്കേണ്ട സംവിധാനത്തിൽ ഞങ്ങൾ ഇന്ത്യയിൽ നിന്നുള്ള പത്രപ്രവർത്തകർക്കു ഫ്രീ പ്രവേശനം അനുവദിച്ചത് ഒരത്ഭുതമായിരുന്നു. കാരണം, അമേരിക്കയിൽ ഫ്രീ എന്ന ഒരു ഏർപ്പാട് തീരെയില്ല. കാസ്പ

റോവ് ന്യൂയോർക്ക് സിറ്റി മേയറുമായി ചർച്ച നടത്തി, ഞങ്ങൾക്ക് തന്ന ഒരു ഇളവായിരുന്നു അത്. അല്ലെങ്കിൽ, ഞങ്ങൾക്ക് നാനൂറു ഡോളർ ആ വകയിൽ തന്നെ പോക്കറ്റിൽ നിന്ന് നഷ്ടപ്പെടുമായിരുന്നു.

ആ മത്സരത്തിനിടയിലാണ് എനിക്ക് കാസ്പറോവ്മായി ഒരു വീണു കിട്ടിയ അഭിമുഖം സാധ്യമായതും. അത് ആ മത്സരത്തിന്റെ ഉത്ഘാടന വേളയിലായിരുന്നു. അതായത് മൽസരം തുടങ്ങുന്നതിനു തലേ ദിവസം. വ്യക്തമായി പറഞ്ഞാൽ സെപ്റ്റംബർ പതിനൊന്നാം തിയ്യതി. ആറു വർഷത്തിന് ശേഷം അതെ ദിവസം വേൾഡ് ട്രേഡ് സെന്റർ നിലം പരിശാവുന്ന കാഴ്ചയും നാം ടെലിവിഷനിൽ ലൈവ് ആയി കണ്ടു.

സാധാരണ കാസ്പറോവ് അഭിമുഖങ്ങൾ മുൻകൂട്ടി നിശ്ചയിച്ച വേളകളിൽ മാത്രമേ കൊടുക്കുമായിരുന്നു എന്നത് എനിക്കറിയാമായിരുന്നു. കാരണം, മനില ഒളിംപിയാഡിനിടയിൽ ഹിന്ദുവിന്റെ അരവിന്ദ് ആരോൺ പ്രസ് റൂമിലിരിക്കുമ്പോൾ കാസ്പറോവ് അവിടെ വരികയും പെട്ടെന്ന് ആരോൺ അദ്ദേഹത്തിന്റെ അടുത്ത് ചെന്നു ഒരു ചോദ്യം ചോദിക്കുകയും ചെയ്തപ്പോൾ ഗാരി ചൊടിച്ചു കൊണ്ട് 'നിങ്ങൾക്ക് എന്നോട് സംസാരിക്കാൻ ഞാൻ അനുവാദം തന്നിട്ടുണ്ടോ' എന്ന മറുചോദ്യം തൊടുത്തു വിട്ടതും ആ ഹിന്ദു ലേഖകൻ എന്നോട് വിവരിച്ചിരുന്നു. ഗാരി അവിടുത്തെ പ്രസ് സൗകര്യങ്ങളൊക്കെ കണ്ടറിയാൻ വന്ന ആ വേളയിൽ ഞാൻ അവിടെ ഉണ്ടായിരുന്നില്ല എന്നത് എന്റെ ഭാഗ്യം കാരണം, ആരോണോട് കാസ്പറോവിന് ഒരു തിരിച്ചടി കൊടുക്കാതെ വന്നത് മോശമായിപ്പോയി എന്ന് ഞാൻ പറയുകയും ചെയ്തു. ഞങ്ങളുടെ അധികാര സ്ഥലമാണ് പ്രസ് റൂം എന്നും, താങ്കൾക്കു സൗകര്യമുണ്ടെങ്കിൽ ഉത്തരം പറഞ്ഞാൽ മതി എന്നും പറയേണ്ടതായിരുന്നു എന്നും പറഞ്ഞു ഞാൻ ആരോണിനെ കളിയാക്കിയിരുന്നു. ഈ പശ്ചാത്തലത്തിലാണ് ഒബ്സർവേഷൻ ഡെക്കിലെ ഇടനാഴിയിൽ വച്ച് ഇന്ത്യൻ ഫെഡറേഷനിന്റെ സെക്രട്ടറി ആയ ഉമ്മർകോയ എന്നെ ഗാരിക്കു പരിചയപ്പെടുത്തുന്നതും ഞാൻ അദ്ദേഹത്തോട് രണ്ടു മിനുട്ടിൽ മൂന്നോ, നാലോ ചോദ്യങ്ങൾ നിന്ന നിൽപ്പിൽ ചോദിക്കുകയും ഉത്തരങ്ങൾ ഓർത്തു വച്ച് പിന്നീട് ഒരു സാമാന്യം വലിയ കഥ മെനഞ്ഞെടുക്കുകയും ചെയ്തു. കുറച്ചകലത്തിൽ ആരോൺ സ്തബ്ധനായി നിൽക്കുന്ന കാഴ്ച ഇപ്പോളും എന്റെ ഉൾക്കണ്ണിലുണ്ട്.

ഈ അനുഭവത്തിൽ അഞ്ചു ഡബ്ലിയുകൾക്കും എച്ചിനും പുറമെ ഭാഗ്യം എന്ന ഒരു ഏഴാം സ്വർഗ്ഗവും കൂടെ നിൽക്കുന്നുണ്ടായിരുന്നു. അതും ഒരു മനുഷ്യന് വളരെ വേണ്ടപ്പെട്ട ഒരു ഘടകമാണല്ലോ,

അതെ പോലെ സ്ഥലം, കാലം, വ്യക്തികൾ, സംഭവം പിന്നെ ഭാഗ്യവും ഒത്തു വന്ന ഒരു അനുഭവവും കൂടി എന്റെ ചെസ്സ് ജീവിതത്തിലുണ്ട്. അത് 2008-ലാണ്. ഞാൻ എക്സ്പ്രസ്സിൽ ഇരുപത്തിയൊന്ന് കൊല്ലം ജോലി ചെയ്ത ശേഷം ചെന്നൈയിൽ ടൈംസ് ഓഫ് ഇന്ത്യ തുടങ്ങിയ സമയത്ത് അവിടെ ചേർന്നപ്പോളാണ് അത്. ഏതാണ്ട് അതെ സമയത്തു തന്നെയാണ് ആനന്ദ് വ്ലാദിമിർ ക്രാംനിക്കുമായി ഏകീകരണ ലോക ചാംപ്യൻഷിപ് മത്സരത്തിൽ പങ്കെടുക്കുന്നത്. ടൈംസിന്റെ ചെസ്സ് എഡിറ്റർ കൂടിയായ ഞാൻ ജർമനിയിലെ ബോണിലെ ആ മത്സരം എന്തായാലും റിപ്പോർട്ട് ചെയ്യും എന്ന് കണക്കാക്കി ഹിന്ദുസ്ഥാൻ ടൈംസും, ഹിന്ദുവും അവരുടെ ലേഖകരെ അവിടേക്കു അയച്ചിരുന്നു. പക്ഷെ ചില സാങ്കേതിക കാര്യങ്ങളാൽ എനിക്ക് ആ യാത്ര തരപ്പെട്ടില്ല. എന്നാൽ, ഞാൻ ചെന്നൈയിൽ ഇരുന്ന് ആ മത്സരങ്ങൾ വിപുലമായി കവർ ചെയ്തു. അതിന്റെ പരിസമാപ്തിയായിരുന്നു എനിക്ക് വളരെയധികം സംതൃപ്തി തന്നത്. മൂന്നു കളികൾ ബാക്കി നിൽക്കെ നല്ല ലീഡുണ്ടായിരുന്ന ആനന്ദ് ജയിക്കുമെന്നുറപ്പായപ്പോൾ, ആനന്ദിന്റെ ഭാര്യ തന്റെ ബോണിലെ ഫോൺ നമ്പർ തന്നിരുന്നു (ആനന്ദ് ഫോൺ ഉപയോഗിക്കുന്നത് അരുണയിലൂടെയായിരുന്നു),

രണ്ടു ദിവസം കഴിഞ്ഞ് ആനന്ദ് കിരീടം നേടിയപ്പോൾ ഇന്ത്യൻ സമയം രാത്രി പതിനൊന്നരയായിരുന്നു. വേറെ ഒന്നും ഉദ്ദേശിക്കാതെ ആനന്ദിനെ അഭിനന്ദനം അറിയിക്കാമെന്ന് വിചാരിച്ച് ഫോൺ ചെയ്തപ്പോൾ അരുണ പറഞ്ഞു. ആനന്ദ് ഔദ്യോഗിക പ്രസ്സ് കോൺഫെറൻസിനു തയ്യാറായി അടുത്ത് നിൽക്കുന്നുണ്ട് സംസാരിക്കണോ എന്ന് ചോദിച്ചു. വീണു കിട്ടിയ ഭാഗ്യം എന്ന് കരുതി ഞാൻ തുടരെ തുടരെ ആറോ, ഏഴോ ചോദ്യങ്ങൾ ചോദിച്ചു. പന്ത്രണ്ടു മണിക്ക് എഡിഷൻ വിടുന്നതിനു മുൻപ് ആദ്യ പേജിൽ എറ്റവും മുകളിലായി ഇന്റർവ്യൂ കൊടുക്കുകയും ചെയ്തു. സ്വന്തം ലേഖകർ ബോണിൽ ഉണ്ടായിരുന്നിട്ടു കൂടി എച്ടി ക്കും ഹിന്ദുവിനും അന്ന് ആനന്ദിന്റെ കമന്റ്സ് കൊടുക്കാനായില്ല കാരണം, ആ പ്രസ്സ് കോൺഫെറൻസ് തീർന്നപ്പോൾ ഇന്ത്യൻ സമയം രാവിലെ രണ്ടു മണി കഴിഞ്ഞിരുന്നു.

ഡബ്ലിയുകളും എച്ചും കൊണ്ട് നമുക്ക് കൃത്യമായ ഒരു റിപ്പോർട്ട് എഴുതുവാൻ കഴിയൂ, പക്ഷെ ഭാഗ്യം എന്ന ഏഴാം ഘടകം കൂടെയില്ലെങ്കിൽ എന്തിനും ഒരു പൂർണത ലഭിക്കുകയില്ല എന്നതിന്റെ ഒരു ഉദാഹരണമാണ് ഇത്. നമ്മുടെ ജീവിതത്തിലും ഇത് ഒരു പരമ സത്യമാണെന്നു എനിക്ക് തോന്നുന്നു.

(തുടരും....)

# ചൈത്രം

**സിനു മാത്യു - 9562800562**



എറണാകുളം കരയോഗത്തിന്റെ സാമൂഹ്യ സേവന പദ്ധതിയുടെ ഭാഗമായി TDM Hall കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സംഘടനയാണ് ചൈത്രം. അത്യധികമായ മാനസിക സംഘർഷങ്ങളിലൂടെ കടന്നു പോകുന്ന ആധുനിക തലമുറയിലെ പല വ്യക്തിക്കൾക്കും, ദമ്പതികൾക്കും വഴികാട്ടിയാവാൻ ചൈത്രത്തിനു സാധിക്കുന്നു എന്നത് അഭിമാനാർഹമാണ്.

കല്യാണം കഴിഞ്ഞ് 3 വർഷമായിട്ടും കുട്ടികളില്ലാത്ത രണ്ടു ദമ്പതികൾ പല പ്രശ്നങ്ങളിലൂടെ പോകുന്ന സന്ദർഭത്തിൽ നമ്മുടെ അടുത്ത് വരികയുണ്ടായി. അവരുടെ രണ്ടുപേരുടെയും അനുഭവങ്ങളും, വേദനകളും, പ്രതീക്ഷകളും, പ്രശ്നങ്ങളും ചൈത്രം വോളണ്ടിയേഴ്സ് അനുഭാവപൂർവ്വം കേൾക്കുകയും ചെയ്തു. ഭർത്താവിന്റെ സാമ്പത്തിക അച്ചടക്കമില്ലായ്മയും ചില കാര്യങ്ങളിൽ ഭാര്യയുടെ ആവശ്യങ്ങൾ കണക്കിലെടുക്കാതെയുള്ള പെരുമാറ്റവും ശ്രദ്ധിച്ചു. പെൺകുട്ടിയുടെ സോഷ്യൽ മീഡിയ അഡിക്ഷനും, ഒരു വരുമാനം കണ്ടെത്താൻ അദ്ധ്വാനിക്കാതിരിക്കുന്ന പ്രശ്നങ്ങളും ഞങ്ങൾ ചൂണ്ടിക്കാണിച്ചു.

അവരുടെ ശോഭനമായ ഭാവി ജീവിതത്തിന് വേണ്ടി ഇന്നേ തുടങ്ങേണ്ട ആരോഗ്യശീലങ്ങളും, സാമ്പത്തിക അച്ചടക്കവും, ആശയവിനിമയ ശീലങ്ങളും അവരോട് നിർദ്ദേശിക്കുകയുണ്ടായി. ജീവിതയാത്രയിൽ പരസ്പരം താങ്ങും തണലും ആകേണ്ടുന്നതിന്റെയും, ചെറിയ സന്തോഷങ്ങൾ ഒരുമിച്ച് പങ്കുവയ്ക്കേണ്ടുന്നതിന്റെയും ആവശ്യം അവർ രണ്ടുപേരും സശ്രദ്ധം കേൾക്കുകയുണ്ടായി. സ്നേഹത്തോടെയും സമാധാനത്തോടെയും അവർ പോകുന്ന കാഴ്ച ഞങ്ങൾ ചൈത്രം പ്രവർത്തകർക്ക് മനസ്സിൽ സൂക്ഷിക്കാൻ മറ്റൊരു പൊൻതൂവലായി. ■

# ഗീതേ, അമൃതവർഷിണി

പി. ഐ. ശങ്കരനാരായണൻ – 9388414034

മുപ്പത്രണ്ടക്ഷരം തന്നിൽ*
ഉയരും ചോദ്യമൊന്നിനാൽ
അന്ധനിൽ ജ്ഞാനസൂര്യൻ പോൽ
ഉദയംചെയ്ത ഗ്രന്ഥമേ!

ജീവിതപ്പോർക്കളത്തിങ്കൽ
ഏവർക്കും തേർ തെളിക്കുവാൻ
വിശ്വരൂപൻ സ്വയംവന്നു
ദർശനം തന്നെ സത്യമേ!

പൃഥാപുത്രന്റെ ദുഃഖത്തെ
അകറ്റാൻ വന്ന ഗീതമേ,
സമത്വം യോഗമായ്, കർമ്മ-
യോഗമായ് കണ്ട ധർമ്മമേ!

ഇതികർത്തവ്യതാമൂഢം
തളരുന്ന മനസ്സിനെ
ഉത്തിഷ്ഠോത്തിഷ്ഠ എന്നോതി
ഉണർത്തും പാഞ്ചജന്യമേ!

ഒടുവിൽ പിന്നെയും കണ്ടു
മുപ്പത്രണ്ടക്ഷരങ്ങളിൽ **
ദ്രഷ്ട്രാവാം സഞ്ജയൻ ചൊല്ലും
സാരസംഗ്രഹമിങ്ങനെ:

"യോഗേശൻ കൃഷ്ണനോടൊപ്പം
കർമ്മവില്ലാളി അർജ്ജുനൻ
എങ്ങ, ങ്ങാണു ജയം, ഭൂതി
നീതിയും എന്നു കാണ്മു ഞാൻ."

ഇരുളിൽ മുങ്ങവോർക്കെന്നും
പൊരുളിന്റെ വെളിച്ചമേ
മതവിഭ്രമമാർന്നോർക്കു
സ്ഥിത പ്രജ്ഞ പ്രസാദമേ!

വരളും ഭൂമിയിൽ പെയ്യും
കരുണാ വർഷ ഹർഷമേ,
നരകത്തീ കെടുത്തുന്ന
സുരഗംഗാ പ്രവാഹമേ,

നമിപ്പൂ നിന്റെ മുന്നിൽ ഞാൻ
ശ്രീമദ് ഗീതേ മഹേശ്വരീ;
നീയാണെൻ പ്രാണനിൽ ശക്തി
നീ തന്നെ ആത്മശക്തിയും.

അർത്ഥിപ്പു ദേവി, നീ എന്റെ
അർത്ഥ കാമങ്ങൾ പോക്കണേ;
അനന്യചിന്തയാൽ യോഗ-
ക്ഷേമ മോക്ഷങ്ങളേകണേ!

അക്ഷരത്തിൻ പ്രകാശം നീ
ഗീതേ, അമൃതവർഷിണീ
സത്ചിദാനന്ദമായ് എന്നിൽ
നീ നിറഞ്ഞാലുമംബികേ!

* "ധർമ്മക്ഷത്രേ..." എന്നു തുടങ്ങുന്ന ധൃതരാഷ്ട്രരുടെ ചോദ്യശ്ലോകം; ഗീതയിലെ ആദ്യശ്ലോകം.
** ഏകശ്ലോകഗീത എന്നും അറിയപ്പെടുന്ന സഞ്ജയന്റെ ഉത്തരശ്ലോകം – "യത്രയോഗേശ്വര കൃഷ്ണോ..." എന്ന അവസാന ശ്ലോകം.

(18-ാം പേജിന്റെ തുടർച്ച...)
ബോധവാന്മാരാക്കാൻ ഉദ്ദേശിച്ചുകൊണ്ടു കൂടി വിദ്യാഭ്യാസ പ്രോഗ്രാമുകൾ പരിഷ്കരിക്കണമെന്നുമാണ്. ഇക്കാര്യത്തിൽ എന്ത് ചെയ്താലും അത് ജനങ്ങളുടെ നല്ല ആരോഗ്യത്തിനു ഉതകുന്നതാണ്.

ദൈനംദിന മധുര ശീലങ്ങളിൽ ചില മാറ്റങ്ങൾ വരുത്തേണ്ടതുണ്ട്. കഴിയുന്നതും കുറച്ചു മാത്രം മധുര വസ്തുക്കൾ ഉപയോഗിക്കുക . ഒരു ദിവസം കൊണ്ട് പെട്ടന്ന് ഈ ശീലം നേടിയെടുക്കാൻ സാധിച്ചെന്ന് വരില്ല . മധുരമുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് ക്രമേണ കുറച്ചുകൊണ്ട് വരിക.

ചില ഗവേഷണ പ്രബന്ധങ്ങളിൽ പഞ്ചസാരയെ ലഹരി പദാർത്ഥമായ കൊക്കെയിനുമായി താരതമ്യം ചെയ്തിട്ടുണ്ട് . പഞ്ചസാരയുടെ അമിതോപയോഗം തലവേദന, വയറിനു അസ്വസ്ഥത, ഛർദ്ദിക്കാൻ തോന്നൽ, എന്തിനോടും നീരസത്വം ഉൽക്കണ്ഠ, എതെന്നില്ലാത്ത ഭക്ഷണക്കൊതി എന്നി അവസ്ഥകളിലേക്ക് നയിച്ചേക്കാം എന്നാൽ കുറച്ചു കഴിയുമ്പോൾ മധുരത്തോടുള്ള അമിതാവേശം തന്നത്താൻ കെട്ടടങ്ങുന്നു.

**എന്തെല്ലാം ചെയ്യാം**

**1.** സംസ്കരിച്ച ഭക്ഷണങ്ങൾ (Processed Food) ഒഴിവാക്കുക. ഇതിൽ ബൺ, ഹോട്ട് ഡോഗ്സ്, പൊട്ടറ്റോ ചിപ്സ്, ശീതികരിച്ച ഭക്ഷണങ്ങൾ എല്ലാം പെടുന്നു. ഇവയുടെ ദീർഘകാല ഉപയോഗം ഡിമെൻഷ്യ, ഹൃദ്രോഗങ്ങൾ എന്നിവയ്ക്കും ചിലപ്പോൾ അകാല മരണത്തിനും കാരണമായേക്കാം.

**2.** പലഹാരങ്ങൾ ഉണ്ടാക്കുമ്പോൾ പഞ്ചസാരക്ക് പകരം പഴം, കുഴമ്പ് ഉപയോഗിച്ച് നോക്കാം. പുറമെ നിന്ന് വാങ്ങുന്ന കെച്ചപ്പ്, സോസ് എന്നിവക്ക് പകരം തക്കാളി, പഴം എന്നിവ ഉപയോഗിച്ച് വീട്ടിൽ തന്നെ ഇവ ഉണ്ടാക്കാം. ചെറുനാരങ്ങയും ഉപയോഗിക്കാം. ക്രിയാത്മകമായ ഒരു ബുദ്ധിയുണ്ടെങ്കിൽ വീട്ടിൽ തന്നെ ഭക്ഷണ ചേരുവകൾ ഉണ്ടാക്കുന്നതിന് അവസാനമില്ല.

**3.** ഭക്ഷണ പാക്കറ്റിന്റെ പുറത്തുള്ള ലേബലുകൾ വായിച്ചു നോക്കുക. പഞ്ചസാര വർഗ്ഗത്തിൽപ്പെട്ട 50 ഓളം കൃത്രിമ മധുരങ്ങളുണ്ട് പൊതുവെ ഇവയുടെയെല്ലാം പേരുകളുടെ അവസാനം - ose എന്നായിരിക്കും അവസാനിക്കുക(Lactose, sucrose...) ചിലപ്പോൾ ലേബലിന്റെ അവസാനത്തിലായിരിക്കും ഇങ്ങനെയുള്ള അപകടകാരികളായുള്ള കൃത്രിമമധുരങ്ങളുടെ പേരുകൾ എഴുതിയിട്ടുണ്ടാകുക. എളുപ്പം കണ്ടുപിടിക്കപ്പെടില്ല.

**4.** എല്ലാ മധുരങ്ങളും ഒഴുവാക്കേണ്ടതില്ല. ശുദ്ധമായ പാലിലുള്ള മധുരാംശം, പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ, മധുരകിഴങ്ങ്, കാരററ് എന്നിവ ഒരു സമീകൃതാഹാരത്തിന്റെ ചേരുവകകളാണ്. പഞ്ചസാര ഒരു ഭീകര വസ്തുവല്ല. പിറന്നാളിന് കുറച്ചു പായസം, വല്ലപ്പോഴുമുള്ള ആഘോഷങ്ങൾക്ക് ഒരു ഐസ്ക്രീം-ഒക്കെ ആവാം-സ്വയം സംതൃപ്തനാണെന്ന വിശ്വാസം ഉണ്ടെങ്കിൽ, മധുരം കുറച്ച് കഴിക്കു, ജീവിതം ആസ്വദിക്കു.

നെപ്പോളിയൻ ബോണോപാർട്ട് മരിച്ചത് ചെറിയ തോതിൽ കുറെ നാളത്തേക്ക് ആർസെനിക് എന്ന വിഷാംശം ഭക്ഷണത്തിലൂടെ ഉള്ളിൽ ചെന്ന് വയറ്റിൽ കാൻസർ വന്നത് മൂലമായിരുന്നു. ബ്രിട്ടീഷ് ജയിലറുടെ നിർദ്ദേശപ്രകാരം പാചകക്കാരൻ രഹസ്യമായി ആർസെനിക്ക് അടങ്ങിയ രാസ വസ്തുക്കൾ ഭക്ഷണത്തിൽ കലർത്തി കൊടുക്കുകയായിരുന്നു. അതുപോലെ, പലസ്തീൻ നേതാവായിരുന്ന യാസ്സർ അറാഫാത്തിന്റെ മരണ ശേഷം നടത്തിയ പരിശോധനയിൽ ശരീരത്തിൽ പോളോണിയം-210 എന്ന വിഷാംശം ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ, പുറമെ നിന്ന് സ്ഥിരമായി ഏതു തിരുമേനിയുടേതായാലും ഭക്ഷണം വാങ്ങി കഴിക്കുന്നവർ ഓർത്താൽ കൊള്ളാം, വിഷാംശം ഒളിഞ്ഞിരിപ്പുണ്ടെന്ന്.

■

# പശ്ചിമഘട്ട മലനിരകളും വയനാട് ദുരന്തവും

എൻ. രാജശേഖരൻ – 9895550719

(തുടർച്ച...)

**നിർമ്മാണ പ്രവർത്തനങ്ങൾ**

പശ്ചിമഘട്ടത്തിലുടനീളം വയനാട്ടിലും,ഇടുക്കിയിലുമെല്ലാം നിർമ്മാണപ്രവർത്തനങ്ങൾക്കായി മലയോരങ്ങൾ ഇടിച്ചു നിരത്തുന്ന കാഴ്ചയാണ് എവിടെയും കാണാവുന്നത്. പാറ തുരക്കുന്ന, അനുവാദത്തോടെയും അനുവാദമില്ലാതെയും നടത്തുന്ന വൻ ക്വാറികൾ, വനം കൊള്ളക്കാർ മുറിച്ചു മാറ്റിയ വൻ മരങ്ങളുടെ കുറ്റികൾ, കൃഷിക്കും, ഭവന നിർമ്മാണത്തിനും, കച്ചവടസ്ഥാപനങ്ങൾക്കുമായി കുടിയേറ്റക്കാർ ഇടിച്ചു നിരപ്പാക്കിയ കുന്നുകൾ എന്നിവ എവിടെയും കാണാവുന്നതാണ്. ഈ ഇടിച്ച് നിരത്തിയ മലയോരങ്ങളെല്ലാം തന്നെ ഗാഡ്ഗിൽ തന്റെ റിപ്പോർട്ടിൽ ഒന്നാം മേഖലയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളാണ്.

മറ്റൊരു സുപ്രധാനകാര്യം, അതും ഗാഡ്ഗിൽ പ്രത്യേകം എടുത്തു പറഞ്ഞത്, ഭൗതികസുഖങ്ങൾക്ക് വേണ്ടിയുള്ള വികസന പ്രവർത്തനങ്ങൾ സന്തുലിതാവസ്ഥയെ തകർത്തുകൊണ്ടാവരുത് എന്ന തിരിച്ചറിവ് ഭരണകൂടങ്ങൾക്കെന്ന പോലെ, പൊതു ജനങ്ങൾക്കും ഉണ്ടാവണമെന്നതാണ്.

ജനങ്ങളെ കൂടി പങ്കെടുപ്പിക്കാതെ ഒരു പദ്ധതിയും നടപ്പാക്കരുത് എന്നാണ് ഗാഡ്ഗിൽ പ്രത്യേകം പറഞ്ഞത്. ഗ്രാമത്തിൽ നടപ്പാക്കാൻ പോകുന്ന ഏതു പദ്ധതിയും തീരുമാനിക്കേണ്ടത് ആ ഗ്രാമത്തിലെ ജനങ്ങളെ കൂടി പങ്കെടുപ്പിച്ചു കൊണ്ടാകണം. കാരണം അവരാണല്ലോ ആ പദ്ധതിയുടെ ഗുണവും, ദോഷവും അനുഭവിക്കാൻ പോകുന്നത്. എന്നാൽ രാഷ്ട്രീയ പാർട്ടികൾ , റിപ്പോർട്ടിൽ പറഞ്ഞ കാര്യങ്ങൾ പഠിക്കാതെ, എന്തിന്, വായിക്കാതെ പോലും, ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ് ചെയ്തത്. കേരള ശാസ്ത്ര പരിഷിത്തും, ആർ.എസ്. എസ്സും മാത്രമാണ് റിപ്പോർട്ട് നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടത്.

എതിരാളികൾ പറഞ്ഞ് പരത്തിയതുപോലെ വെറും ഒരു പരിസ്ഥിതി മൗലിക വാദിയായിരുന്നില്ല ഗാഡ്ഗിൽ നിയന്ത്രിതമായ തോതിൽ വേട്ടയാവാം എന്ന നിലപാടായിരുന്നു അദ്ദേഹത്തിന്റേത്. പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തിക്കൊണ്ടുള്ള വന്യജീവി സംരക്ഷണമായിരുന്നു വേണ്ടത്.

എന്തായാലും ഒരു കാര്യം വ്യക്തമാണ്. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് പൂർണ്ണമായും തള്ളികളയേണ്ട ഒന്നല്ല. മലയോര പ്രദേശങ്ങളെ സംബന്ധിച്ച് സുപ്രധാന കാര്യങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്. മലയോര പ്രദേശങ്ങൾ ഉരുൾപൊട്ടൽ സാധ്യതയുള്ളവയാണ്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്നതുപോലെ രക്ഷാപ്രവർത്തനമടക്കമുള്ള കാര്യങ്ങൾക്കു പ്രത്യേക പരിശീലനം നൽകിയ വാളണ്ടിയർ ഗ്രൂപ്പ് ഉണ്ടാക്കേണ്ടത് വളരെ അത്യാവശ്യമാണ് പ്രത്യേകിച്ച് വയനാട് പോലെ സവിശേഷ സാഹചര്യങ്ങളുള്ള സ്ഥലങ്ങളിൽ. ഇക്കഴിഞ്ഞ വയനാട് ദുരന്തത്തിൽ ദുരിതബാധിത പ്രദേശങ്ങളിൽ രക്ഷാപ്രവർത്തകർക്ക് എത്തിപ്പെടാൻ ദിവസങ്ങളെടുത്തു എന്നോർക്കണം.

പശ്ചിമഘട്ടമലനിരകളുടെ പ്രാധാന്യം നാം ഇനിയും മനസ്സിലാക്കിയിട്ടില്ല, എന്നത് ഒരു സത്യം തന്നെ. പശ്ചിമഘട്ടങ്ങൾ ഇല്ലെങ്കിൽ നമുക്ക് ജീവിതമില്ല എന്ന് തന്നെ മനസ്സിലാക്കണം. അവയെ സംരക്ഷിക്കുക എന്നത് അതിപ്രാധാന്യമുള്ള കാര്യമാണ് . വിദേശരാജ്യങ്ങളിൽ 20 ഡിഗ്രിയിൽ കൂടുതൽ ചരിവുള്ള പ്രദേശങ്ങളിൽ ഒരു നിർമ്മാണ പ്രവർത്തനങ്ങളും നടത്തില്ല. പക്ഷേ, നാമോ?.

ഇതിനിടയിൽ കേരളത്തിലെ ജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കണമെന്ന ആവശ്യം പറഞ്ഞ് 29/10/2013-ൽ കേരള സർക്കാർ, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് ചെയർമാനായിരുന്ന ഉമ്മൻ വി. ഉമ്മനെ കസ്തുരി രംഗൻ കമ്മറ്റി നിർദ്ദേശങ്ങളെ സംബന്ധിച്ചുള്ള വിദഗ്ധ സമതി റിപ്പോർട്ട് (recommendations of three Member expert committee on High level working group report) സമർപ്പിക്കാൻ നിയോഗിക്കുകയുണ്ടായി. ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ടിനെ അട്ടിമറിക്കാനായിരുന്നു കേരള ഗവൺമെന്റിന്റെ ശ്രമം. ഉമ്മൻ വി. ഉമ്മനാകട്ടെ, ഗാഡ്ഗിൽ കമ്മറ്റി ശുപാർശകൾ ഏതാണ്ട് മുഴുവനായും തന്നെ തള്ളികളഞ്ഞുകൊണ്ടുള്ള റിപ്പോർട്ടാണ് സമർപ്പിച്ചത്. ഇതെല്ലാം അരങ്ങേറിയത് ഒരു കോൺഗ്രസ്സ് മുഖ്യമന്ത്രിയുടെ ഭരണ സമയത്താണ്. പക്ഷേ ഇതിനെതിരെ ശക്തമായ നിലപാടെടുക്കുവാൻ വേണ്ട ആദർശധീരത കാണിച്ചതും ഒരു കോൺഗ്രസ്സ് നേതാവ് തന്നെയായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ശവമഞ്ചം സൃഷ്ടിച്ച് അദ്ദേഹത്തെ അടക്കം ചെയ്താണ് അവരുടെ അരിശം തീർത്തത്.

**മാധവ് ഗാഡ്ഗിൽ റിപ്പോർട്ട്**

പശ്ചിമഘട്ട നിരകളെ സംരക്ഷിക്കുന്നതിനുള്ള പ്രൊഫ. മാധവ് ഗാഡ്ഗിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടു ഇപ്പോൾ പതിമൂന്നു വർഷങ്ങൾ പിന്നിട്ടിരിക്കുന്നു. ഇതിനു പുറമെ ഗോവ, മഹാരാഷ്ട്ര, കർണ്ണാടക എന്നിവടങ്ങളിലെ ഖനി ഉടമകളും ഗാഡ്ഗിൽ റിപ്പോർട്ടിനെ എതിർത്തു. ഇരുമ്പയിർ, ബോക്സൈറ്റ്, ലൈം സ്റ്റോൺ എന്നിവ ഖനനം ചെയ്യുന്ന പ്രബലരായ കമ്പനിക്കാരായിരുന്നു അവർ. അതിനു ശേഷമാണു ഡോ. കസ്തുരി രംഗൻ അധ്യക്ഷനായി ഒരു ഉന്നതതല പശ്ചിമഘട്ട പ്രവർത്തനസമതിയെ (High level working group on Western Ghats- HLWG) കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയോഗിച്ചത്, Report on the High level working Group on western Ghats എന്ന കസ്തുരി രംഗൻ റിപ്പോർട്ട് 2013-ലാണ് പുറത്തു വന്നത്. ഈ റിപ്പോർട്ടിനെയും നേരത്തെ പറഞ്ഞ ആറ് സംസ്ഥാനങ്ങളിലേയും ജനങ്ങൾ വ്യത്യസ്ഥമായ കാരണങ്ങൾ പറഞ്ഞ് എതിർത്തു. രണ്ട് റിപ്പോർട്ടുകൾക്കെതിരെയും എതിർപ്പുകൾ ഉയർന്നതിനെത്തുടർന്നു കേന്ദ്ര ഗവണ്മെന്റ് തീരുമാനമെടുക്കാതെ അവ മാറ്റി വെച്ചു.

പക്ഷേ, 2014-ൽ നാഷണൽ ഹരിത ട്രിബ്യുണൽ ഇതിൽ ശക്തമായി ഇടപ്പെട്ടു ,ഗാഡ്ഗിൽ റിപ്പോർട്ടാണോ, കസ്തുരി രംഗൻ റിപ്പോർട്ടാണോ ഏതാണ് നടപ്പിലാക്കാൻ പോകുന്നതെന്ന് ഉടൻ പറയണമെന്നുള്ള ചോദ്യത്തെ തുടർന്ന് കസ്തുരി രംഗൻ റിപ്പോർട്ടാണ് നടപ്പാക്കാൻ പോകുന്നതെന്ന് നാഷണൽ ഹരിത ട്രിബ്യുണൽ മുമ്പാകെ കേന്ദ്ര ഗവണ്മെന്റ് അറിയിച്ചു.

**കരട് വിജ്ഞാപനങ്ങൾ**

2011-ൽ മാധവ് ഗാഡ്ഗിൽ തന്റെ റിപ്പോർട്ട് കേന്ദ്ര ഗവണ്മെന്റ് മുമ്പാകെ സമർപ്പിച്ചെങ്കിലും, തുടർന്നുണ്ടായ അസാധാരണ എതിർപ്പിനെ തുടർന്നു, ഗവണ്മെന്റ്, റിപ്പോർട്ട് മരവിപ്പിക്കുകയാണല്ലോ ചെയ്തത്? പിന്നീട് പരിസ്ഥിതി കാര്യങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ഡോ.കസ്തുരി രംഗന്റെ നേതൃത്വത്തിൽ , ഗാഡ്ഗിൽ റിപ്പോർട്ട് നടപ്പാക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള മറ്റൊരു കമ്മീഷനെ നിയോഗിക്കയുണ്ടായി ഡോ. കസ്തുരി രംഗൻ, 2014-ൽ റിപ്പോർട്ട് സമർപ്പിച്ചെങ്കിലും, മാധവ് ഗാഡ്ഗിലിന്റെ റിപ്പോർട്ടിനെ എതിർത്തവർ കസ്തുരി രംഗന്റെ റിപ്പോർട്ടിനെയും എതിർക്കുകയാണുണ്ടായത്. പക്ഷേ, കസ്തുരി രംഗന്റെ റിപ്പോർട്ട് സമർപ്പിച്ചതിന് നീണ്ട പത്ത് വർഷത്തിന് ശേഷം പോലും, ഒരു അവസാന തീരുമാനത്തിലെത്താൻ കേന്ദ്ര ഗവണ്മെന്റ്നു കഴിയുന്നില്ലായെന്നത് ഒരു സത്യം മാത്രമാണ്. എന്നാൽ, ഈ ഒരു അനിശ്ചിതാവസ്ഥ നിലനിൽക്കവേ, 2014ൽ ദേശിയ ഹരിത ട്രിബ്യുണലിന്റെ നിർബന്ധപൂർവ്വമായ ഒരു ചോദ്യത്തിന് ഉത്തരമായി കസ്തുരി രംഗൻ റിപ്പോർട്ടാണ് നടപ്പാക്കാൻ പോകുന്നതെന്ന് കേന്ദ്ര ഗവണ്മെന്റ്

അറിയിച്ചത്.

പക്ഷേ, അതിനുശേഷം കേന്ദ്ര ഗവണ്മെന്റ് പശ്ചിമഘട്ട നിരകളെ സംബന്ധിച്ച് കരട് വിജ്ഞാപനങ്ങൾ വീണ്ടും, വീണ്ടും എല്ലാ വർഷവും, പുറപ്പെടുവിക്കുന്നതല്ലാതെ ഒരു അവസാന തീരുമാനം ഇറക്കുന്നില്ലായെന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്. 2024 ആഗസ്റ്റ് മാസത്തിലും കേന്ദ്ര ഗവണ്മെന്റ് കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. 2024-ൽ ഇറക്കിയ കരട് വിജ്ഞാപനം ആറാമത്തേതാണ് എന്ന് ഓർക്കേണ്ടതുണ്ട്. മറ്റൊരു കാര്യം പ്രത്യേകം ഓർക്കുക. അന്തിമ വിജ്ഞാപനം പുറത്തു വന്നാൽ തന്നെ അഞ്ച് വർഷം കൂടി ഖനനവും മറ്റും തുടർന്നു നടത്താവുന്നതാണ്. ഇതു, ഇങ്ങനെ, അനന്തമായി, സമീപഭാവിയിലെങ്ങും, അവസാനിപ്പിക്കാത്ത ഒരു വിഷയമായി നീണ്ടു പോകുമെന്നാണ് കരുതേണ്ടത്. കേന്ദ്ര പരിസ്ഥിതി മന്ത്രലയവും, സംസ്ഥാന സർക്കാരുകളും, എന്ത് തരം രാഷ്ട്രീയമാണ് കളിക്കുന്നതെന്ന് മനസ്സിലാകുന്നില്ല .

**ഏറ്റവും പുതിയ കരട് വിജ്ഞാപനം**

2024 ആഗസ്റ്റ് മാസം കേന്ദ്ര ഗവണ്മെന്റ് പുറപ്പെടുവിച്ച കരട് വിജ്ഞാപന (Draft Notification) ത്തിൽ വയനാട് ജില്ലയിലെ പരിയ വില്ലേജ് മുതൽ വൈത്തിരി താലൂക്കിലെ വെള്ളരിമല വരെയുള്ള പതിമൂന്നു വില്ലേജുകൾ പരിസ്ഥിതി ലോല പ്രദേശങ്ങളാണ് .

കൂടാതെ കോതമംഗലം താലൂക്കിലെ കുട്ടംപുഴ വില്ലേജ്, ദേവികുളം താലൂക്കിലെ പതിനാലു വില്ലേജുകൾ, ഇടുക്കി താലൂക്കിലെ ഒൻപതു വില്ലേജുകൾ, പീരുമേട് താലൂക്കിലെ എട്ട് വില്ലേജുകൾ, തൊടുപുഴ താലൂക്കിലെ രണ്ട് വില്ലേജുകൾ, ഉടുമ്പുംച്ചോല താലൂക്കിലെ പതിനെട്ടു വില്ലേജുകൾ, ഇരിട്ടി താലൂക്കിലെ രണ്ടു വില്ലേജുകൾ, തലശ്ശേരി താലൂക്കിലെ ഒരു വില്ലേജ്, പത്തനാപുരം താലൂക്കിലെ രണ്ടു വില്ലേജുകൾ, പുനലൂർ താലൂക്കിലെ ആറു വില്ലേജുകൾ എന്നിവ കരട് വിജ്ഞാപന പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളാണ്. ഇതു കൂടാതെ:-

| താലൂക്ക് | വില്ലേജുകളുടെ എണ്ണം |
|---|---|
| കാഞ്ഞിരപ്പിള്ളി | 1 |
| മീനച്ചിൽ | 3 |
| കൊയിലാണ്ടി | 2 |
| താമരശ്ശേരി | 6 |
| വടകര | 2 |
| നിലമ്പുർ | 11 |
| ആലത്തുർ | 1 |
| അട്ടപ്പാടി | 6 |
| ചിറ്റൂർ | 3 |
| മണ്ണാർക്കാട് | 1 |
| പാലക്കാട് | 3 |
| കോന്നി | 4 |
| റാന്നി | 3 |
| കാട്ടാക്കട | 4 |
| നെടുമങ്ങാട് | 3 |
| ചാലക്കുടി | 2 |

എന്നിവയും കരട് വിജ്ഞാപനത്തിലെ പട്ടികയിലുണ്ട്. പുതിയ കരട് വിജ്ഞാപന പ്രകാരം 20000 ച: മീറ്ററും അതിനു മുകളിലും വിസ്തൃതിയുള്ള എല്ലാ പുതിയ കെട്ടിട നിർമ്മാണങ്ങൾക്കും, വിപുലീകരണ പദ്ധതികൾക്കും നിരോധനമുണ്ട്. കൂടാതെ അമ്പത് ഹെക്ടറും അതിന് മുകളിലും അല്ലെങ്കിൽ 150000 ച: മീറ്ററും അതിൽ കൂടുതലുമുള്ള എല്ലാ പുതിയ വിപുലീകരണ ടൗൺഷിപ്പുകൾക്കും, ഏരിയാ വികസന പദ്ധതികൾക്കും നിരോധനമുണ്ട്.

നിലവിലുള്ള വീടുകളുടെ ഏറ്റവും വലിയ അറ്റകുറ്റപണികൾ, വിപുലീകരണം, നവീകരണം എന്നിവയിൽ ഇ.എസ്.എ നിയമങ്ങളും, ചട്ടങ്ങളും അനുസരിച്ച് നിയന്ത്രണങ്ങളുണ്ടാകില്ലെന്നു വിജ്ഞാപനത്തിൽ പറയുന്നുണ്ട്. നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് മേഖലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്.

കേരളത്തിന് പുറമെ കർണ്ണാടകത്തിലെ 20668, തമിഴ്നാട്ടിലെ-6914, മഹാരാഷ്ട്രയിലെ - 17340, ഗോവയിലെ -1461, ഗുജറാത്തിലെ -449 ച: കിലോമീറ്റർ പ്രദേശങ്ങൾ പരിസ്ഥിതി ലോല പ്രദേശങ്ങളായി വിജ്ഞാപനത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പരിസ്ഥിതി ലോല പ്രദേശങ്ങൾ 999317 ച: കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു. ഇതിൽ 9107 ച: കിലോമീറ്റർ വനപ്രദേശവും, 886.7 ച: കിലോമീറ്റർ വനേതര പ്രദേശവുമാണ്.

ഇടുക്കി ഡാമിന്റെ സമ്മർദ്ദം ഉണ്ടാകുന്ന സ്ഥലമാണ് ഈരാറ്റുപേട്ട മുതൽ വാഗമൺ വരെയുള്ളവ. കസ്തൂരി രംഗൻ, മാധവ് ഗാഡ്ഗിൽ എന്നിവരുടെ റിപ്പോർട്ടുകളിൽ രണ്ടിലും ഖനനനിരോധന മേഖലകളായി ചൂണ്ടി കാണിച്ച ഭാഗത്തും പാറമടകൾ നിരവധിയാണ്.

കേന്ദ്ര സർക്കാർ പുതുതായി ഇറക്കിയ കരട് വിജ്ഞാപനത്തിൽ കോട്ടയം ജില്ലയിലെ കൂട്ടിക്കൽ, മേലുകാവ്, പൂഞ്ഞാർ, തെക്കേക്കര, തീക്കോയി എന്നി വില്ലേജുകളിൽ ഉരുൾപൊട്ടൽ സാധ്യത വളരെ കൂടുതലുള്ള സ്ഥലങ്ങളാണെന്നും, നിയന്ത്രണം കടുപ്പിക്കേണ്ട സ്ഥലമായിട്ടാണ് കാണിച്ചിരിക്കുന്നത് ഇവിടെ ഖനനം, ക്വാറി, മണൽ ഖനനം എന്നിവ പൂർണ്ണമായും ഇല്ലാതാക്കേണ്ടതാണ്, നിലവിലുള്ള ക്വാറികളുടെ ലൈസൻസ് റദ്ദ് ചെയ്യേണ്ടതുണ്ട്. ഉരുൾപൊട്ടൽ സാധ്യത വളരെയേറെയുള്ള കോട്ടയം ജില്ലയിലെ കിഴക്കൻ പ്രദേശങ്ങളിൽ നൂറോളം പാറമടകൾ ഉണ്ട്.

കഴിഞ്ഞ പ്രളയ കാലത്ത് ഉരുൾപൊട്ടൽ ഉണ്ടായ സ്ഥലത്തെ പാറമടകൾക്കെതിരെ ശക്തമായ ജനകീയ പ്രക്ഷോഭണങ്ങൾ ഉണ്ടായതാണ്. പക്ഷേ ഒരു ഫലവും ഉണ്ടായില്ല. അതിനെത്തുടർന്ന് താമസക്കാർ സ്ഥലം വിട്ടുപ്പോയി. പാറമടകളുടെ നിരോധനത്തിന് വൈദ്യുതി ബോർഡും ശുപാർശ ചെയ്തതാണ്. എന്നാൽ, പാറമടലോബി തുടർന്നും പാറമട നടത്തുന്നതിന് ലൈസെൻസ് പുതുക്കി എടുക്കുന്നതിൽ വിജയിച്ചു. കാരണം ഹൈക്കോടതി വിധി അവർക്ക് അനുകൂലമായി എന്നതാണ്. അതുപോലെ അതീവ പരിസ്ഥിതി ലോലപ്രദേശങ്ങളാണ് കൂട്ടിക്കൽ, ഇളങ്കാട് കൊടുങ്ങ, വല്യേന്ത എന്നി സ്ഥലങ്ങൾ.

**അന്തിമ വിജ്ഞാപനം (Final Notification)**

1) 2024-ൽ ഇറക്കിയ ആറാമത് കരട് വിജ്ഞാപനത്തിന്റെ കാലാവധി കഴിഞ്ഞാലുടൻ അന്തിമ വിജ്ഞാപനം കേന്ദ്ര സർക്കാർ പുറത്തിറക്കേണ്ടതാണ്.

2) പശ്ചിമഘട്ടനിരകളിലെ പരിസ്ഥിതി ലോല പ്രദേശങ്ങളിൽ നിന്ന് കൈയ്യേറ്റക്കാരെയും, കടന്നുകയറ്റക്കാരെയും ഒഴിപ്പിക്കുന്നതിന് വേണ്ട ആർജ്ജവവും, ധീരവുമായ നടപടികളുമാണ് സർക്കാർ ഭാഗത്തുനിന്ന് ഉണ്ടാവേണ്ടത്.

3) പരിസ്ഥിതി ലോലപ്രദേശങ്ങളിൽ നിന്ന് മുഴുവൻ കർഷകരെയും അങ്ങനെ ഒഴിപ്പിക്കുമ്പോൾ അർഹമായ നഷ്ടപരിഹാരം നൽകേണ്ടതാണ്. ഇങ്ങനെ ഒഴിപ്പിക്കുന്നവരെ സുരക്ഷിത മേഖലകളിലേക്ക് മാറ്റിപാർപ്പിക്കേണ്ടതാണ്.

4) അതുപോലെ തന്നെ കരിങ്കൽ ക്വാറികൾ, റിസോർട്ടുകൾ, ഖനനം, എന്നിവയും അടിയന്തിരമായി അവസാനിപ്പിക്കണം. ഏതാണ്ട് നാലിൽ മുന്ന് കരിങ്കൽ ക്വാറികളും ഗവണ്മെന്റിന്റെ അനുവാദം കൂടാതെ, യാതൊരു മാനദണ്ഡവും പുലർത്താതെ പ്രവർത്തിപ്പിക്കുന്നവയാണ്.

5) ഇപ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളിൽ രാഷ്ട്രിയവും മതവും, വോട്ടുബാങ്കും മറന്നുള്ള യാഥാർത്ഥ്യ ബോധത്തോടെയുള്ള, ധീരമായ പ്രവർത്തികളാണ് ആവശ്യം.

6) പരിസ്ഥിതി ലോലപ്രദേശങ്ങളിൽ നിന്ന് ഒഴിപ്പിക്കൽ യഥാർത്ഥത്തിൽ കുടിയേറ്റക്കാരുടെ ജീവനും, സ്വത്തിനും സംരക്ഷിക്കാനുള്ള പ്രവർത്തികളാണെന്നു അവരെ ബോധ്യപ്പെടുത്തേണ്ടതാണ്. അതിതീവ്ര കാലാവസ്ഥ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ, ഈ പ്രദേശങ്ങളിലെല്ലാം തന്നെ തുടർച്ചയായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയ മഹാ ദുരന്തങ്ങളാണ് സംഭവിച്ചേക്കാവുന്നത്. ആയിരക്കണക്കിനാളുകൾ മരണമടഞ്ഞ വയനാട് ദുരന്തം പോലെയുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഈ നടപടികൾ അത്യാവശ്യമാണ്.

(തുടരും...)

# *ദൃക്ക്ദൃശ്യ വിവേകം* (*20*)

സി. നാരായണൻ – 9819456012

വേദാന്തശാസ്ത്രമനുസരിച്ച്, യഥാർത്ഥത്തിൽ ഉള്ളതായി ബ്രഹ്മം മാത്രമാണ്. ചൈതന്യമാത്രമായ ബ്രഹ്മം അന്തഃക്കരണത്തിൽ പ്രതിഫലിച്ചപ്പോൾ അന്തഃകരണത്തിനു 'അറിയാനു'ള്ള പ്രാപ്തി കൈവന്നു. അങ്ങനെ, കാണുന്നവൻ, കേൾക്കുന്നവൻ, ചെയ്യുന്നവൻ, അനുഭവിക്കുന്നവൻ എന്നൊക്കെയായ ഭ്രമാത്മകമായ ഒരു സത്ത ഉടലെടുത്തു. നാമെല്ലാം 'ഞാൻ' എന്നഭിമാനിക്കുന്നത് ഈ മിത്ഥ്യയായ പ്രമാതാവിനെയാണ്. കാരണം, പ്രമാതാവിനെ ഞാനാണെന്നഭിമാനിച്ചാൽ മാത്രമേ നമുക്ക് പ്രാരബ്ധവശാൽ അനുഭവിക്കേണ്ടതായ സുഖങ്ങളും ദുഃഖങ്ങളും അനുഭവിക്കാനാവൂ. നാം ശരീരമെടുത്തിട്ടുള്ളത്, പ്രാരബ്ധകർമ്മഫലങ്ങൾ അനുഭവിക്കാനാണല്ലോ. നമ്മുടെ കർമ്മഭാണ്ഡത്തിലെ പുണ്യപാപങ്ങളനുസരിച്ച് ആ അനുഭവങ്ങളിൽ ചിലവ സുഖകരങ്ങളും മറ്റു ചിലവ ദുഃഖകരങ്ങളുമായിരിക്കും. പക്ഷേ നാം സുഖകരങ്ങളെന്നു വിശ്വസിക്കുന്നവ പോലും ദുഃഖങ്ങൾ കലർന്നവ തന്നെയായിരിക്കും.

ചൈതന്യമാത്രമായ ആത്മാവും, മിത്ഥ്യയായ പ്രമാതാവും തമ്മിലുള്ള വ്യത്യാസത്തെ മറയ്ക്കുന്നത് മായയുടെ ആവരണശക്തിയാണ്. അതിനാൽ സത്യമായ ചൈതന്യമാണ് ഞാനെന്നതറിയുന്നതേയില്ല. അവിദ്യാജടിലമായ മനസ്സോടു താദാത്മ്യം പ്രാപിച്ച ചൈതന്യമാണ് അജ്ഞാനാവസ്ഥയിലെ 'ഞാൻ'. ബിംബം യഥാർത്ഥവും, പ്രതിബിംബം അയാർത്ഥവുമാണെന്നു നമുക്കറിയാം. എന്നാൽ, ബിംബമായ ആത്മാവ് വെറുമൊരു ഭാവനയാണെന്നും, പ്രതിബിംബമായ പ്രമാതാവാണ് യഥാർത്ഥമെന്നു നാം കരുതുന്നു. അതാണു ജീവന്റെ ദുരന്തം. പുറത്തും, അതേ മായ തന്നെ സത്യമായ ബ്രഹ്മത്തെ നാമരൂപങ്ങളായി കാണിച്ചു തരുന്നു.

പ്രാമാതാവ് അല്ലെങ്കിൽ ജ്ഞാതാവിനെ തള്ളി കളഞ്ഞ്, സത്യമായ ആത്മാവിനെ സാക്ഷാത്ക്കരിക്കലാണ് നാം ചെയ്യേണ്ടത്. സാക്ഷാത്ക്കരിക്കുക എന്നാൽ ഞാനെന്നറിയുക എന്നുമാത്രമാണർത്ഥം. നിർഭാഗ്യവശാൽ സാക്ഷാത്ക്കാരം, അപരോക്ഷജ്ഞാനം എന്നീ പദങ്ങൾ കേൾക്കുന്ന മാത്രയിൽ അതെന്തോ വർഷങ്ങൾ നീണ്ടു നിൽക്കുന്ന ഘോരതപസ്സിന്റെ ഫലമായി നേടേണ്ട ഒരവസ്ഥയാണെന്നു നാം കരുതുന്നു. വേദാന്തശാസ്ത്രം പറയുന്നത്, ബ്രഹ്മത്തെ ഞാനാണെന്നറിയൽ, യാഥാർത്ഥ്യത്തെ യാഥാർത്ഥ്യമായി അംഗീകരിക്കൽ മാത്രമാണെന്നാണ്. അതിൽ ലവലേശം മിസ്റ്റിസിസമില്ല.

മിത്ഥ്യയായ പ്രമാതാവിനെ നിരാകരിച്ച, ചൈതന്യമാത്രമായ ആത്മാവിനെ സ്വന്തമാക്കലാണ് ഈ ഗ്രന്ഥത്തിൽ സമാധി എന്ന ഉപായം കൊണ്ടു സാധിക്കാനുപദേശിക്കുന്നത്. ആ സമാധികളെ ആറായി തരം തിരച്ചതായി പറഞ്ഞുവല്ലോ. അതിൽ ആദ്യത്തെ രണ്ടെണ്ണമായ ആന്തരദൃശ്യാനുവിദ്ധസവികല്പസമാധിയെ പറ്റിയും ആന്തരശബ്ദാനുവിദ്ധസവികല്പസമാധിയെപ്പറ്റിയും പറഞ്ഞു കഴിഞ്ഞു.

അന്തഃകരണവൃത്തികൾ ജഡങ്ങളാണ്. ആ വൃത്തികൾ അല്ലെങ്കിൽ ചിന്തകൾ നമുക്ക് വേദ്യമാവുന്നത്, അന്തഃകരണത്തിൽ പ്രതിഫലിക്കുന്ന ചൈതന്യം മൂലമാണ്. അന്തഃകരണവൃത്തികൾക്ക് സ്വയം പ്രകാശിക്കാനുള്ള കഴിവൊന്നുമില്ല. ചൈതന്യത്തിനു ദൃശ്യങ്ങളാണ് (ഒബ്ജെക്ട്സ്) അന്തഃകരണത്തിലെ വൃത്തികൾ അഥവാ ചിന്തകൾ. അപ്പോൾ ഓരോ ചിന്തയിൽ നിന്നും ആ ചിന്തയുടെ വിഷയത്തെ മാറ്റിയാൽ കിട്ടുന്നത് ശുദ്ധചൈതന്യമായിരിക്കും. ദൃശ്യത്തിലെ ചൈത

ന്യാംശത്തെ തിരിച്ചറിഞ്ഞ് അതിനെ ധ്യാനിക്കലാണ് 'ദൃശ്യാനുവിദ്ധസവികല്പസമാധി' എന്നാൽ അങ്ങനെ തിരച്ചറിയപ്പെടുന്ന ചൈതന്യത്തിന്റെ ലക്ഷണങ്ങളായ അസംഗത്വം, അദ്വൈതത്വം, സ്വപ്രഭത്വം എന്നിവയെ ധ്യാനിക്കൽ, ചൈതന്യത്തെ മനസ്സലുറപ്പിക്കാൻ സഹായിക്കുന്നു. അതാണ് ശബ്ദാനുവിദ്ധസവികല്പ സമാധി എന്നതു കൊണ്ടുദ്ദേശിക്കുന്നത്. ഇവ വെറും ശബ്ദങ്ങല്ല, ഉപനിഷദ് വാക്യങ്ങളാണ് ഇത് കണ്ണാടിയുടെ ദൃഷ്ടാന്തത്തിന്റെ സഹായത്തോടെ പറയുകയാണെങ്കിൽ, എനിക്ക് എന്റെ മുഖം കാണാനാവില്ല. അപ്പോൾ കണ്ണാടിയിലെ പ്രതിബിംബമുപയോഗിക്കുന്നു. കണ്ണാടിയിലെ പ്രതിബിംബം ഞാനല്ലെങ്കിലും, പ്രതിബിംബമുണ്ടായത് ഞാനാകുന്ന ബിംബമുള്ളതുകൊണ്ടാണല്ലോ. അങ്ങനെ മനസ്സിനെ പ്രതിബിംബത്തിൽ നിന്നു അടർത്തി, ബിംബമാണെന്നുറപ്പിക്കുക. അതാണ് ദൃശ്യാനുവിദ്ധസവികല്പകസമാധിയുടെ ദാർഷ്ടാന്തം. അടുത്ത ഘട്ടത്തിൽ, അങ്ങനെ കിട്ടിയ ബിംബത്തിന്റെ നിത്യത്വം, ആനന്ദത്വം എന്നിവ ഉപനിഷദ് വാക്യങ്ങളാൽ മനസ്സിനെ പഠിപ്പിക്കുക ഇങ്ങനെ നിരന്തരം ധ്യാനിക്കുന്നതായാൽ മനസ്സ് കാമസങ്കല്പങ്ങളെ വിട്ട് ശുദ്ധമായിത്തീരുന്നു. ടീകാ കാരൻ ഈ ശ്ലോകത്തിന്റെ വിശദീകരണത്തിൽ പറയുന്നു

'കാമാദി അശേഷവൃത്തി വിലാപകഃ

അസംഗാദി ശബ്ദമിശ്രിതഃ

(ആഗ്രഹങ്ങൾ തീരെയില്ലാത്തതും, എന്നാൽ 'ഞാൻ അസംഗനാണ്, സ്വപ്രഭാവാനാണ്' എന്നീ മനോവൃത്തികളോടു കൂടിയവനായി ഭവിക്കുന്നു.)

മനസ്സ് 'വിജാതീയ പ്രത്യയ ശൂന്യ' (അതായത് താൻ ചിദ് സ്വരൂപമാണെന്ന ആശയത്തിനു വിപരീതമായത്) മായും 'സജാതീയ പ്രത്യയ പ്രവാഹലക്ഷണ' (താൻ ശുദ്ധചൈതന്യമാണെന്നുള്ളതായ) മായുമുള്ള അവസ്ഥയെ പ്രാപിക്കുന്നു.

മറ്റൊരു ഭാഷയിൽ പറഞ്ഞാൽ മനസ്സ്

'പ്രത്യക് ചിന്മാത്ര വിഷയകഃ'

ആയിത്തീരുന്നു. ഇവിടെ ടീക്കാ കാരൻ ഒരു കാര്യം പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. അതെന്തെന്നാൽ മനസ്സ് 'ചിദാഭാസനിഷ്ഠഃ അനുഭവഃ' (ഓരോ ചിന്തയിലും ചിദാഭാസനും വൃത്തിരൂപവുമുണ്ടല്ലോ. അതിൽ വൃത്തികളെ ത്യജിച്ചാൽ ബാക്കിയാവുന്നത്) അപ്പോളും മനസ്സിൽ അസംഗാദിലക്ഷണമായ വൃത്തികൾ ഉണ്ടെന്നു മറക്കരുത്. അതുകൊണ്ടാണ് ഇതിനെ സവികല്പസമാധിയെന്നു പറയുന്നത്. ഇവിടെ നമ്മുടെ പ്രയത്നം അവസാനിക്കുന്നു. ഇനിയുള്ളത് സ്വഭാവേണ വന്നു ചേരും. മുമ്പേയും സൂചിപ്പിച്ചിട്ടുള്ള ഒരു കാര്യം ഓർക്കുമല്ലോ. ആത്മചൈതന്യം അജ്ഞാനത്തിനു വിരോധിയല്ല. അജ്ഞാനത്തിനു വിരോധമായത്, വൃത്ത്യാരൂഢചൈതന്യമാണ്. 'ഞാൻ അസംഗനാണ്, ഞാൻ സച്ചിദാനന്ദമാണ്' എന്നീ വൃത്തികളിൽ ആരൂഢമായ ചൈതന്യമാണ് അജ്ഞാനത്തെ നീക്കം ചെയ്യുന്നത്.

ഇങ്ങനെ നിരന്തരം ധ്യാനിച്ചാൽ അടുത്ത ഘട്ടമായ നിർവികല്പസമാധിയിൽ എത്തിച്ചേരുന്നു. അടുത്ത ശ്ലോകം അതാണു പറയുന്നത്

സ്വാനുഭൂതിരസാവേശാദ്
ദൃശ്യശബ്ദാനുപേക്ഷിതുഃ
നിർവികല്പഃ സമാധിഃ സ്യാത്
നിർവാതസ്ഥിത ദീപവത്

( 26 )

| | | |
|---|---|---|
| സ്വാനുഭൂതി | = | പ്രത്യക് ചൈതന്യം |
| രസം | = | ആത്മാനന്ദം |
| ആവേശാത് | = | പ്രകടമായത് |
| ദൃശ്യശബ്ദാൻ | = | ദൃശ്യശബ്ദങ്ങൾ |
| ഉപേക്ഷിതു | = | തിരസ്ക്കരിച്ച് |

നിർവികല്പസമാധി = വികല്പമില്ലാത്ത സമാധി
നിവാതസ്ഥിതദീപവത് = കാറ്റില്ലാത്തയിടത്തു സ്ഥാപിച്ച വിളക്കുനാളം പോലെ.

എല്ലാ ദൃശ്യങ്ങളേയും ശബ്ദങ്ങളേയും ഉപേക്ഷിച്ചനായി, നിർവികല്പസമാധിയിൽ പ്രവേശിച്ച്, സാക്ഷി, സ്വരൂപേണ ചിത്തും ആന

ന്ദവുമായിത്തീരുന്നു.)

അനുഭൂതിയെന്നാൽ പ്രത്യക ചൈതന്യം എന്നർത്ഥമെടുക്കണം. രസം എന്നത് ആനന്ദം എന്ന പദത്തിന്റെ പര്യായമാണ്. 'രസോ വൈ സഃ.' (അവൻ രസമാകുന്നു) എന്ന തൈത്തീരിയോപനിഷത്തിലെ വാക്യത്തിലെ രസം, ആനന്ദവല്ലിയിൽ ആനന്ദം വർണ്ണിക്കുന്ന സന്ദർഭത്തിലാണ്

ആവേശം എന്ന പദത്തിനു നാലു തരത്തിൽ അർത്ഥം പറയാവുന്നതാണ്. ഒന്നാമത്തേതായി, അഭിനിവേശം എന്ന് അർത്ഥം പറയാം. അതായത് ആനന്ദത്തിൽ ആറാടൽ. രണ്ടാമതായി ആവിർഭാവം അഥവാ പ്രകടമാവൽ എന്ന വാച്യാർത്ഥമെടുക്കാം. ആനന്ദത്തിന്റെ ആവിർഭാവമെന്നു പറയുമ്പോൾ, മേഘങ്ങളാൽ തൽക്കാലത്തേക്കു മറയപ്പെട്ട സൂര്യൻ, മേഘങ്ങൾ നീങ്ങുമ്പോൾ ആവിർഭവിക്കുന്നതു പോലെയെന്നു മനസ്സിലാക്കണം. ആനന്ദം, ആത്മാവിന്റെ സ്വരൂപമാണ്. അത് ഒരിക്കലും നഷ്ടപ്പെടാത്തതാണ്. എന്നാൽ കയറിനു മേൽ സർപ്പമെന്ന പോലെ ആത്മാവിൽ, അനാത്മാവായ അഹങ്കാരം, അദ്ധ്യാസം ചെയ്യപ്പെട്ടിട്ടുണ്ട്. മൗഢ്യം, ദുഃഖം എന്നീ അഹങ്കാരധർമ്മങ്ങൾ ആത്മാനന്ദത്തെ മറയ്ക്കുന്നുണ്ട്. അവ നീങ്ങുമ്പോൾ സ്വതവേയുള്ള ആനന്ദം പ്രകടമായിത്തീരുന്നു. ആവേശത്തിന്റെ മൂന്നാമത്തെ അർത്ഥം പ്രവേശം എന്നതാണ്. ഞാൻ എന്ന സത്തയിൽ ആനന്ദം പൂർണ്ണമായി വ്യാപിക്കുക എന്നർത്ഥം

നാലാമതായി സ്വാധീനിക്കുക അല്ലെങ്കിൽ, കീഴടക്കുക എന്ന അർത്ഥവും പറയാറുണ്ട് ആദ്യത്തെ വരിയായ 'സ്വാനുഭൂതിരസാവേശാത്' എന്നതിൽ ആവേശാത് എന്നതിനു പകരം 'ആസ്വാദാത്' എന്ന ഒരു പാഠാന്തരമുണ്ട്. രസം അനുഭവിക്കലും, ആസ്വദിക്കലും ഒന്നു തന്നെയാണല്ലോ.

സുഷുപ്തിക്കും നിർവികല്പസമാധിക്കും തമ്മിൽ സമാനതകളുണ്ട്. രണ്ടിലും അഹങ്കാരവും മറ്റു മനോവൃത്തികളുമില്ല. എന്നാൽ വ്യത്യാസങ്ങളുണ്ട് താനും. സുഷുപ്തിയിൽ അനുഭവിക്കുന്നത് അഭാവമാണ്. സമാധിയിൽ അനുഭവിക്കുന്നത് പൂർണ്ണതയാണ്. സമാധിയെക്കുറിച്ചു യോഗവസിഷ്ഠത്തിൽ പറയുന്നു

അന്തഃ ശൂന്യഃ ബഹിഃ.
ശൂന്യഃ
ശൂന്യകുംഭ ഇവാംബരേ
അന്തഃ പൂർണ്ണഃ ബഹിഃ
പൂർണ്ണഃ
പൂർണ്ണകുംഭ ഇവാർണ്ണവേ

(അകത്തും ശൂന്യം പുറത്തും ശൂന്യം, പൊള്ളയായ കുടം ആകാശത്തിലെന്ന പോലെ നിറകുംഭം അകത്തും

നിറകുംഭം പുറത്തും ഒരു നിറകുംഭം കടലിലെന്ന പോലെ )

ആദ്യം പറഞ്ഞ ശൂന്യകുംഭം പറയാൻ ഉദ്ദേശിക്കുന്ന ആശയം മുഴുവനും വെളിവാക്കുന്നുണ്ടെങ്കിലും ബൗദ്ധന്മാർ പറയുന്ന പോലെ യാഥാർത്ഥ്യം ശൂന്യമാണെന്നാരും തെറ്റിദ്ധരിക്കരുതെന്നു കരുതിയാണ് കടലിലെ വെള്ളം നിറഞ്ഞ കുംഭത്തേയും പ്രതിപാദിച്ചത്. കുംഭത്തിന്റെ ഈ ദൃഷ്ടാന്തത്താൽ പറയാനുദ്ദേശിക്കുന്നത്, കുംഭത്തിലെ ഉള്ളടക്കത്തിന്, അതു ആകാശമായാലും വെള്ളമായാലും ഒരു പ്രത്യേക പരിമിതമായ അസ്തിത്വമില്ല എന്നതാണ്. നിർവികല്പസമാധിയാണ് ദൃശ്യത്തിന്റെ ലാഞ്ചന പോലുമില്ലാത്ത ചൈതന്യമാത്രമായ ഞാൻ എന്ന ദ്രഷ്ടാവിന്റെ സ്വരൂപം അറിയുന്നത്. മുക്തകോപനിഷത്ത് അതിനെ ഇങ്ങനെ വിവരിക്കുന്നു

'പ്രശാന്ത വൃത്തികം ചിത്തം
പരമാനന്ദദീപകം
അസംപ്രജ്ഞത നാമായം
സമാധിർയോഗിനാം പ്രിയഃ'

(വിഷയവിമുക്തമായ മനസ്സ്, അത്യന്തം പ്രശാന്തത കൈവരിച്ച് യോഗി, പ്രീതിയെ പ്രാപിക്കുന്നു.)

സവികല്പസമാധിയും നിർവികല്പസമാധിയും തമ്മിലുള്ള വ്യത്യാസം, രണ്ടാമത് പറഞ്ഞതിൽ വികല്പങ്ങളില്ല എന്നതാണ്. വികല്പങ്ങളെന്നാൽ പ്രായോഗികതലത്തിൽ ത്രിപുടി എന്ന അർത്ഥമെടുക്കണം. സവികല്പക സമാധിയിൽ മറ്റെല്ലാ വികല്പങ്ങളുമടങ്ങിയെന്നിരിക്കലും, ധ്യാനിക്കുന്ന ഞാൻ, ധ്യേയമായ ആത്മചൈതന്യം, ധ്യാനം എന്ന ക്രിയ എന്നീ വികല്പങ്ങളുണ്ടെന്നു പറയാം. എന്നാൽ നിർവികല്പസമാധിയിൽ ത്രിപുടി നശിച്ച് ചിത്തം നിശ്ചലമായി, ധ്യേയമാത്രമായി ത്തീരുന്നു ഈ അവസ്ഥിയിലെ ചിത്തം, ഗീതയിൽ പറഞ്ഞ പൊലെ കാറ്റില്ലാത്തിടത്തെ ദീപശിഖയാണെന്നു തന്നെയാണ് ഇവിടെയും പറയുന്നത്.

'യഥാ ദീപോ നിവാതസ്ഥോ, നേഗംതേ

സോപമാ സ്മൃതാ'

(ദീപനാളം കാറ്റില്ലായിടത്തെ ദീപനാളത്തോട്, സമാധിസ്ഥനായ യോഗിയുടെ മനസ്സിനെ ഉപമിക്കാം)

ദീപനാളത്തിനു പ്രകാശവും ചൂടും സ്വരൂപമായിട്ടുള്ളതാണ്. എന്നാൽ അതിന്റെ ചാഞ്ചാട്ടം കാറ്റുമൂലമുണ്ടാവുന്ന ഒരു താൽക്കാലികാവസ്ഥയാണ്. അത് കാറ്റിന്റെ സംയോത്താൽ മാത്രം താൽക്കാലികമായി വന്നു ഭവിക്കുന്നതാണ്. അതു പോലെ ശാന്തത എന്റെ സ്വരൂപമാണ്. അശാന്തത കൃത്രിമായി ചില സന്ദർഭങ്ങളിൽ മാത്രം ഉണ്ടാവുന്നതാണ്. ആ സന്ദർഭത്തിന്റെ അഭാവത്തിൽ എനിക്കെന്റെ നിശ്ചലത വീണ്ടെടുക്കാം. അതാണ് നിർവികല്പസമാധി.

ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. നിർവികല്പസമാധിയിലെത്താൻ, ആസനം, പ്രാണായാമം, പ്രത്യാഹരം മുതലായ എട്ടംഗങ്ങളെ കുറിച്ച് ആചാര്യൻ പരാമർശിച്ചിട്ടേയില്ല. ശ്രവണമനനം കൊണ്ട് പരോക്ഷമായി അറിഞ്ഞ ആത്മതത്വത്തെ അപരോക്ഷതയിലെത്തിക്കാൻ നിദിദ്ധ്യാസനം മാത്രം അഭ്യസിച്ചാൽ മതി എന്നാണ് ആചാര്യൻ ഉപദേശിക്കുന്നത്. ■

---

(26-ാം പേജിന്റെ തുടർച്ച...)

മടങ്ങിവന്നതിനുശേഷമാണ് ഹോസ്പിറ്റൽ ചെലവിനെക്കുറിച്ച് അന്വേഷിക്കുന്നത്.

"എന്തിനാ അതൊക്കെ അന്വേഷിക്കുന്നെ? ബോധം മറിഞ്ഞ് കെടക്കണയാളോട് അതൊക്കെ പറയാൻ പറ്റ്വോ? കയ്യിലെ പേഴ്സിൽ എത്ര രൂപയുണ്ടായിരുന്നു?"

പിന്നെ ഒരു ജേതാവിനെപ്പോലെ –"ഹോസ്പിറ്റലിലെ എക്സറേയ്ക്കും, സ്കാനിംഗിനും, സ്റ്റിച്ചിട്ടതിനും, മരുന്നിനും എല്ലാംകൂടി എത്രയായീന്നാ വിചാരം – മൂവായിരത്തി അഞ്ഞൂറോളം രൂപ. ഞാൻ ടി.വി.യുടെ മുന്നിലിരിക്കണതിന്റെ ഗുണം ഇപ്പോഴെങ്കിലും മനസ്സിലായോ?"

ഒരു കുറ്റവാളിയെപ്പോലെയാണ് ക്രോസ് ചെയ്യുന്നത്. പക്ഷെ പറയാനുള്ള മറുപടി ഉടനെ തന്നെ കൊടുത്തു.

"എനിക്ക് പുസ്തക വില്പനയുടെ റോയൽട്ടി മൂന്ന് ദിക്കീന്ന് കിട്ടാനുണ്ട്. അതിന്റെ ചെക്ക് കിട്ടുമ്പോൾ ബാങ്കിൽ കൊടുത്താൽ മതി."

ഒട്ടും താമസമുണ്ടായില്ല, മറുപടി വരാൻ – "ചെക്കൊരെണ്ണം വന്നു. തൃശ്ശൂരിലെ ഒരു പബ്ലിഷിംഗ് കമ്പനിയുടെ രജിസ്റ്റേർഡ് കവറായതുകൊണ്ട് ഞാനാണ് ഒപ്പിട്ടു വാങ്ങിയത്. നമ്മളപ്പം കെടപ്പല്ലായിരുന്നോ? എത്രരൂപയാണെന്നോ? നാലായിരത്തി എഴുന്നൂറ് രൂപ. അവരുടെ സ്റ്റേറ്റ്മെന്റും കിട്ടി. എന്തിനിങ്ങനെ എഴുതികൂട്ടുന്നു? ഈ പത്ത് ശതമാനം തുകയ്ക്കുവേണ്ടിയാണോ രാപകലദ്ധ്വാനിക്കുന്നേ? അപ്പോ ബാക്കിയെല്ലാം അവർക്ക്. അവരെ നന്നാക്കാൻ വേണ്ടിയാണോ ഈ അദ്ധ്വാനം?"

(തുടരും...)

കഥ

# സരോജിനി ദേവി

സേതുമാധവൻ – 9980177444

ഞാൻ സരോജിനി. റിട്ടയർ ചെയ്ത ടീച്ചർ. ഇത് എന്റെ വിജയത്തിന്റെ കഥയാണോ അതോ എന്റെ മരുമകൾ, അല്ലാ മകൾ ദേവിയുടെ പരിവർത്തനത്തിന്റെ കഥയാണോ അറിയില്ല.

ഇന്ന് ദേവി, എന്തു സുന്ദരിയാണീയമ്മ എന്ന് പറഞ്ഞു എന്നെ പിന്നിലൂടെ വന്നു കെട്ടിപ്പിടിച്ചപ്പോൾ, ഇത് ദേവിയുടെ വിസ്മയമാറ്റത്തിന്റെ കഥയാണ് എന്നെനിക്കു തോന്നി.

അവളാണ് എന്നോട് പറഞ്ഞത്. അമ്മയൊന്നിത് കഥയാക്കി എഴുതൂ, എന്നെപ്പോലെ പലർക്കും ഒരുപക്ഷെ ഇതൊരു പ്രചോദനം ആയേക്കാം.

വടക്കാഞ്ചേരിക്കടുത്ത ചേലക്കര ആണ് എന്റെ ഗ്രാമം. ഹൈസ്കൂൾ അദ്ധ്യാപകനായ അച്ഛൻ. എന്റെ വീട്ടിൽ അമ്മയാണ് എല്ലാകാര്യങ്ങളുടെയും തീർപ്പുകാരി. അച്ഛൻ എപ്പോഴും പറയും 'അവൾ തീരുമാനിക്കട്ടെ. അതിലൊരു സുഖമുണ്ടെന്ന്'. ബാലകൃഷ്ണൻ മാസ്റ്റർ, നാട്ടിൽ പ്രമാണി ആയിരുന്നെങ്കിലും, വീട്ടിൽ ഒരു മിണ്ടാപാവം. അച്ഛനെ നാട്ടിൽ ആളുകൾ ബഹുമാനിക്കുന്നത് കണ്ടുവളർന്ന ഞാൻ, പണ്ടേ ഒരു ടീച്ചർ ആവണമെന്ന് തീർച്ചപ്പെടുത്തിയിരുന്നു.

'നിനക്ക് എന്താണിഷ്ടം, അതാണ് നീ ആവേണ്ടതെന്ന്' അച്ഛൻ എപ്പോളും പറയും. ബിഎഡ് കഴിഞ്ഞപ്പോളേക്കും ഗംഗേട്ടന്റെ പ്രൊപ്പോസൽ വന്നു. ആലുവക്കടുത്തുള്ള 'ദേശം' അവിടെയാണ് 'ഗംഗാധരൻമാസ്റ്ററുടെ വീട്. അച്ഛൻ മരിച്ചുപോയി.' അമ്മ മാത്രം. ഒറ്റനോട്ടത്തിൽ പരസ്പരം ഇഷ്ടായി. ഇപ്പോളത്തെ കുട്ട്യോൾക്ക് അത് മനസ്സിലാവില്ല. ജാതകപ്പൊരുത്തം, പിന്നെ പെണ്ണുകാണൽ , ഇത്രയേയുള്ളൂ. പിന്നെ മണിയറയിൽ വച്ചാണ് ശരിക്കും പരിചയപ്പെടുന്നത്. ഗംഗേട്ടന്റെ സൗമ്യപ്രകൃതി, എനിക്ക് വല്യഇഷ്ടായി. എന്ത് പറയാനും ഒന്ന് ആലോചിക്കും മാഷ്.

ആദ്യരാത്രിതന്നെ താൻ പറഞ്ഞു 'ഗംഗേട്ടന്റെ കട്ടിമീശ സ്വഭാവുമായി ചേരില്ല.' 'അതുവ്വോ. ഇത് നീ നാട്ടാരോട് പറയണ്ട. എന്നെ ആളോൾക്ക് നല്ല പേടിയാ'. ആ നെഞ്ചിൽ തലവച്ചു കിടന്നപ്പോൾ എന്തോരു ധൈര്യം. പണ്ടൊക്കെ വിവാഹപൂർവം പ്രേമം, ഇപ്പോൾ പ്രേമത്തിന് ശേഷം വിവാഹം പിന്നെ പുതിയൊരു കാര്യം 'ബ്രേക്ക്അപ്പ്'.

പക്ഷെ, സ്നേഹമില്ലേൽ ഒന്നിച്ചു ജീവിച്ചോണ്ട് ഒരുകാര്യവുമില്ല. അത് താൻ അന്നും പറഞ്ഞിട്ടുണ്ട് ഇപ്പോളും പറയും. പക്ഷെ ഒന്നുകൂടി പറയാൻ തോന്നാറുണ്ട് 'പരസ്പരം അറിയാൻ യുഗങ്ങളൊന്നും വേണ്ട. പറ്റില്ലാന്ന് തോന്നിയാൽ പിരിയണം. പക്ഷെ അത് ഇതിലും മികച്ചത് കിട്ടാൻ വേണ്ടിയാവരുത്. പിന്നെ കാര്യങ്ങൾ തുറന്നു പറയണം. മാറുമെന്ന് തോന്നിയാൽ അല്പം സമയം കൊടുക്കണം. അവരാണ് മാറേണ്ടത്, താനല്ല എന്നത് മിഥ്യ. താനും അല്പം മാറേണ്ടതുണ്ട് എന്ന സത്യം തിരിച്ചറിയണം. ചെറിയ മാറ്റങ്ങൾ പലപ്പോഴും വലിയ സുഖങ്ങൾക്ക് ഇടവരുത്തും'.

ആളുകൾ വിളിക്കണകേട്ടിട്ടാകും ഞാനും 'മാഷെ' എന്ന് വിളിക്കാൻ തുടങ്ങിയത്. മാഷിന്റെ അമ്മ ശരിക്കും തന്റെകൂടി അമ്മയായി. രണ്ടാം കൊല്ലം 'അനന്തുമോനെ' പ്രസവിച്ചു. 'ഇനി ഒരു മോള്'. മാഷ്, വേണ്ടാന്ന് പറഞ്ഞു. നമ്മട സ്നേഹം പകുക്കേണ്ട. പിന്നെ അവർ തമ്മിൽ സ്നേഹിച്ചില്ലേൽ വലിയ പ്രയാസമാകും. മാഷ് തറപ്പിച്ചു പറഞ്ഞപ്പോൾ താനും സമ്മതി

ച്ചു. പിന്നെ മോളായില്ലെങ്കിലോ?

എങ്ങിനെ മുപ്പതുവർഷം പോയി ഒരോർമ്മയില്ലെനിക്ക്. ഗംഗേട്ടന്റെ സ്കൂളിൽ തന്നെ ജോലിമേടിച്ചു. വീട്ടിലെപ്പണികൾ. പറമ്പിലും പാടത്തും സഹായം, പിന്നെ സ്കൂളിലേക്ക് ഒരോട്ടമാണ്. ഒരു പക്ഷെ അത് തന്റെ ജീവിതത്തിലെ ഏറ്റവും നല്ല സമയം ആയിരിന്നു. അതുകൊണ്ടാവും പെട്ടെന്ന് പോയപോലെ. ആദ്യം അച്ഛൻ, അതുകഴിഞ്ഞു അമ്മ, പിന്നെ അവസാനം മാഷിന്റെ അമ്മയും. പെട്ടെന്ന് താൻ ഒറ്റക്കായപോലെ. അനന്തു അവന്റെ ലോകത്തിലും. മാഷിന് എപ്പോഴും തിരക്കാണ്. വായനശാലയും, അമ്പലക്കമ്മിറ്റിയും ഒക്കെ തന്നെ. വരുമാനത്തിന്റെ നല്ലൊരുഭാഗം ചില വാക്കിക്കളയും മാഷ്. പിന്നെ മറ്റുള്ളവരുടെ ബുദ്ധിമുട്ടുകേട്ടാൽ അലിഞ്ഞുപോകും മാഷിന്റെ ഹൃദയം. 'നമ്മളെപ്പോലുള്ളവർ സഹായിച്ചില്ലേൽ ആരാ പിന്നെ ഇവർക്കൊക്കെയുള്ളത്.' മാഷ് കൊടുത്തോളൂ. ഞാൻ ചോദിച്ചുന്നേയുള്ളു. എപ്പോഴും എന്റെ മാഷ് എനിക്കൊരഭിമാനമായിരുന്നു.

എഞ്ചിനീയറിംഗ് കഴിഞ്ഞു അനന്തുവിന് എറണാകുളത്തുള്ള ഇൻഫോപാർക്കിൽ ജോലി കിട്ടി. അവിടെയാവുമ്പോൾ പോയിവരാം. അവന് ബാംഗ്ലൂരിൽപോയി ജോലിനോക്കണം എന്നായിരുന്നു ആഗ്രഹം. മാഷ് ഉറപ്പിച്ചു പറഞ്ഞു. 'അമ്മയ്ക്ക് വേറെയാരും ഇല്ലെന്ന് ബോദ്ധ്യവുണ്ടാവണം. ഞാൻ എത്രനാൾ, അറിയില്ല. ഈ മാഷിന് എന്തായിത്? വെറുതെ മിണ്ടാതെ ഇരുന്നൂടെ? പക്ഷെ , രണ്ടുമാസം കഴിഞ്ഞില്ല. എന്റെ പെൻഷൻ പേപ്പർ ശരിയാക്കാൻ ആലുവയിൽ പോയതാ. ആരോ ഇവിടെ വിളിച്ചു പറഞ്ഞു. മാഷ് തലചുറ്റിവീണു. അപ്പുറത്തെ മുരളിക്കുട്ടന്റെ കൂടെയാണ് പോയത്. അവിടെ എത്തിയെപ്പോഴെക്കും... താൻ തളർന്നു പോയി. ഒന്നും ചെയ്യാൻ തോന്നണില്ല. പിന്നെ ദേവകി ടീച്ചറാണ് 'ദേവിയുടെ' ആലോചന കൊണ്ടുവന്നത്. നിങ്ങൾക്ക് ഒരു മാറ്റം വേണം.

നല്ല മുഖശ്രീയുള്ള കുട്ടി. ആദ്യമാത്രയിൽ എനിക്കിഷ്ടായി. അമ്മക്കിഷ്ടയാൽ പിന്നെ എനിക്കെന്തുവേണം എന്ന് അനന്തു. അങ്ങിനെ ദേവി ഞങ്ങളുടെ വീട്ടിലേക്കു വലതുകാൽ വച്ചുവന്നു. പാർട്ടിക്ക് വന്ന എല്ലാ 'ടീച്ചർമാരും' ഞങ്ങളെ കണ്ണുവച്ചു. സരോജിനി, നീ ഭാഗ്യവതിയാ, എത്ര നല്ല മോളെയാ കിട്ടിയത്. ആദ്യ നാലു ദിവസം ഉത്സവദിനങ്ങൾ. പിന്നെ ഒരാഴ്ച അവളുടെ വീട്ടിൽ. അവിടെ നിന്ന് വന്നപ്പോൾമുതൽ, അവൾക്ക് ആരോടോ ദേഷ്യം ഉള്ളപോലുള്ള പെരുമാറ്റം.

ഒരുദിവസം രാവിലെ ഏഴുമണിയായിക്കാണും. അന്ന് തന്റെ പക്കപ്പിറന്നാളായിരുന്നു. അമ്പലത്തിൽ ഒന്ന് പോകണം. ദേവിമോൾ ഒന്ന് എണീറ്റുവന്നെ. എനിക്കൊന്നമ്പലത്തിൽ പോകണം എന്ന് പറഞ്ഞു അവരുടെ മുറിയുടെ വാതിലിൽ തട്ടി. 'നിങ്ങടെ അമ്മയോട് അവിടെയെങ്ങാനും മിണ്ടാണ്ടിരിക്കാൻ പറ. എന്നെ ഭരിക്കാൻ വരേണ്ട' ഞെട്ടിപ്പോയി അന്ന്.

അവൾക്കു രാവിലെ വലിയ ഉറക്കമാ. 'അമ്മ' ശല്യപെടുത്തിയത് കൊണ്ട് പെട്ടെന്ന് പറഞ്ഞുപോയതായിരിക്കുമെന്ന് 'അനന്തു'.

പിന്നീടിങ്ങോട്ട് ഞാൻ എന്ത് ചെയ്താലും ദേവി കുറ്റം പറയും. എനിക്ക് 'എന്റെ ദേവീ' എന്ന് പറയുന്ന ഒരു ശീലം ഉണ്ടായിരിന്നു. പിന്നെ പിന്നെ എനിക്ക് അങ്ങിനെ പറയാൻ പേടിയായിത്തുടങ്ങി. 'കറികൾക്ക് ഒരു സ്വാദുമില്ല, നിങ്ങടമ്മോട് ഇത്തിരി വൃത്തിയിൽ വെയ്ക്കാൻ പറ' കേട്ടുകേട്ട് എനിക്ക് എന്നെ തന്നെ വെറുപ്പായിത്തുടങ്ങിയ നാളുകൾ. ശരിക്കും എന്തോ കുഴപ്പം എനിക്കുള്ളതുപോലെ. ഞാൻ എവിടെയും പോകാതെ ഉള്ളിലേക്ക് വലിഞ്ഞു.

ഒരു ദിവസം മുരളിക്കുട്ടൻ ഉച്ചക്ക് വന്നു വിളിച്ചു. 'സരോജിനി വല്യമ്മേ, എന്തൊക്കെയാണ് വിശേഷങ്ങൾ.അയ്യോ. വലിയമ്മ വല്ലാതായെയായിപ്പോയിലോ, എന്തെങ്കിലും അസുഖം ഉണ്ടോ? എന്റെ കയ്യിൽ കിടന്നു വളർന്ന അപ്പുറത്തെ വീട്ടിലെ ശാരദയുടെ മകൻ.

'എന്റെ പൊന്നുമോനെ, ആർക്കും ഇപ്പൊ വല്യമ്മേ വേണ്ടാതായി.

പതുക്കെ പതുക്കെ അവൻ കാര്യങ്ങൾ മനസ്സിലാക്കി. വലിയമ്മേ, ഞാൻ ഇപ്പോൾ ഇരിങ്ങാലക്കുടയിൽ ആണ് താമസം. 'എന്റെ അടുത്തവീട്ടിൽ ഒരു പ്രതാപൻ സാർ ഉണ്ട്. നമുക്ക് അദ്ദേഹത്തെ ഒന്ന് പോയി കാണണം. എന്തെങ്കിലും വഴി അങ്ങേരു പറഞ്ഞുതരാതിരിക്കില്ല. അനന്തുവേട്ടനും, ദേവിച്ചേച്ചിയും ഓഫീസിൽ പോയിക്കഴിഞ്ഞാൽ നമുക്കൊന്ന് പോയിക്കാണാം. അവർ തിരിച്ചുവരുമ്പോഴേക്കും മടങ്ങിവരാം.' അങ്ങിനെ ഞങ്ങൾ പ്രതാപൻ സാറിനെ കാണാൻ പോയി. നല്ല ചുറുചുറുക്കുള്ള തേജസ്സുള്ള ഒരാൾ. കണ്ടപ്പോൾ ഒരു എഴുപതു വയസ്സ് തോന്നി. 'ഒരുപാടു വായിച്ചിട്ടുണ്ട്. കഥകളും നോവലുകളും എഴുതിയിട്ടുണ്ട്. ഇത്രയൊക്കെയേ മുരളിക്കുട്ടൻ പറഞ്ഞുള്ളൂ.'

സരോജിനിക്കെന്താ ഇത്ര പ്രയാസം. നിങ്ങൾക്ക് ഒരു അറുപതിനായിരം രൂപയെങ്കിലും പെൻഷൻ ഉണ്ടാവില്ലേ? അസുഖങ്ങൾ ഒന്നും ഇല്ല . ഒരു റാണിയെപ്പോലെ കഴിയേണ്ടയാൾ തേങ്ങുന്നുവോ?

കഷ്ടം. നിങ്ങൾ എന്തിനാ അവിടെ തൂങ്ങിപ്പിടിച്ചു നിൽക്കുന്നത്. മക്കൾക്കു നമ്മളെ ആവശ്യമില്ലെങ്കിൽ നമ്മൾക്കും വേണ്ട എന്ന് വയ്ക്കണം. പറഞ്ഞുകേട്ടിടത്തോളം നിങ്ങളുടെ 'ദേവിയ്ക്ക്' എന്തോ മാനസിക രോഗമാണെന്ന് തോന്നുന്നു. കുറച്ചു ദിവസം നിങ്ങൾ അവിടെനിന്നു മാറിനിൽക്കൂ. നമുക്ക് നോക്കാം, എന്താണ് സംഭവിക്കുകയെന്ന്. 'എന്തൊരു ആജ്ഞാശക്തി. എനിക്ക് സമ്മതിക്കേണ്ടിവന്നു.'

അങ്ങിനെ പിറ്റേദിവസം തന്നെ ഞാൻ മുരളിക്കുട്ടന്റെ വീട്ടിലേക്കു വന്നു. അവൻ രാവിലെ ജോലിക്കുപോയാൽ ഞാൻ പ്രതാപൻ സാറിന്റെ വീട്ടിലേക്കു വരും. സാറും ചേച്ചിയുമായി എന്റെ ലോകം. അവിടെ നിറയെ പുസ്തകങ്ങൾ. സാറാണെങ്കിൽ മിക്കവാറും എഴുത്തുതന്നെ. പക്ഷെ എനിക്ക് പലകാര്യങ്ങളും പറഞ്ഞു തരും. ഒരു ദിവസം പ്രതാപൻ സാറാണ് പറഞ്ഞത്, അടുത്തുള്ള കൗൺസിലിങ് സെൻററിൽ ഡോക്ടർക്ക് ഒരു സഹായി വേണമെന്ന്. ഉച്ചവരയെ ഉള്ളൂ. നിനക്ക് ഒന്ന് പൊയ്ക്കൂടേ? 'ഞാൻ എന്ത് ചെയ്യാനാ,? അവിടത്തെ ഡോക്ടർ ജോസഫ് ജോൺ, സാറിന്റെ ഒരു സുഹൃത്തും. അങ്ങിനെ ഞാൻ അവിടെ പോകാൻ തുടങ്ങി. വരുന്ന രോഗികളുടെ വിവരം ചോദിച്ചു കമ്പ്യൂട്ടറിൽ എന്റർ ചെയ്യണം. പിന്നെ അവരുടെ വ്യക്തിവിവരങ്ങളും. ആദ്യം ആദ്യം അല്പം ബുദ്ധിമുട്ടി. പിന്നീട് അത് ഒരു രസമുള്ള ജോലിയായി മാറി.

എന്തൊക്കെയാ ആളുകളുടെ പ്രശ്നങ്ങൾ. പിന്നെ രോഗികൾ പോയിക്കഴിയുമ്പോൾ ഡോക്ടറുമായി ഞാൻ അവരെപ്പറ്റി സംസാരിക്കും. എനിക്ക് ഇത് ഒരു പുതിയലോകം തുറന്നത് പോലെയായി. പലപ്രാവശ്യം അനന്തു ഫോണിൽ വിളിച്ചു വരാൻ പറഞ്ഞു. ഒന്നുരണ്ടു തവണ നേരിട്ടും. ഒരു ദിവസം രാവിലെ തന്നെ അവന്റെ ഫോൺ. 'എന്തുപറ്റിയാവോ'? 'അവൾ എന്നോട് വഴിക്കിട്ട് അവളുടെ വീട്ടിലേക്കു പോയി'. എനിക്ക് തോന്നുന്നത് അവൾക്ക് എന്തോ കുഴപ്പം ഉണ്ടെന്നാണ്. അയ്യോ എന്ത് ചെയ്യും?. അനന്തുവും അവളും സുഖമായി ജീവിക്കട്ടെ എന്ന് കരുതിയാണ് താൻ മാറിക്കൊടുത്തത്. 'കഷ്ടമായിപ്പോയിലോ?'

എന്തായാലും ജോസഫ് സാറിനോട് ഒന്ന് പറയാൻ തീരുമാനിച്ചു. പല രോഗികളയേയും സരോജിനി ടീച്ചർ കണ്ടതല്ലേ? എന്ത് തോന്നുന്നു? ഡോക്ടർ തിരിച്ചുചോദിച്ചപ്പോൾ ഞാൻ ആദ്യമൊന്ന് പരിഭ്രമിച്ചു. 'കുട്ടിക്കാലത്തു അവളുടെ വീട്ടിലോ അതല്ലെങ്കിൽ അവൾ കേട്ട കഥയിലോ, സിനിമയിലോ ഉള്ള എന്തെങ്കിലും സംഭവം അവളുടെ ഉപബോധമനസ്സിനെ സ്വാധീനിച്ചിട്ടുണ്ടാവണം. അത് തന്റെ ജീവിതത്തിലും സംഭവിക്കും എന്ന ധാരണ കൊണ്ട് ഇങ്ങിനെ വരുമോ ഡോക്ടർ എന്ന് ഞാൻ ചോദിച്ചു.

ഡോക്ടർ പറഞ്ഞു, ടീച്ചർ ഇപ്പോൾ നല്ല ഒരു മാനസികരോഗ വിദഗ്ദയായല്ലോ? എനിക്കും അത്

തന്നെയാണ് തോന്നുന്നത്. ചിലപ്പോൾ അവളെ ആരെങ്കിലും ഇൻഫ്ളുവെൻസും ചെയ്യുന്നുണ്ടാവാം. ഡോക്ടർ ഇനീപ്പോ നമ്മൾ എന്താ ചെയ്യുക . ഞാൻ ഇങ്ങോട്ടേക്ക് കൊണ്ടുവന്നാലോ? 'അത് വേണ്ട. ടീച്ചർ ഒന്ന് പോയി അവരെ കാണൂ. എന്നിട്ടു നമ്മൾക്ക് തീരുമാനിക്കാം.

അങ്ങിനെ അല്പം ഭയത്തോടെ ഞാൻ ദേവിയുടെ വീട്ടിലേക്കു യാത്രയായി. എന്നെ കണ്ടതും, ദേവി ഓടിക്കൊണ്ടു വന്നു. അവൾ എന്നെ ആദ്യമായി കെട്ടിപ്പിടിച്ചു. കുറ്റബോധം കൊണ്ട് അവളുടെ മനസ്സ് കലുഷിതമായി എന്ന് എനിക്ക് മനസ്സിലായി. അവളുടെ അമ്മയും വന്നു.

ചേച്ചി , ഞാനാണ് എല്ലാ കുഴപ്പവും ഉണ്ടാക്കിയത്. എന്റെ ജീവിതം മുഴുവനും ഞാൻ എന്റെ ഭർത്താവിന്റെ അമ്മയിൽ നിന്നും പീഡനം അനുഭവിച്ചു. അതുകൊണ്ടുതന്നെ, എന്റെ മകൾക്കും അത് സംഭവിക്കും എന്ന് ഞാൻ കരുതി. അങ്ങിനെയാണ് ദേവി ചേച്ചിയോട് പരുഷമായി പെരുമാറിയത്. നിങ്ങൾ വീടുവിട്ടു പോയപ്പോൾ മുതൽ അനന്തു അവളെ കുറ്റപ്പെടുത്താനും തുടങ്ങി. അത് ഇവളെ കൂടുതൽ കുഴപ്പത്തിലാക്കി. ചേച്ചി എന്നോട് ക്ഷമിക്കണം. ഞാൻ, ദേവിയെ ചേർത്തുപിടിച്ചു.

എന്തുനല്ല അമ്മയെയാണ് ദൈവം എനിക്ക് തന്നത്. അവൾ കണ്ണീരോടെ പറഞ്ഞു. ഞങ്ങൾ എല്ലാവരും കൂടി ജോസഫ് സാറിനെ കാണാൻ വന്നു. 'മനുഷ്യന് രണ്ടു മനസ്സുകൾ ഉണ്ട്. ബോധമനസ്സും, ഉപബോധ മനസ്സും. ഇവ പരസ്പരം സ്വാധീനിക്കും. ബോധമനസ്സിലെ ചില കാര്യങ്ങൾ ഉപബോധമനസ്സിൽ പതിഞ്ഞു കഴിഞ്ഞാൽ അത് ഒരുവനിൽ വലിയ സ്വാധീനം ചെലുത്തും. ദേവിയുടെ അമ്മക്കുണ്ടായ അനുഭവം നിങ്ങളെ അങ്ങിനെ സ്വാധീനിച്ചു. അതാണ് നിങ്ങൾ ഇങ്ങിനെ പെരുമാറാൻ കാരണം ദേവിക്ക് വേറെ ഒരു പ്രശ്നവുമില്ല.

പക്ഷെ ദേവിയുടെ ഈ പ്രവർത്തികാരണം, നമ്മുക്ക് ഒരു നല്ല ഒരു മാനസികാരോഗ്യ പ്രവർത്തകയെയാണ് കിട്ടിയിരിക്കുന്നത് സരോജിനി ടീച്ചർ, നിങ്ങൾ നാട്ടിൽ തിരിച്ചു പോയാലും കൗൺസിലിങ് തുടരണം. കൗൺസിലിങ് സൈക്കോളജിയിൽ ഒരു ഡിപ്ലോമ എടുത്തിട്ട് ആളുകളെ നന്നായി ജീവിക്കാൻ സഹായിക്കണം. അങ്ങിനെ എന്റെ വീട് ഇന്ന് ഒരു കൗൺസിലിങ് സെന്റർ ആണ്. ദേവിയാണ് എന്റെ വലംകൈ. പിന്നെ ഒരു വിശേഷം. ഒരു പുതിയ അതിഥികൂടി ഞങ്ങളുടെ കുടുംബത്തിലേക്ക് വരാൻപോകുന്നു. ■

---

(21-ാം പേജിന്റെ തുടർച്ച...)

ന്നയാൾ നൃത്തം ചെയ്യും. കൃഷ്ണനും ബലഭദ്രനും ചേർന്ന തൃച്ചംബരത്തെ തിടമ്പെഴുന്നള്ളിപ്പും നൃത്തവും ഏറെ പ്രസിദ്ധമാണല്ലോ? ആയില്യം നാൾ പ്രസിദ്ധമായ കടലായി ശ്രീകൃഷ്ണക്ഷേത്രത്തിലേക്കും ശിവേശ്വരത്തേക്കും മകത്തിന് യക്ഷിക്കോട്ടയിലേക്കും പൂരത്തിന് മുളവളം ശിവക്ഷേത്രത്തിലേക്കും എഴുന്നള്ളിച്ച് പോകും പൂരത്തിന്റെ പിറ്റേന്ന് വെളുപ്പിന് ചിറക്കൽ ചിറയിലാണ് ആറാട്ട്, പൂരോത്സവം പോലെ പ്രധാനപ്പെട്ടതാണ് ഇടവത്തിലെ തെയ്യമഹോത്സവം. ഉത്തരമലബാറിലെ അവസാനത്തെ തെയ്യാഘോഷമാണ് ഇവിടുത്തേത്. ഇരുപത്തിഒന്നേ കാൽ അടി ഉയരവും ഏറ്റവും ഭാരവും ഉള്ളതാണ് ഭഗവതിയുടെ തിരുമുടി. കൂടെ ആറു ഭഗവതിമാരുടെ തെയ്യങ്ങളും ഉണ്ടാവും.

കന്നി മാസത്തിൽ നവരാത്രി തുലാത്തിലെ കളത്തിലരി പാട്ട്, മണ്ഡല പൂജക്കാലത്ത് വൃശ്ചികത്തിൽ മുപ്പത് ദിവസം വാളെഴുന്നള്ളിപ്പ് ധനു ഒന്നു മതൽ പാട്ടുത്സവം എന്നിങ്ങനെ നിരവധി ആഘോഷങ്ങൾ കളരിവാതിൽക്കൽ ക്ഷേത്രത്തിൽ ഉണ്ട്. കണ്ണൂരിൽ നിന്ന് വടക്കോട്ട് ഹൈവേക്ക് സമീപമാണ് കളരി വാതിൽക്കൽ എന്നതിനാൽ കണ്ണൂരിലെ പ്രധാന ക്ഷേത്രങ്ങളിലൊന്നാണ് ഇത്. പിടാടർമാരുടെ വടക്കേ ഇല്ലം, താഴത്തില്ലം, കിഴക്കേ ഇല്ലം, പായാരത്ത് ഇല്ലം എന്നീ കുടുംബക്കാർക്കാണ് ശാന്തി അവകാശം. തന്ത്രം പ്രസിദ്ധമായ കാട്ടുമാടം മനക്കും.

(തുടരും....)



ॐ

**ജ്യോതിഷാചാര്യൻ: ജി.കെ. മേനോൻ**

**1200 – മകര മാസഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 8848036518, 9645683491**



(**മേടക്കൂർ:** അശ്വതി ഭരണി കാർത്തിക ആദ്യ പാദം) പൊതുവെ മാസം അനുകൂലമായിരിക്കും. ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂലമായ സാഹചര്യം ഉണ്ടാകും. വാഹനം വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്ക് ആഗ്രഹ പൂർത്തീകരണത്തിന് സാധ്യത ഉണ്ട്. ജറുവരി 24, 25 തിയതികൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ ആ ദിവസങ്ങളിൽ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും പ്രത്യേകം ശ്രദ്ധ ചെലുത്തേണ്ടത് നല്ലതാണ്. ശ്രീകൃഷ്ണ ദ്വാദശാക്ഷരി ചൊല്ലുന്നത് നല്ലതാണ്



(**ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം രോഹിണി മകയിരം ആദ്യപകുതി) പൊതുവേ ഈശ്വരാനുകൂലത ഉള്ള കാലമാണ്. വിഷ്വൽ മീഡിയയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്കും സർക്കാർ സഹായത്തോടെ വീടിന് ശ്രമിക്കുന്നവർക്കും കാലം ഗുണകരമാണ്. മുൻ കോപവും വാക്കും നിയന്ത്രിക്കണം. ജനുവരി 27, 28 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ സൽകർമ്മങ്ങൾക്ക് വർജിക്കണം.. മഹാലക്ഷ്മി പ്രീതികരമായ വഴിപാടുകൾ നടത്തുക .



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം). ശത്രുക്കളിൽ നിന്നും വ്യവഹാരങ്ങളിൽ നിന്നും ലാഭം പ്രതീക്ഷിക്കാം. യാത്രകളിൽ നിന്നും മാനസിക ഉല്ലാസവും നേട്ടങ്ങളും ലഭിക്കും. സ്വദേശം വിട്ട് മാറി താമസിക്കാനുള്ള സാഹചര്യം ഉണ്ടാകാം. ഉഷ്ണരോഗങ്ങൾ പ്രയാസപ്പെടുത്തും. ജനുവരി 29, 30 തിയതികൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.



(***കർക്കിടക്കൂർ:*** പുണർതം അവസാന പാദം പൂയം, ആയില്യം) മേലധികാരികളിൽ നിന്നും സർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്ന സഹായങ്ങൾ ലഭ്യമാകും.പൗരാണികമായ സ്വത്ത് കൈവശം വന്ന് ചേരും. പഴയ വാഹനങ്ങൾ വിൽക്കുവാൻ ശ്രമിക്കുന്നവർക്ക് കാര്യസാധ്യമുണ്ടാകും. ജനുവരി 31, ഫെബ്രുവരി 1 , ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ശാസ്താ ക്ഷേത്ര ദർശ്ശനം നടത്തി നീരാഞ്ജന വിളക്ക് കത്തിക്കുകയും സർപ്പ പ്രീതി വരുത്തുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഗുണകരമാകും




(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽ) പൂർവ്വികമായ വസ്തുക്കളുടെ ലാഭം പ്രതീക്ഷിക്കാം. പല കാര്യങ്ങൾക്കു തീരുമാനമെടുക്കുവാൻ പ്രയാസപ്പെടും. വിവാഹത്തിനുള്ള അനുകൂല സാഹചര്യങ്ങൾ ഒത്തു വരും. ഫെബ്രുവരി 23 ദിവസങ്ങൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങളായതിനാൽ അന്നേ ദിവസം സൽകർമ്മങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ഗണപതി പ്രീതിതികരമായ മന്ത്രജവവും വഴിപാടുകളും നടത്തുന്നത് നല്ലതാണ്.



(**കന്നിക്കൂർ:** ഉത്രം അവസാന മൂന്നാം പാദം അത്തം, ചിത്തിര ആദ്യ പകുതി) കർമ്മരംഗത്ത് കലഹങ്ങൾക്കും അഭിപ്രായ ഭിന്നതക്കും സാധ്യതയുണ്ട് മനസംഘർഷം രൂക്ഷമാകാതിരിക്കാൻ അറിഞ്ഞ് പെരുമാറുക. ഈശ്വരാനുകൂലത പ്രശ്നങ്ങളെ അതി ജീവിക്കുവാൻ സഹായിക്കും. ഫെബ്രുവരി 4, 5 ദിവസങ്ങൾ അനുകൂലമല്ല. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും ദേവീ പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുക.



(**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന് പാദം.) സ്വത്തിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. വിവാഹ കാര്യത്തിൽ അനുകൂല തീരുമാനങ്ങൾ ഉണ്ടാകും. സർക്കാർ സഹായത്തോടെ ഗൃഹനിർമ്മാണത്തിന് ശ്രമിക്കുന്നവർക്ക് കാര്യസിദ്ധി ഉണ്ടാകും. ഫെബ്രുവരി 6, 7 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.




(**വൃശ്ചികക്കൂർ:** വിശാഖം അവസാന പാദം, അനിഴം, തൃക്കേട്ട) ധനപരമായ പ്രശ്നങ്ങൾ നേരിടുന്നവർക്കും വിദ്യാ തടസ്സം അനുഭവിക്കുന്നവർക്കും പ്രതിസന്ധികളെ അതിജീവിക്കുവാൻ കരുത്ത് ലഭിക്കും.വിദേശവുമായി ബന്ധപ്പെട്ട ധന വിഷയങ്ങളിൽ അനുകൂലമായ സാഹചര്യമൊരുങ്ങും, ഫെബ്രുവരി 8, 9 തിയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ശുഭകരമല്ല. വ്യാഴാഴ്ച ദിവസങ്ങളിൽ വിഷ്ണു പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(**ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യ പാദം. ) കഴിവ് പ്രകടിപ്പിക്കേണ്ട സന്ദർഭങ്ങളിൽ മികവ് പുലർത്താൻ സാധിക്കും. സാഹിത്യ കലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർക്ക് പുരസ്ക്കാരങ്ങളും ധനപരമായ ലാഭവും പ്രതീക്ഷിക്കാം. ദാമ്പത്യ കലഹത്തിനും അഭിപ്രായ വ്യത്യാസത്തിനും സാധ്യത ഉണ്ട്. ഫെബ്രുവരി 11, 12 തിയതികൾ ശുഭകാര്യാരംഭത്തിന് സ്വീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം തിരുവോണം, അവിട്ടം ആദ്യ പകുതി) പ്രവർത്തന രംഗത്ത് നിന്നും സാമ്പത്തികം നേട്ടം പ്രതീക്ഷിക്കാം. ബന്ധുജനങ്ങളുമായുള്ളതും, കർമ്മരംഗത്ത് ഉള്ളതുമായ പ്രതിസന്ധി ബുദ്ധി പൂർവ്വമായ നിക്കങ്ങളിലൂടെ പരിഹരിക്കുവാൻ സാധിക്കും. അപ്രതീക്ഷിത ധനലാഭത്തിന് സാധ്യത ഉണ്ട്. ജനുവരി 17 , 18 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി ചതയം, പൂരുരുരുട്ടാതി ആദ്യ മൂന്ന് പാദം) സന്താനങ്ങളെ കൊണ്ട് നേട്ടങ്ങൾ ഉണ്ടാകും. പ്രവർത്തന രംഗത്ത് നിന്ന് ലാഭം പ്രതിക്ഷിക്കാം. വീട് പുതിക്കി പണിയാനോ വാഹനം സ്വന്തമാക്കാനോ ശ്രമിക്കുന്നവർക്കും ആഗ്രഹ സഫലീകരണമുണ്ടാവും ജനുവരി 19, 20 തിയതികൾ പ്രായേണ ഗുണം കുറയും. വൈഷ്ണവ ക്ഷേത്ര ദർശ്ശനം നടത്തുന്നതും ലക്ഷ്മി നാരായണ പൂജ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി, രേവതി) സ്വന്തം പരിശ്രമത്തിലൂടെ ധനലാഭം ഉണ്ടാക്കും. വിദ്യാർത്ഥിക്കൾക്ക് കഠിന പരിശ്രമത്തിലൂടെ ഉന്നത നേട്ടങ്ങൾ നേടാൻ കഴിയും. പ്രണയ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തു. പുതിയ ബന്ധങ്ങൾ ഉണ്ടാകും. ശത്രുക്കളുടെ ശ്രമങ്ങളെ തകർത്ത് അംഗീകാരം നേടും. എന്നാലും കലഹത്തിന്റെ നടുക്കായിരിക്കും എപ്പോഴും ചെന്നെത്തുക. ജനുവരി 21, 22 ദിവസങ്ങൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ സൽകർമ്മങ്ങൾക്ക് ഈ ദിവസങ്ങൾ ഒഴിവാക്കുക. ശിവ പ്രീതിയും വഴിപാടും സർപ്പപ്രീതികരങ്ങളായ മന്ത്രജപവും നടത്തുന്നത് നല്ലതാണ്

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***



# MANGALYAM MATRIMONIAL

for the better half of your life....



## വധുവിനെ ആവശ്യമുണ്ട്

Nair Boy, 27/167cm, Bharani, B.Tech Computer Science, Cognizant Technology Solutions (CTS), Mob:9946537263

Email:ashokkumarvg1963@gmail.com
Date of Birth: 3 June 1997- 10:42 am
Sishta Dasa: shukra - 6-0-0

| | | | | | |
|---|---|---|---|---|---|
| | മ ശി | ച ബു | ര | ശു | |
| മ മാ | | ഗ്രഹനില & അംശകം | | ല | ശി |
| സ | ഗു | | | കു | ഗു |
| ല | | | | സ മാ | |
| | ശു ബു | ച | | | |

Contact Address:
Ashok Kumar V. G
Vadakkumana Madhavam,
Pullachal road , Manjummel P O,
Eloor, Ernakulam, Kerala - 683501

Nair Boy, 28/177cm, Chathayam, B.Com, Business Owner / Entrepreneur Pharmaceutical Distribution, Pref: Graduate, Mob: 9072176541, 9562912452

Email:dssharanya28@gmail.com
Date of Birth:7-6-1996(4.21pm
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | | ല | | മാ | |
| | മ ശി | | ര ബു കു ശു | മാ | |
| | ച | ഗ്രഹനില & അംശകം | | | ര സ |
| ച ബു ശി കു | | | | | |
| | ഗു | | ല | സ | ശു |
| | | | ഗു മ | | |

Contact Address:
MR.SANKARANARAYANAN
SHARANYA HOUSE
VALUMMEL ROAD
TRIPUNITHURA- 682301

Nair Boy, 28/167cm, Pooram,B.Tech Frontend Developer,Pref: Graduate/PG Mob: 9447232417

Email:umadutths@gmail.com
Date of Birth:10-1-1996(4.30pm)
Sishta Dasa:Sukra 15-9-16

| | | | | | |
|---|---|---|---|---|---|
| | | ബു | മ | ഗു | |
| | ശി മാ | | | ല | |
| മാ | ശു മ | ഗ്രഹനില & അംശകം | | | |
| | കു ബു | | | ച | ച |
| | ര ഗു | | | സ | |
| | | ര | ശു ല | സ | |

Contact Address:
MR.SATHYAN K
KAIPILLIL HOUSE
AIRAPURAM P O
ERNAKULAM 683541

## വരനെ ആവശ്യമുണ്ട്

Nair Girl,25/165cm, Thrikketta, B.Tech, Information Technology (IT), Cyber security specialist, Pref: Boys settled abroad from upper middle class,
Mob: +971569959466, 00918606060920

Email: pvbalamurali@hotmail.com
Date of Birth: 17-9-1999 (11.52am)
Sishta Dasa: Budha 07-10-1

| | | | | | |
|---|---|---|---|---|---|
| | ബു | | | ശി | |
| | | ഗു മ | | | |
| ച ശു | | ഗ്രഹനില & അംശകം | | ശു സ | ഗു |
| ര ല | ശി | | | | |
| സ | | ല ച കു | മാ | ര ബു | |
| | | മാ കു | മ | | |

Contact Address:
MR. BALAMURALI
ABU DHABI, UAE

Nair Girl, 29/160cm, Revathy, B.Tech (Electronics & Communication), Private job in Bangalore (Associate Consultant), Upper middle class, Native Ernakulam, Pref: Mob: 9847803788

Email:sasipmundolil@yahoo.co.in
Date of Birth: 12-09-1995 (3.29am)
Sishta Dasa: Buda - 01-01-16.18

| | | | | | |
|---|---|---|---|---|---|
| | | | ശി മാ | മ | |
| ച | ച | ശി മാ | | | |
| | മ | ഗ്രഹനില & അംശകം | | ല | ബു |
| ശു | | | | ര | |
| കു | | ഗു | കു സ | ബു ശു | |
| | | ല ഗു ര സ | | | |

Contact Address:
EDAPPALLY, KOCHI - 682024



**ഓം നമഃ ശിവായ**

## എറണാകുളം ശിവക്ഷേത്ര ഉത്സവം 2025

**കൊടിയേറ്റ്**
**02.02.2025**
**ഞായറാഴ്ച**



**ആറാട്ട്**
**09.02.2025**
**ഞായറാഴ്ച**

**ഫെബ്രുവരി 2 മുതൽ 9 വരെ (1200 മകരം 20 മുതൽ 27 വരെ)**

**02-02-25 ഞായറാഴ്ച**
രാവിലെ 5 മണി മുതൽ **പരികലശാഭിഷേകം**
6 മണി മുതൽ **ബ്രഹ്മകലശാഭിഷേകം**
വൈകിട്ട് 6-ന് കൊടിക്കയർ വരവ് എതിരേൽപ്പ്
രാത്രി 7നും 8നും മദ്ധ്യേ **തൃക്കൊടിയേറ്റ്**

**07-02-25 വെള്ളി**
രാവിലെ 11 മുതൽ ഉത്സവ ബലി ദർശനം
വൈകിട്ട് 4.30 മുതൽ ദേശനാഥന്റെ പറപ്പുറപ്പാട്
രാത്രി 11.30-ന് **ചെറിയ വിളക്ക്**

**08-02-25 ശനി**
വൈകിട്ട് പതിവുപോലെ ദിവാൻസ് റോഡിൽ നിന്നും മേജർസെറ്റ് പഞ്ചവാദ്യത്തിന്റെയും നാദസ്വരത്തിന്റെയും അകമ്പടിയോടെ **പകൽപ്പൂരം** ആരംഭിക്കുന്നു ദർബാർ ഹാൾ ഗ്രൗണ്ടിൽ എറണാകുളത്തപ്പൻ സ്വർണ്ണക്കോലത്തിൽ എഴുന്നെള്ളി ദർശനം നൽകുന്നു വൈകിട്ട് 8.30-ന് കരിമരുന്നു പ്രയോഗം
**വലിയവിളക്ക്**
**പള്ളിവേട്ട**

**09-02-25 ഞായർ**
വൈകിട്ട് 7-ന് കൊടിയിറക്കം ശേഷം **ആറാട്ട് പുറപ്പാട്**
വൈകിട്ട് 9-ന് ആറാട്ട് എഴുന്നെള്ളിപ്പ്
വെളുപ്പിന് 3-ന് ആറാട്ട് എതിരേൽപ്പ്
**വെടിക്കെട്ട്**

ERNAKULAM KARAYOGAM
CENTENARY
1925-2025


Radheyam
GUEST HOUSE
ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസ്
തെക്കേനട, കാരക്കാട്ട് റോഡ്, ഗുരുവായൂർ - 680101
എറണാകുളം കരയോഗത്തിന്റെ ഗുരുവായൂർ രാധേയം ഗസ്റ്റ് ഹൗസിൽ സൗകര്യപ്രദമായ 36 മുറികൾ, വിശാലമായ പാർക്കിംഗ് സൗകര്യം, വിവാഹ ആവശ്യങ്ങൾക്കും മറ്റുമായി വിശാലമായ രണ്ടു ഹാളുകൾ എന്നിവ ലഭ്യമാണ്
ബുക്കിങ്ങിനായി വിളിക്കുക: 0487-2504700, 8547871161, 9446365116

DATE OF PUBLICATION: 10-01-2025

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2025-27

Volume No. 17 JANUARY 2025 Issue No. 01

**എറണാകുളം കരയോഗം**
**സാംസ്ക്കാരികവേദി**

**അകായിലെ സംഗീതം**



**S.P. Balasubrahmanyam Songs (Solos and Duets)**

ജനുവരി 19 ഞായറാഴ്ച
വൈകുന്നേരം 4.00 മണിക്ക്
ടി. ഡി. എം. ഹാളിൽ

ഏവർക്കും സ്വാഗതം

**എറണാകുളം കരയോഗം**
**സാഹിതി യോഗം**

ദി മങ്ക് ആസ് മാൻ
സ്വാമി വിവേകാനന്ദനെ
കുറിച്ച് ശങ്കർ എഴുതിയ
കൃതിയുടെ ചർച്ച



അവതരണം:
**രവി കുറ്റിക്കാട്**

2025 ജനുവരി 26
ഞായറാഴ്ച
വൈകുന്നേരം 3.30 – ന്
ടി.ഡി.എം. ഹാളിൽ

ഏവർക്കും സ്വാഗതം

**ബീം**
**ജനുവരി മാസ പരിപാടി**



പ്രശസ്ത നാടകകൃത്ത്
പരേതനായ കാവാലം
നാരായണപ്പണിക്കരുടെ

**നാടകം**

**'KALI' (കലി)**

Date: 28-01-2025
Tuesday / 6.30 p.m
Venue:
TDM Hall Ernakulam

ഏവർക്കും സ്വാഗതം

**എറണാകുളം കരയോഗം**
**ഹെറിറ്റേജ് ഗ്രൂപ്പ്**



ആൾ ഇന്ത്യ കൊങ്കിണി
പരിഷത്തിന്റെ വൈസ്
പ്രസിഡന്റും, സാഹിത്യ
അക്കാദമി അവാർഡ്
ജേതാവുമായ ശ്രീ.
ആർ.എസ്. ഭാസ്കറിന്റെ

**പ്രഭാഷണം**

Topic:
Heritage of Kerala Konkinis

ജനുവരി 18 ശനിയാഴ്ച
വൈകുന്നേരം
4.00 മുതൽ 6.00 വരെ
ടി.ഡി.എം. ഹാളിൽ

ഏവർക്കും സ്വാഗതം

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.